അടിസ്ഥാനവും ആനന്ദവും

ഓർത്തഡോക്സ് ദർശനങ്ങൾ

ചില കുറിപ്പുകൾ

(Malayalam)

Adisthanavum Aanandavum

Orthodox Darsanangal: Chila Kurippukal

Fr. Dr. Bijesh Philip

First Edition : November 2025

Published by : Sophia Books, Kottayam Mob: 70122 70083

Type Setting &
Printing : Sophia Print House, Kottayam

Rs. 100/-

അടിസ്ഥാനവും ആനന്ദവും

ഓർത്തഡോക്സ് ദർശനങ്ങൾ
ചില കുറിപ്പുകൾ

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്



സോഫിയാ ബുക്സ്
കോട്ടയം

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

കോട്ടയം ഓർത്തഡോക്സ് സെമിനാരി ഫാക്കൽറ്റി അംഗമാണ്.

'ദി മലങ്കര സഭ' ഇംഗ്ലീഷ് ക്വാർട്ടർലിയുടെയും
കോട്ടയം ഭദ്രാസനത്തിന്റെ ഔദ്യോഗിക മാസികയായ
'സത്യ ദീപ്തി'യുടെയും എഡിറ്ററായും,
സോപാന ഓർത്തഡോക്സ് അക്കാദമിയുടെ
അസോസിയേറ്റ് ഡയറക്ടറായും സേവനമനുഷ്ഠിക്കുന്നു.

2019 വരെ ഒരു ദശാബ്ദക്കാലം സെന്റ് തോമസ് ഓർത്തഡോക്സ്
തിയോളജിക്കൽ സെമിനാരിയുടെ പ്രിൻസിപ്പലായിരുന്നു.

കൃതികൾ: St. Basil the Great and the Globalized India,
Christian Faith and Global Peace, A Sojourn with the Saviour,
Theosis and Mission, ഒരു തീവണ്ടിക്കഥ, സമാധാനം നമ്മോടു കൂടെ.

Email: bijesh.philip@gmail.com

ആമുഖം

ദ്രുതഗതിയിലുള്ള മാറ്റങ്ങൾ സംഭവിക്കുന്ന കാലത്ത് സുസ്ഥിരമായ അടിസ്ഥാനം അറിയുകയും അനുഭവിക്കുകയും ചെയ്യേണ്ടതിന്റെ അനിവാര്യത ഇവിടെ ഓർമ്മിക്കുകയാണ്. വെള്ളത്തിലും മണൽ കൂമ്പാരത്തിലും നടന്നു കുഴയുന്ന മനുഷ്യർക്ക് പാറയിലോ കോൺക്രീറ്റ് പ്രതലത്തിലോ നടക്കും പോലെ ജീവിതം ക്രമീകരിക്കുവാനുള്ള ചെറു വേദവിചാരങ്ങളാണ് ഈ പുസ്തകത്തിൽ. ക്രിസ്തു തന്നെ കുറിച്ച് തന്നെ അങ്ങനെയൊരു അടിസ്ഥാനം എന്നും (വി. മത്തായി 21:42) തന്റെ ആഗമനോദ്ദേശ്യം ആനന്ദദായകം (വി യോഹന്നാൻ 15:11) എന്നും പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. 'അടിസ്ഥാനവും ആനന്ദവും' എന്ന ശീർഷകം രൂപപ്പെട്ടത് ഈ വെളിച്ചത്തിലാണ്. ആ സുസ്ഥിര അടിസ്ഥാനത്തിൽ വ്യക്തികൾക്കും സമൂഹത്തിനും സന്തോഷിക്കുവാൻ സഹായിക്കുന്ന ഓർത്തഡോക്സ് ക്രിസ്തീയ വിശ്വാസത്തിന്റെ ചുരുക്കം ചില അടിസ്ഥാന ദർശനങ്ങളുടെ ഒരു പുനർ വായനയ്ക്കു ശ്രമം നടത്തുകയാണ് ഇതിലെ ലേഖനങ്ങളിലൂടെ. ഇതു സാധ്യമാക്കിയ ദൈവകൃപയെ നന്ദിയോടെ ഓർക്കുന്നു.

ഈ പുസ്തകം കൂടുതൽ പേരിലേക്ക് എത്തിക്കുവാൻ സഹായിച്ച ശ്രീ. പി. കെ. ജേക്കബ്, ശ്രദ്ധയോടെ വായിച്ച് പരിഷ്കാരങ്ങൾ വരുത്തിയ ശ്രീ. വർഗീസ് ഡാനിയേൽ, ഇതു സാക്ഷാത്കരിക്കുവാൻ അത്യധ്വാനം ചെയ്ത സോഫിയാ ബുക്സിന്റെ ചുമതലക്കാരനായ സ്നേഹിതൻ ശ്രീ. ജോയ്സ് തോട്ടയ്ക്കാട് എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു; വായിക്കുന്നവരോടും.

ബിജേഷ് ഫിലിപ്പ് അച്ചൻ

ഉള്ളടക്കം

1

സ്വാതന്ത്ര്യവും സഫലതയും പകരുന്ന ഓർത്തഡോക്സ് ക്രിസ്തീയ വിശ്വാസം: ഒരു സംക്ഷിപ്ത വിവരണം

സ്വന്തം കുടുംബത്തിന്റെ വേരുകൾ അന്വേഷിക്കുന്നത് വിഭജനത്തിന്റെ മൂല്യം കൂട്ടുവാനല്ല മറിച്ച് സത്യം അറിയുവാനും അതിൽ വളർന്ന് സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സാക്ഷ്യം നിർവഹിക്കുവാനുമാണ്. ഈ ഉദ്ദേശ്യത്തോടെയാണ് ഓർത്തഡോക്സ് സഭയെയും അതിന്റെ അടിസ്ഥാന വിശ്വാസങ്ങളെയും അന്വേഷിച്ചറിയുന്നത്.

ഓർത്തഡോക്സ് എന്ന വിശേഷണം സത്യ ആരാധനയോട് ബന്ധപ്പെട്ടതാണ്. സത്യ വിശ്വാസവും സഭയുടെ സത്യാരാധനയും വളരെ ബന്ധപ്പെട്ടതാണ്. ആദിമുതലേ സഭയുടെ ഔദ്യോഗിക ആരാധനയിലെ പങ്കാളിത്തത്തിന്റെ ഒരു പ്രധാന അടിസ്ഥാനം തന്നെ സത്യവിശ്വാസമായിരുന്നു. സത്യവിശ്വാസം ഉൾക്കൊള്ളുന്നവരും മാമോദീസാ സ്വീകരിച്ചവരുമാണല്ലോ സഭയുടെ ആരാധനയിൽ സംബന്ധിക്കുവാൻ അർഹതയുള്ളവർ. അതുകൊണ്ടു 'ഓർത്തഡോക്സ്' സത്യവിശ്വാസത്തെ സംബന്ധിക്കുന്ന പദമായും മനസിലാക്കാം.

ഓർത്തഡോക്സ് സഭാകുടുംബത്തിൽ തന്നെ രണ്ടു വിഭാഗങ്ങളുണ്ട്. നിഖ്യാ (എ.ഡി. 325), കുസ്തന്തീനോപോലീസ് (എ.ഡി. 381), എഫേസൂസ് (എ.ഡി. 431) എന്നീ ആദ്യ മൂന്നു സാർവത്രിക സുന്നഹദോസുകളും അവിഭജിത സഭയുടെ വിശ്വാസം ക്രോഡീകരിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ നാലാമത് കൂടിയ കൽക്കദോന്യ (എ.ഡി. 451) സുന്നഹദോസിൽ ഒരു അഭിപ്രായവ്യത്യാസം ക്രിസ്തുശാസ്ത്ര സംബന്ധമായി ഉണ്ടായി. ഇതിന്റെ പേരിലുണ്ടായ വിഭജനത്തിൽ കൽക്കദോന്യ സുന്നഹദോസ് തീരുമാനത്തോട് വിയോജിച്ച് നിന്നവരാണ് ഇന്ന് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ എന്നറിയപ്പെടുന്ന സഭകൾ. റോമാ സാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്ത് ഈ സുന്നഹദോസിനെ അനുകൂലിച്ച ക്രിസ്തീയ സഭാ

അംഗങ്ങൾ ഇന്ന് ബൈസന്റിയൻ ഓർത്തഡോക്സ് സഭകളെന്ന് അറിയപ്പെടുന്നു. ഈ സുന്നഹദോസിനെ അനുകൂലിച്ച റോമാ സാമ്രാജ്യത്തിന്റെ പടിഞ്ഞാറു നിന്നുള്ളവരും, കിഴക്കു നിന്നുള്ളവരും തമ്മിൽ വിവിധ കാരണങ്ങളാൽ പതിനൊന്നാം നൂറ്റാണ്ടിൽ വിഭജനമുണ്ടായി. അതിൽ റോം കേന്ദ്രീകരിച്ച് പടിഞ്ഞാറു നിന്നുള്ളവരാണ് ഇന്ന് റോമൻ കത്തോലിക്കർ എന്നറിയപ്പെടുന്നത്. ഈ റോമൻ കത്തോലിക്കാ സഭയിലെ ചില ദുഷ്പ്രവണതകളോട് പ്രതിഷേധിച്ചാണ് പതിനാറാം നൂറ്റാണ്ടിൽ 'നവീകരണ' സഭകളുണ്ടായത്. ഈ നവീകരണ സഭകൾ പിന്നീട് അനേക വിഭാഗങ്ങളായി പിരിയുകയും ചെയ്തു. ആധുനിക കാലത്ത് ഓരോ സുവിശേഷകന്റെയും പേരിലുള്ള സ്വതന്ത്ര സഭകളും കൂണുകൾപോലെ ആരംഭിക്കയുമുണ്ടായി.

യേശുക്രിസ്തുവിൽ വെളിപ്പെട്ടതും അപ്പോസ്തോലന്മാർ അനുഭവിച്ചറിഞ്ഞതുമായ വിശ്വാസം തലമുറകളിലൂടെ തുടർന്നുപോകുന്നതാണ് ഓർത്തഡോക്സ് വിശ്വാസം. ഓരോ അംഗത്തിനും പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം അനുഭവിക്കുവാനും ദൈവസ്വഭാവത്തിലേക്ക് വളരുവാനുമുള്ള സാഹചര്യം ഒരുക്കുന്നതുമായ ഒരു വിശ്വാസമാണിത്. കേവലം അറിവുകളിലൂടെ മാത്രമല്ലെന്നും, അതിലുപരിയായി ദൈവാനുഭവത്തിലൂടെയാണ് ജീവിതരൂപാന്തരം സാധ്യമാകുന്നതെന്നും ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു. ഭൂമിയിൽ തന്നെ സ്വർഗ്ഗീയാനുഭവം അക്ഷരാർത്ഥത്തിൽ ഒരുക്കുന്ന ആരാധനയും കൗദാശിക ജീവിതവും ഭൗതികതയുടെ അതിപ്രസരത്തിനു നടുവിൽ സംരക്ഷണവും ആശ്വാസവുമാണ്. നിരന്തരം മാറ്റങ്ങൾക്ക് വിധേയമാകുന്ന ലോകത്തിൽ ചരിത്രത്തിലൂടെ പ്രായോഗികമായി പിന്തുടർന്നു വരുന്നതും പരിശുദ്ധ ത്രിത്വാധിഷ്ഠിതവുമായ സ്ഥായിയായ വിശ്വാസം ഒരുക്കുന്ന സുരക്ഷിതത്വവും ഉറപ്പും ഏറെ പ്രസക്തമാണ്. ഈ സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിന് സഭയ്ക്കു മുഴുവനും ചുമതലയുണ്ടെങ്കിലും എപ്പിസ്കോപ്പായും പ. എപ്പിസ്കോപ്പൽ സുന്നഹദോസും അക്കാര്യത്തിൽ പ്രത്യേകം പ്രതിജ്ഞാബദ്ധമായിരിക്കുന്നു എന്നത് ഓർത്തഡോക്സിയുടെ പ്രത്യേകതയാണ്.

ഓർത്തഡോക്സ് സഭകൾ പുരാതനമായ അപ്പോസ്തോലിക സഭയുടെ പിന്തുടർച്ചയാണ്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ അപ്പോസ്തോലന്മാർ രൂപപ്പെടുത്തിയ സഭയുടെ കാലഘട്ടങ്ങളിലൂടെയുള്ള രൂപവികാസമാണ് ഓർത്തഡോക്സ് സഭയിൽ കാണുന്നത്. അപ്പോസ്തോലിക വിശ്വാസ പാരമ്പര്യത്തോടു ഏറ്റവുമധികം വിശ്വസ്ഥത പുലർത്തുന്ന സഭകളാണ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളെന്ന സത്യം വിനയത്തോടും നന്ദിയോടും സ്മരിക്കേണ്ടതാണ്.

വിശ്വാസം ദൈവിക വെളിപാടിനോടുള്ള മനുഷ്യന്റെ പ്രതികരണമാണല്ലോ. സൃഷ്ടിയിലൂടെയും പ്രവാചകന്മാരിലൂടെയും ഗുരുക്കന്മാരിലൂടെയും

തന്നെത്താൻ മനുഷ്യനു വെളിപ്പെടുത്തുന്ന ദൈവം തന്റെ ഏകജാതനായ ക്രിസ്തുവിലൂടെ സ്നേഹപൂർവ്വം വെളിപ്പെടുത്തിയത് അനുഭവിച്ചറിഞ്ഞു വിശ്വസിച്ച അപ്പോസ്തോലന്മാർ ഉൾപ്പെടെയുള്ള ആദിമ സഭാസമൂഹം ആ വിശ്വാസം തലമുറകളിലൂടെ കൈമാറാൻ സഭയ്ക്ക് അടിസ്ഥാനമിട്ട് ക്രമീകരണം ചെയ്തു. പരിശുദ്ധാത്മ സഹായത്താൽ ആ വിശ്വാസം വിവിധ രീതിയിൽ ആവിഷ്കരിച്ചതിനെ ഒരുമിപ്പിച്ച് ആണ് ഓർത്തഡോക്സ് സഭകൾ വിശ്വാസ പാരമ്പര്യമായി മനസിലാക്കുന്നത്. വി. വേദപുസ്തകവും, ആരാധനയും, വിശ്വാസപ്രമാണവും, സഭാപിതാക്കന്മാരുടെ എഴുത്തുകളും, വിശുദ്ധന്മാരുടെ ജീവിത സാക്ഷ്യവും എല്ലാം ഈ പാരമ്പര്യത്തിന്റെ ആവിഷ്ക്കാരങ്ങൾ ആണ്.

വേദപുസ്തകം ഈ വലിയ പാരമ്പര്യത്തിന്റെ ഒരു പ്രമുഖ ഘടകമാണ്. വേദപുസ്തകവും പാരമ്പര്യവും എന്ന് ഈ കാര്യത്തിൽ വേർതിരിച്ച് ചിന്തിക്കുകയല്ല, അതേസമയം ഈ വലിയ പാരമ്പര്യത്തിനു വിരുദ്ധമാകാത്ത ചെറു പാരമ്പര്യങ്ങൾ സഭയുടെ വികാസ പരിണാമത്തിൽ ഓരോ പ്രദേശത്തും ഉണ്ടായിട്ടുണ്ടെന്നുള്ളത് വിസ്മരിക്കുന്നുമില്ല. വേദപുസ്തകം പ്രത്യേകിച്ച് പുതിയനിയമം സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാന രേഖയാണ്. എന്നാൽ കത്തോലിക്കാ സഭയോട് പ്രധിഷേധിച്ചു രൂപപ്പെട്ട നവീകരണ സഭകളും അവയിൽ നിന്നുണ്ടായ അവാന്തര വിഭാഗങ്ങളും ആധുനിക റിവൈവൽ സംഘങ്ങളും കരിസ്മാറ്റിക് സമൂഹങ്ങളും എല്ലാം 'വേദപുസ്തകം മാത്രം' (*sola scriptura*) എന്ന പ്രമാണം ഉയർത്തിപിടിക്കുന്നവരാണ്. വേദപുസ്തകത്തെ ആദരപൂർവ്വം കരുതുകയും ജീവനുള്ള വചനങ്ങളുടെ അറിയിപ്പായി വായിച്ചു കേൾക്കുകയും ചെയ്യുന്ന ഓർത്തഡോക്സ് സഭ ഈ പ്രമാണം സ്വീകരിക്കുന്നില്ല. 'വേദപുസ്തകം മാത്രം' എന്നത് ഊന്നൽ നൽകുമ്പോൾ വേദപുസ്തകം ഇന്നത്തെ രീതിയിൽ രൂപപ്പെട്ടിട്ടില്ലാതിരുന്ന ആദിമ ക്രിസ്തീയ സഭയുടെ ക്രിസ്തീയ ജീവിതം എങ്ങനെയായിരുന്നു എന്ന് ചോദിക്കേണ്ടി വരും.

പള്ളി, സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ആരംഭവും വളർച്ചയും നോക്കുമ്പോൾ അതിന്റെ ജൂബിലിക്ക് പ്രസിദ്ധീകരിക്കുന്ന ഒരു സുവനീർ മാത്രംകൊണ്ട് ആ സ്ഥാപനം സംബന്ധിച്ച സകലവും ആയി എന്ന് പറയുന്നത് അഭികാമ്യമല്ല. സുവനീറിലെ റിപ്പോർട്ടിൽ ആ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുടെയും പ്രവർത്തകരുടേയും ചരിത്രത്തിന്റെയും എല്ലാ വസ്തുതകളും പൂർണ്ണമായി ഉൾക്കൊള്ളിക്കുവാൻ സാധിക്കുകയില്ല. എന്നാൽ അതുകൊണ്ട് ആ സുവനീറിലെ റിപ്പോർട്ടിൽ പറയുന്നത് അസത്യമാണെന്ന് അർത്ഥമില്ല. ഇതുപോലെയാണ് വേദപുസ്തകത്തിന്റെ കാര്യവും. യേശുക്രിസ്തു ചെയ്ത പല കാര്യവും സുവിശേഷത്തിൽ രേഖപ്പെടുത്തുവാൻ കഴിഞ്ഞില്ല എന്ന് വി. യോഹന്നാന്റെ സുവിശേഷത്തിൽ പറഞ്ഞിട്ടുള്ളതും

(വി. യോഹ. 20:30, 21:25) എഴുതപ്പെടാത്ത പാരമ്പര്യങ്ങളെയും മുറുകെ പിടിക്കുവാൻ പ. പൗലോസ് ശ്ലീഹായും മറ്റും ഓർമ്മിപ്പിക്കുന്നതും (2 തെസ്സ 2:15, 3:6) ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്.

പരിശുദ്ധ ത്രിത്വ വിശ്വാസം സഭയുടെ അടിസ്ഥാന വിശ്വാസമാണ്. പിതാവും പുത്രനും പരിശുദ്ധ റൂഹായും ചേർന്ന നിത്യമായ സ്നേഹസമൂഹമാണ് ത്രീയേകദൈവം. പിതാവ് മാറി ചരിത്രത്തിൽ പുത്രനായി വരികയല്ലായിരുന്നു. നിത്യതയിൽ പിതാവിനോടൊപ്പമുണ്ടായിരുന്ന ദൈവപുത്രൻ ചരിത്രത്തിൽ മനുഷ്യാവതാരം ചെയ്യുകയായിരുന്നു. പുത്രനും പരിശുദ്ധ റൂഹായും സൃഷ്ടിക്കപ്പെട്ടവരല്ല. സ്രഷ്ടാവായ പിതാവിനോടൊപ്പം ആരാധിക്കപ്പെടേണ്ടവർ ആണ്. പ. ത്രിത്വത്തിൽ മൂന്നു വ്യത്യസ്ത വ്യക്തിത്വങ്ങൾ ഉണ്ടെങ്കിലും മൂന്നുപേരും ഏക ഇച്ഛയും ഒരേ പ്രവർത്തനവും ദൈവത്വമെന്ന ഏക സാരാംശമുള്ളവരുമാണ്. കർത്താവിന്റെ മാമോദീസായിൽ വെളിപ്പെട്ട പ. ത്രിത്വത്തിന്റെ പ്രകാശനം (ദനഹ - മത്തായി 3:13-17) ക്രമേണ കൂടുതൽ വ്യക്തമാവുകയും നിഖ്യാ വിശ്വാസപ്രമാണത്തിൽ അത് ക്രോഡീകരിക്കയും ചെയ്തിരിക്കുന്നു.

ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സംയോജിച്ചുണ്ടായ പൂർണ്ണ ആളത്വമായിരുന്നു യേശുക്രിസ്തു. ദൈവപുത്രന്റെ മർത്തീകരണം ഒരു വലിയ രഹസ്യമാണ്. അവിടുന്ന് മനുഷ്യനായി കേവലം കാണപ്പെടുക മാത്രമല്ല; പൂർണ്ണമായി മനുഷ്യനായി തീരുകയായിരുന്നു. ക്രമേണ ഒരു വലിയ ഗുരുവായി തീർന്ന ഒരു മനുഷ്യൻ മാത്രമല്ലായിരുന്നു ക്രിസ്തു. അദൃശ്യനായ ദൈവത്തിന്റെ സ്വഭാവം ചരിത്രത്തിൽ വെളിപ്പെടുത്തുകയും പൂർണ്ണ മനുഷ്യത്വം എന്തെന്ന് തെളിയിച്ചു കാണിക്കയും ചെയ്ത ഒരു വലിയ രഹസ്യമായ വ്യക്തിത്വമായിരുന്നു ക്രിസ്തുവിന്റേത്. ക്രിസ്തുവിന്റെ മനുഷ്യാവതാരവും, പഠിപ്പിക്കലുകളും, ക്രൂശുമരണവും, ഉയിർപ്പും എല്ലാം രക്ഷാകരമാണ്. ക്രിസ്തു സകല നിഷേധാത്മക സ്വാധീനങ്ങളിൽ നിന്നും സ്വാതന്ത്ര്യവും ജീവന്റെ സഫലീകരണവും സാധ്യമാക്കുന്ന സമൃദ്ധമായ ജീവന്റെ ഉറവയാണ്. പാപത്തെയും മരണത്തെയുമെല്ലാം അതിജീവിച്ചു ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റവും നിർണ്ണായകമാണ്.

ക്രിസ്തുവിൽ വിശ്വസിക്കയും അവനെ അനുഗമിക്കുകയും ചെയ്തവർ പരിശുദ്ധാത്മശക്തിയാൽ പെന്തക്കോസ്തി ദിവസം മുതൽ ഒരു സഭയായി രൂപപ്പെട്ടു വളർന്നത് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായിരുന്നു. ദൈവത്തെ സ്നേഹിച്ചും ആരാധിച്ചും ജീവിക്കുവാനും ദൈവസ്നേഹം വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ലോകത്തിനു വെളിപ്പെടുത്തി കൊടുക്കുവാനും ക്രിസ്തുവിൽ വിളിക്കപ്പെട്ട സമൂഹമാണ് സഭ. വർത്തമാനകാലത്തെ അംഗങ്ങൾ മാത്രമുള്ള ഒരു സംഘമായി മാത്രമാണ് നവീകരണ പാരമ്പര്യത്തി

ലുള്ള മിക്കവരും സഭയെ കാണുന്നത്. വിശ്വാസികളായി കടന്നുപോയവരും ചരിത്രത്തിൽ ജീവിക്കുന്നവരും വരുവാനുള്ളവരും എല്ലാം ചേർന്ന് വരുന്ന വിശുദ്ധ സമൂഹമാണ് സഭ എന്നാണ് ഓർത്തഡോക്സ് വിശ്വാസം. ഓരോ പ്രദേശങ്ങളിലും അല്ലെങ്കിൽ ഓരോ രാജ്യത്തും സ്വയംഭരണാവകാശമുള്ള സമൂഹമായി നിലകൊള്ളുന്നത് ഐക്യത്തിനു തടസമായി ഓർത്ത ഡോക്സ് വിശ്വാസം പഠിപ്പിക്കുന്നില്ല. ഏക അപ്പോസ്തോലിക വിശ്വാസ ത്തിന്റെ പൂർണ്ണതയും പിന്തുടർച്ചയും സഭയുടെ ഐക്യവും അപ്പോസ്തോ ലികത്വവും ഉറപ്പുവരുത്തുന്നു. പാപവും കുറവുമുള്ള അംഗങ്ങൾ ഉണ്ടെ ങ്കിലും വിശുദ്ധിയുടെയും വിശ്വാസത്തിന്റെയും പൂർണ്ണതയും പൂർത്തിവരു ത്തുന്നവനുമായ സഭയുടെ തലയായ ക്രിസ്തുവിനോടു ചേർന്ന് വിശുദ്ധിയി ലേക്ക് പുരോഗമിക്കുന്ന ഒരു തീർഥാടകസംഘമായാണ് സഭയുടെ ആത്മ ബോധം. ക്രിസ്തുവിനെപ്പോലെ എല്ലാവർക്കുംവേണ്ടി നിലകൊള്ളുന്ന ക്രിസ്തുസാന്നിധ്യമായ സഭ കാതോലികമാണ്. ലോകത്തിൽ ദൈവരാജ്യ ത്തിന്റെ പ്രതീകവും ഉപകരണവുമായിരിക്കുകയും അംഗങ്ങളുടെ ദൈവീ കരണം ഉറപ്പാക്കുകയും ചെയ്യുവാനുള്ള നിയോഗമാണ് സഭയ്ക്കുള്ളത്.

യൂറോപ്പിലെ കത്തോലിക്കാ സഭയുടെ അധികാരകേന്ദ്രങ്ങളെ വെല്ലു വിളിച്ചുകൊണ്ട് ആരംഭിച്ച നവീകരണശ്രമങ്ങൾ ക്രമേണ ആവശ്യത്തില ധികം വ്യക്തികേന്ദ്രീകൃതമായ ശൈലിയിലേക്ക് നീങ്ങുകയായിരുന്നു. കൈവെയ്പ്പിനാൽ കൈമാറപ്പെട്ടുവന്ന സഭയിലെ അധികാരങ്ങളെ എതി ർത്ത് സഭയെ തകർത്തു ഓരോ വിശ്വാസിയെയും അധികാരകേന്ദ്രമാക്കാൻ ശ്രമിച്ചപ്പോൾ വളരെ വ്യത്യസ്തങ്ങളായ വേദവ്യാഖ്യാനങ്ങളും വിശ്വാസ പഠിപ്പിക്കലുകളും ഉണ്ടാവുകയും സഭകൾ നിരന്തരം വിഭജിക്കപ്പെടുകയും ചെയ്തു. വടക്കേ അമേരിക്കയിൽ പതിനെട്ടാം നൂറ്റാണ്ടിലും മറ്റും ആരംഭിച്ച് വളർന്ന റിവൈവൽ ക്രിസ്തീയ സമൂഹങ്ങളിലും അവയുടെ തുടർച്ചയായി പിന്നീടുണ്ടായ പെന്തക്കോസ്തു വിഭാഗങ്ങളിലും സകല വിശ്വാസികളു ടെയും രാജകീയ പൗരോഹിത്യം പറഞ്ഞുകൊണ്ടു സഭയിലെ പ്രത്യേക പൗരോഹിത്യ ശുശ്രൂഷാ സംവിധാനങ്ങളോടുള്ള എതിർപ്പും വിമർശനവും ശക്തമാക്കി. എല്ലാ വിശ്വാസികൾക്കും ലഭിക്കുന്ന ആദ്യ പട്ടംകൊടയായ മാമൂദീസായിലൂടെ കിട്ടുന്ന പൗരോഹിത്യ നൽവരം ഉണ്ടെങ്കിലും പ്രത്യേകം വിളിച്ച് വേർതിരിച്ചു പട്ടം നൽകുന്നത് വഴി കുറെ പേർ പ്രത്യേക ക്രിസ്തു സാന്നിദ്ധ്യ നേതൃത്വമായി പരിണമിക്കുന്നു എന്ന പുരാതന വിശ്വാസം ഓർ ത്തഡോക്സ് സഭകൾ നിലനിർത്തുന്നു.

ഓർത്തഡോക്സ് സഭ നിരന്തരമുള്ള പ്രാർത്ഥനാ ജീവിതവും കൂദാശാ നുഷ്ഠാനങ്ങളും നിഷ്കർഷിക്കുന്നതിന്റെ ഉദ്ദേശ്യം മാമൂദീസായിലൂടെ ക്രിസ്തുവിൽ ജനിച്ച ഓരോരുത്തരും ക്രിസ്തുവെന്ന തലയോളം വളരണ മെന്ന ലക്ഷ്യത്തോടെയാണ്. ഈ ദൈവീകരണ പ്രക്രിയ ജീവിതം മുഴുവൻ

തുടർന്നുകൊണ്ടേ ഇരിക്കേണ്ടതാണ്. ദൈവപുത്രൻ മനുഷ്യനായത് മനുഷ്യർ ദൈവപുത്രരാകേണ്ടതിനാണെന്നും, ദൈവത്തെപ്പോലെ ആകുക അഥവാ ക്രിസ്തുവിനെപ്പോലെ ആകുക എന്നതാണു (വി. മത്തായി 5.45; 2 പത്രോസ് 1.4, 2 കൊരിന്ത്യർ 3.18) പരമ പ്രധാന ജീവിത ലക്ഷ്യമെന്നും ഓർത്തഡോക്സ് വിശ്വാസം നിഷ്കർഷിക്കുന്നു. ക്രിസ്തുവിനെപ്പോലെ കരുണയും, ത്യാഗവും, ക്ഷമയും, ദൈവസംസർഗവുമൊക്കെയുള്ള മനുഷ്യ രായി നിരന്തരം കൃപ പ്രാപിച്ചു വളരുവാനുള്ള സാദ്ധ്യത ഓരോരുത്തരിലും ഉണ്ട്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട (ഉല്പത്തി 1.26, 27) അഥവാ ക്രിസ്തുവിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സാക്ഷാത്കാരം സാധ്യമാക്കുന്ന ഈ ദൈവീകരണ പ്രക്രിയ ഓർത്തഡോക്സ് ആത്മീയത യുടെ ഏറ്റവും പ്രധാനമായ ലക്ഷ്യമാണ്. ഒരു വിത്ത് വളർന്ന് മരമാകുന്നത് പോലെ ഒരു മനുഷ്യൻ ക്രിസ്തുവിൽ പൂർണ്ണ മനുഷ്യനായി തീരുന്ന ഈ പ്രക്രീയയെ മാനുഷീകരണം എന്നും വിളിക്കാം.

എന്നാൽ ആധുനിക നവീകരണ സഭകളും മറ്റും "പ്രവൃത്തിയാലുള്ള രക്ഷ" എന്നു തെറ്റായി പഠിപ്പിച്ചു ആദിമ നൂറ്റാണ്ടു മുതൽ സഭയിൽ ശക്ത മായി നിൽക്കുന്ന ഈ ദൈവീകരണ ദർശനത്തെ അവഗണിക്കുന്നു. വിശ്വാസം മാത്രം (*sola fide*) എന്നും, കൃപ മാത്രം (*sola gratia*) എന്നും ഉള്ള പഠിപ്പിക്കലിലൂടെ എതിർക്കുന്നത് പുരാതന സഭകളുടെ ആത്മീയാനു ഷ്ഠാനങ്ങളെയാണ്. അതേ സമയം തന്നെ ഉദ്ദിഷ്ടകാര്യ സാധ്യത്തിനായി ഈ നൂതന വിഭാഗങ്ങളിൽ ഉപവാസവും പ്രാർത്ഥനയുമൊക്കെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പ. പൗലൊസ് ശ്ലീഹാ ന്യായപ്രമാണ ത്തിന്റെ പ്രവൃത്തികളെ എതിർക്കുകയും ക്രിസ്തുവിൽ ലഭ്യമായ രക്ഷയെ ഉയർത്തികാട്ടുകയും ചെയ്യുന്നതല്ലാതെ ക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടു വളരുവാനുള്ള കൃപ സ്വീകരിക്കുവാനായി ആത്മീയാനുഷ്ഠാനങ്ങൾ നടത്തു ന്നതിനെ എതിർക്കുന്നില്ല. വിശ്വാസത്തിലുള്ള രക്ഷയെന്നത് ഓർത്ത ഡോക്സ് പഠിപ്പിക്കലിലും പ്രധാനമാണ്. എന്നാൽ ഓർത്തഡോക്സ് ക്രിസ്ത്യാനി ദൈവീകരണത്തിനായുള്ള കൃപ പ്രാപിച്ചു വളരുവാൻ നിര ന്തരം ദൈവത്തോട് സഹകരിക്കുവാനായി നിർവഹിക്കുന്ന ആരാധനാനു ഷ്ഠാനങ്ങളെ വിശ്വാസത്തിനു വിരുദ്ധമായി കാണുന്നില്ല. പ. പൗലൊസ് ശ്ലീഹാ "രക്ഷയ്ക്കായി പ്രവർത്തിപ്പിൻ" (ഫിലിപ്യർ 2.12) എന്നു പഠിപ്പിക്കു ന്നതും മറ്റും ഈ വെളിച്ചത്തിൽ മനസിലാക്കേണ്ടതാണ്.

വിശുദ്ധ കൂദാശകളുടെ അടിസ്ഥാനം ദൈവപുത്രന്റെ മനുഷ്യാവതാര മാണ്. കാണാനും കേൾക്കാനും തൊടാനും പറ്റത്തക്കവിധം ദൈവപുത്രൻ മനുഷ്യനായ മഹാ രഹസ്യമാണത്. ഈ രഹസ്യത്തിന്റെ അനുഭവം ആണ് പരിശുദ്ധ കൂദാശകളിലൂടെ സാധ്യമാകുന്നത്. കൂദാശകളിൽ അനുഭവിച്ചറി യാൻ കഴിയുന്ന അപ്പ വീഞ്ഞുകളും, എണ്ണയും, വെള്ളവുമൊക്കെ ദൈവ കൃപയുടെ മുഖാന്തിരങ്ങളാകുന്നു.

കൂദാശകളോട് എന്ന് മാത്രമല്ല ആദ്ധ്യാത്മികതയും പദാർത്ഥമയമായതും തമ്മിലൊരു ബന്ധവുമില്ല എന്ന തെറ്റിധാരണയിൽ ആരാധനാലയത്തിനും, തപശ്ചര്യകൾക്കും, കുമ്പിടീലിനും, ഐക്കണുകൾക്കും, കുരിശിനും, ഇതര ആരാധന പ്രതീകങ്ങൾക്കും ഒന്നും ആദരജനകമായ ഒരു പ്രത്യേകതയും നവ വിശ്വാസ കൂട്ടായ്മകൾ നൽകുന്നില്ല. ഇതിന്റെ അനന്തരഫലമായി ഈ ലോകത്തിലെ ഉത്തരവാദിത്തങ്ങളിൽ നിന്നെല്ലാം പിൻമാറുന്ന നിഷ്ക്രിയത്വവും നിസംഗതയും വർദ്ധിക്കുന്നു. അതേസമയം തന്നെ സ്വന്തം ആർഭാടങ്ങൾ വർദ്ധിപ്പിക്കുന്ന സമൃദ്ധിയുടെ സുവിശേഷം വേണ്ടുവോളം ആസ്വദിക്കുകയും ചെയ്യുന്നു.

യുഗാന്ത്യം സംബന്ധിച്ചും, മരണാനന്തരാനുഭവം സംബന്ധിച്ചും വളരെ പ്രത്യാശാനിർഭരമായ വിശ്വാസം ഓർത്തഡോക്സ് പാരമ്പര്യത്തിലുണ്ടെങ്കിലും അവയുടെ സുദീർഘമായ വിശദീകരണങ്ങൾ സാധാരണ നടത്തി കാണുന്നില്ല. തന്റെ വലിയ മഹത്വത്തോടെ വരുവാനിരിക്കുന്നവനും 'തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹായിലും' ഉള്ള വിശ്വാസവും 'മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനു വേണ്ടിയുള്ള പ്രത്യാശയും' എല്ലാ ദിവസവും നിഖ്യാ വിശ്വാസപ്രമാണത്തിലൂടെ ഉറപ്പിച്ച് പറയുകയും ചെയ്യുന്നതാണല്ലോ. എന്നാൽ രണ്ടു നൂറ്റാണ്ടുകളായി റിവൈവൽ ക്രിസ്തീയത പ്രചരിപ്പിച്ചു വരുന്ന യുഗാന്ത്യ ചിന്തയിൽ ക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയിൽ ക്രിസ്ത്യാനികൾ അവനോടു ചേരുവാൻ പെട്ടെന്നു ആകാശത്തിലേക്ക് എടുക്കപ്പെടുകയും അവശേഷിക്കുന്നവർ ഭൂമിയിൽ പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നതിന്റെ ആക്ഷരിക വിശദാംശങ്ങളുമുണ്ട്. ക്രിസ്തുവിന്റെ പോലും പഠിപ്പിക്കലിനെതിരായി തന്റെ പ്രത്യക്ഷതയുടെ തീയതി കൃത്യമായി പറഞ്ഞു പ്രവചിക്കുന്ന രീതിയും ഇക്കൂട്ടരിൽ പലരും അവലംബിച്ച് കാണുന്നു.

ഓർത്തഡക്സ് വിശ്വാസത്തോടുള്ള പ്രതിബദ്ധത തീവ്രവാദമോ, വർഗീയതയോ അല്ല. മത തീവ്രവാദവും, മതവിരുദ്ധമായ സെക്കുലർ ചിന്തയും ഒഴിവാക്കേണ്ടതാകുന്നു. ഓർത്തഡോക്സ് സഭയിൽ ഉൾപ്പെട്ടുകൊണ്ട് ഓർത്തഡോക്സ് വിശ്വാസം പ്രായോഗികമായി അനുഭവിക്കുമ്പോൾ വിശുദ്ധിയുടെയും നീതിയുടെയും സമാധാനത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള വേരുകൾ ശക്തിപ്പെടും; സ്നേഹിക്കാനുള്ള കഴിവ് കൂടും. ഈ വിശ്വാസാനുഭവത്തിൽ വേരൂന്നി ഇതര സഭകളോടും മതങ്ങളോടും മത രഹിത ലോകത്തോടും ബന്ധപ്പെട്ട് ദൈവരാജ്യത്തിന്റെ വെളിച്ചം പകരാനുള്ള ശ്രമം സ്വാതന്ത്ര്യവും സഫലതയും സന്തോഷവും ഉറപ്പു വരുത്തും, ലോകത്തിന് അനുഗ്രഹവും.

2

നിഖ്യാ വിശ്വാസപ്രമാണവും ത്രിത്വദർശനത്തിന്റെ പ്രസക്തിയും

അപ്പോസ്തോലിക വിശ്വാസത്തിന്റെ വിവിധ ആവിഷ്കാരങ്ങളിൽ പ്രധാനമായ ഒന്നാണല്ലോ വിശ്വാസപ്രമാണം. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവസ്നേഹത്തോടുള്ള പ്രതികരണം ആയിട്ടാണല്ലോ അപ്പോസ്തോലിക വിശ്വാസം അഥവാ ആദിമ സഭയുടെ വിശ്വാസം രൂപപ്പെടുന്നത്. അതിനെ അവർ വേദപുസ്തകത്തിലൂടെയും ആരാധനയിലൂടെയും വിശ്വാസപ്രമാണത്തിലൂടെയും ഒക്കെ ആവിഷ്കരിച്ചു. വിശ്വാസപ്രമാണ രൂപീകരണം നടത്തിയ നിഖ്യാ സുന്നഹദോസിന്റെ ആയിരത്തി എഴുന്നൂറാം വാർഷികത്തിൽ ആദിമ സഭയുടെ വിശ്വാസ ബോധ്യം അടുത്തറിഞ്ഞ് വിശ്വാസാധിഷ്ഠിത സാക്ഷ്യത്തിൽ ശക്തിപ്പെടുവാനുള്ള അവസരം ലഭിച്ചിരിക്കുകയാണ്.

പ്രഥമ പ്രധാന സാർവ്വത്രിക സുന്നഹദോസ്

റോമാ സാമ്രാജ്യത്തിൽ കുസ്തന്തീനോസ് ചക്രവർത്തി ആണല്ലോ സഭ വളർന്നു കഴിഞ്ഞുള്ള ആദ്യ പ്രധാന സുന്നഹദോസ് 325-ൽ വിളിച്ചു കൂട്ടിയത്. കോൺസ്റ്റാന്റിനോപ്പിളിനടുത്തുള്ള നിഖ്യായിൽ (ഇന്നത്തെ തുർക്കിയിലെ Iznik) വിളിച്ചു കൂട്ടിയ പൊതു സുന്നഹദോസിൽ മുന്നൂറിലധികം മെത്രാന്മാരും അവരോടൊപ്പം വന്ന വൈദികരും ശെമ്മാശന്മാരും എല്ലാം സംബന്ധിച്ചു. അലക്സന്ത്ര്യയായിലെ മെത്രാപ്പോലീത്താ അലക്സാണ്ടർ അദ്ദേഹത്തിന്റെ കീഴിലെ വൈദികനായിരുന്ന അറിയൂസിന്റെ വിശ്വാസസംബന്ധമായ പഠിപ്പിക്കലിനെതിരെ ശക്തമായ നിലപാട് എടുത്തത് വഴി സഭയിൽ വിഭാഗീയ ചിന്തകൾ ഉണ്ടായത് സാമ്രാജ്യത്തിന്റെ ഐക്യത്തെ ബാധിക്കും എന്ന ചിന്തയും ചക്രവർത്തിയെ സ്വാധീനിച്ചിരുന്നു. ചക്രവർത്തിയുടേത് പ്രധാനമായും രാഷ്ട്രീയ ലക്ഷ്യമായിരുന്നെങ്കിലും സുന്നഹദോസിൽ സംബന്ധിച്ച ആത്മപ്രേരിതരായ പല നേതാക്കളും ആത്മാർത്ഥമായി ശ്രമിച്ചതിന്റെ ഫലമായി വിശ്വാസപ്രമാണം രൂപപ്പെടുത്തുവാനും ഉയിർപ്പ് പെരുന്നാളിന്റെ തീയതി ഉൾപ്പെടെ പല കാര്യങ്ങളിലും ആദിമ സഭയെ സംബന്ധിച്ചുള്ള പ്രധാന തീരുമാനങ്ങൾ എടുക്കുവാനും അതിലൂടെ സാധിച്ചു.

നിഖ്യാ-കുസ്തന്തീനോപോലീസ് വിശ്വാസപ്രമാണം

'പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു' എന്ന ഒരു ചെറു പരാമർശം മാത്രമായിരുന്നു നിഖ്യായിൽ രൂപപ്പെടുത്തിയ പ്രമാണത്തിൽ പരിശുദ്ധ റൂഹായെ സംബന്ധിച്ച് ഉണ്ടായിരുന്നത്. ഇന്ന് കാണുന്ന വിധത്തിലേക്ക് വിശ്വാസപ്രമാണത്തെ വിപുലപ്പെടുത്തിയത് 381-ൽ കുസ്തന്തീനോപോലീസിൽ (കോൺസ്റ്റാന്റിനോപ്പിൾ) വച്ച് നടത്തപ്പെട്ട രണ്ടാമത്തെ സാർവ്വത്രിക സുന്നഹദോസിലും വെച്ചു കൂടെ ആയിരുന്നതുകൊണ്ട് ശരിക്കും ഇന്ന് നമ്മൾ ഉപയോഗിക്കുന്നത് നിഖ്യാ-കുസ്തന്തീനോപോലീസ് വിശ്വാസപ്രമാണമാണ്. ഇന്ന് ചുരുക്കത്തിൽ നിഖ്യാ വിശ്വാസപ്രമാണം എന്ന് പറയുമ്പോൾ ക്രിസ്തുവിനോടും പരിശുദ്ധാത്മാവിനോടും ബന്ധപ്പെട്ട വേദവിപരീതങ്ങളോട് വിയോജിച്ച് പരിശുദ്ധ ത്രിത്വ വിശ്വാസം ഉറപ്പാക്കിയ വിപുലമായ വിശ്വാസപ്രമാണം തന്നെയാണ് അർത്ഥമാക്കുന്നത്. 1700 വർഷങ്ങൾക്കിപ്പുറം ഇന്നും ബഹുഭൂരിപക്ഷം സഭകളും ഉപയോഗിക്കുന്ന ത്രിത്വ വിശ്വാസാധിഷ്ഠിതമായ വിശ്വാസപ്രമാണത്തിന്റെ ചുരുക്കപ്പേരായി 'നിഖ്യാ'യെ മനസ്സിലാക്കാം. അദിമസഭയുടെ ഈ പൈതൃകം ഇന്ന് സഭകളുടെ എക്യുമിനിസത്തിന്റെ ഒരു പ്രധാന അടിസ്ഥാനമായും കരുതാം.

വിശ്വാസത്തിന്റെ സംക്ഷിപ്ത ക്രോഡീകരണം

നിഖ്യാ വിശ്വാസപ്രമാണം സഭ പുതുതായി ഒരു വിശ്വാസം എഴുതി ഉണ്ടാക്കിയതല്ല. പ്രത്യുത ആദിമസഭയുടെ വിശ്വാസത്തിന്റെ ഒരു സംക്ഷിപ്ത ക്രോഡീകരണം ആയിരുന്നു. ക്രിസ്തീയ വിശ്വാസത്തോടു എന്തെങ്കിലും പുതുതായി ചേർക്കുകയല്ലായിരുന്നു, മറിച്ച് സഭയുടെ മനസ്സറിഞ്ഞ് മുമ്പേ ഉണ്ടായിരുന്ന വിശ്വാസത്തെ സുവ്യക്തമായും സൂക്ഷ്മമായും രൂപപ്പെടുത്തി എഴുതുകയായിരുന്നു നിഖ്യാ കുസ്തന്തീനോപോലീസ് സുന്നഹദോസുകളിലായി ചെയ്തത്.[1] അതുകൊണ്ട് ആദിമസഭ രൂപപ്പെടുത്തിയ വേദപുസ്തകവും പ്രത്യേകിച്ച് പുതിയ നിയമവും ആരാധനാ സാഹിത്യവും ഈ വിശ്വാസപ്രമാണവും തമ്മിൽ തികഞ്ഞ പൊരുത്തമാണ് കാണുവാൻ കഴിയുന്നത്.

പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടും ബന്ധപ്പെട്ട ത്രിത്വ വിശ്വാസം ആണ് ഈ പ്രമാണത്തിൽ പ്രധാനം. ഇത് ബഹുദൈവ വിശ്വാസം അല്ല. "സത്യേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്നാണല്ലോ ഈ പ്രമാണം പ്രഖ്യാപിക്കുന്നത്. കൂടാതെ സഭ, മാമോദീസാ, മരിച്ചവരുടെ പുനരുത്ഥാനം, നിത്യജീവൻ തുടങ്ങിയവ സംബന്ധിച്ച വിശ്വാസവും ഈ പ്രമാണം പ്രസ്താവിക്കുന്നു.

ത്രിത്വാധിഷ്ഠിത വിശ്വാസം നിഖ്യായ്ക്കു മുമ്പ്

ത്രിത്വദർശനം ലോകത്തിന് വെളിവായി വന്നത് പ്രധാനമായും ക്രിസ്തുവിനോടു ബന്ധപ്പെട്ടും ക്രിസ്തുവിലൂടെയും ആണ്. ക്രിസ്തുവിന്റെ ജനനം സംബന്ധിച്ച വചനിപ്പിലും ക്രിസ്തുവിന്റെ മാമോദീസാ സമയവും ഈ വെളിപ്പെടുത്തലുകൾ പ്രകടമായി കാണുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കാനുള്ള കർതൃവചനത്തിലും (മത്തായി 28:29) "പിതാവിന്റെ അടുക്കൽ നിന്ന് നിങ്ങൾക്ക് അയക്കാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും" (യോഹന്നാൻ 15:26) തുടങ്ങിയുള്ള ക്രിസ്തുവിന്റെ പഠിപ്പിക്കലുകളിലും പരിശുദ്ധ പൗലോസ് ശ്ലീഹായുടെ ത്രിത്വനാമത്തിലുള്ള ആശീർവാദത്തിലും (2 കോരിന്ത്യർ 13:14) 'അവൻ ദൈവത്തിന്റെ വലഭാഗത്തേക്ക് ആരോഹണം ചെയ്ത് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോട് വാങ്ങി നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പകർന്നു തന്നു" (അപ്പോസ്തോല പ്രവൃത്തികൾ 2:32, 33) എന്ന പത്രോസ് ശ്ലീഹായുടെ പ്രസംഗശകലത്തിലും സമാന വേദഭാഗങ്ങളിലും എല്ലാം വേദത്തിലെ ത്രിത്വ പരാമർശങ്ങൾ കാണാൻ സാധിക്കും. ആദ്യ നാല് നൂറ്റാണ്ടുകൾ കൊണ്ട് വളർന്ന് വികസിച്ച പരിശുദ്ധ ത്രിത്വവിശ്വാസത്തിന്റെ വിത്തുകൾ ഇവിടെ കണ്ടെത്താം. പുതിയ നിയമ കാലത്തിനുശേഷം നിഖ്യായ്ക്കു മുമ്പ് ത്രിത്വ വിശ്വാസം പഠിപ്പിച്ചവരിൽ പ്രധാനികളാണ് അന്ത്യോഖ്യയിലെ ഇഗ്നാത്തിയോസ്, ലിയോൺസിലെ ഐറേനിയോസ്, തെർത്തുല്യൻ, ഒറിഗൻ തുടങ്ങിയവർ.

ചില വേദവിരുദ്ധ ചിന്തകളുടെ പരോക്ഷ പ്രചോദനം

ത്രിത്വ ദർശനത്തെ ലളിതവൽക്കരിക്കാനും ഏകദൈവ വിശ്വാസം ഉറപ്പാക്കാനും ഉള്ള ശ്രമത്തിൽ രണ്ടുതരം വിരുദ്ധ ചിന്തകളാണ് ആദിമ നൂറ്റാണ്ടുകളിൽ രൂപപ്പെട്ടത്. ഒന്നാമത്, ത്രിത്വത്തിലെ വൈവിധ്യം നിഷേധിക്കുന്ന ചിന്തയാണ്. ഒരാൾ വിവിധ റോളിൽ അഭിനയിക്കുന്നതുപോലെയാണ് പിതാവും പുത്രനും പരിശുദ്ധ റൂഹായും ചരിത്രത്തിൽ വെളിപ്പെടുന്നത് എന്ന പഠിപ്പിക്കൽ ആണിത്. ദൈവത്തിൽ മൂന്നു വ്യത്യസ്ത വ്യക്തികൾ എന്നത് ഏക ദൈവ വിശ്വാസത്തിന് ഭീഷണിയാകുമെന്ന ചിന്തയാണ് മോഡലിസം അഥവാ സബല്യനിസം എന്നറിയപ്പെടുന്ന ഈ വീക്ഷണത്തിന് പിന്നിലുള്ളത്.

മറ്റൊരുതരം വിരുദ്ധ ചിന്തയാണ് പിതാവിനെ മാത്രം ദൈവമായി കരുതുകയും പുത്രനെയും പരിശുദ്ധാത്മാവിനെയും സൃഷ്ടിയുടെ ഭാഗമാക്കുകയും ചെയ്തു ഏകദൈവവിശ്വാസം ഉറപ്പാക്കാനുള്ള ശ്രമം. നിഖ്യായിൽ പ്രധാനമായും എതിർപ്പ് നേരിട്ടത് മൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഈജി

പ്തിലെ സഭയിൽ പൊട്ടിമുളച്ച് നാലാം നൂറ്റാണ്ടിൽ ശക്തിയാർജിച്ച് പലയിടങ്ങളിലേക്കും വളർന്നു തുടങ്ങിയ അലക്സാന്ത്രിയായിലെ അറിയോസ് എന്ന വൈദികന്റെ പേരിൽ അറിയപ്പെടുന്ന ഉപദേശം ആണ്. ക്രിസ്തുവിനെ സൃഷ്ടിയായി കാണുന്ന ചിന്തയാണിത്. അറിയോസിന്റെ ചിന്തയിൽ അനാദിയും ഏകനുമായ ദൈവം ഇല്ലായ്മയിൽ നിന്നും ആദ്യ സൃഷ്ടിയായി ലോഗോസിനെ അഥവാ വചനത്തെ (പുത്രൻ - ക്രിസ്തു) സൃഷ്ടിച്ചു. അതുകൊണ്ട് പുത്രൻ ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. പുതിയനിയമപുസ്തകങ്ങളുടെ സന്ദേശത്തിന്റെ പൊരുൾ ഉൾക്കൊള്ളുന്ന സഭയുടെ പാരമ്പര്യവും മനസ്സും ഈ അറിയോനിയ പാഷാണ്ഡതയെ നിരാകരിച്ച് എന്താണ് സ്വീകാര്യമായ വിശ്വാസമെന്ന് സംവേദനം ചെയ്തു.

നിഖ്യായ്ക്ക് മൂന്ന് പതിറ്റാണ്ടിന് ശേഷമാണ് പരിശുദ്ധാത്മാവിന്റെ ദൈവത്വം നേരിട്ട് നിഷേധിച്ചുള്ള ചിന്തകൾ രൂപപ്പെടുന്നത്. അറിയോസിന്റെ ചിന്തയോടു അനുഭാവമുണ്ടായിരുന്ന കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരുന്ന മാസിഡോണിയസ് പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ചു. അറിയോനിയ ചിന്തയുടെ വകഭേദം ആയിരുന്ന മാസിഡോണിയനിസത്തെ എതിർത്ത് സഭയുടെ ത്രിത്വ വിശ്വാസത്തെ ഉറപ്പാക്കാൻ ആയിരുന്നല്ലോ 381-ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ രണ്ടാമത്തെ സാർവത്രിക സുന്നഹദോസ് ശ്രമിച്ചത്. ആ സുന്നഹദോസിലൂടെ നിഖ്യായിൽ തുടങ്ങിവച്ചത് പൂർത്തീകരിക്കപ്പെട്ടു. അങ്ങനെ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം ഉറപ്പിച്ചു പ്രഖ്യാപിക്കപ്പെട്ടു.

ത്രിത്വ വിശ്വാസം വിശ്വാസപ്രമാണത്തിൽ

വിശ്വാസപ്രമാണത്തിലെ നിർണായക ഗ്രീക്ക് വാക്കായ 'ഹോമോ ഊസിയോസ്' സമസത്തവാദം ആണ് അടിവരയിടുന്നത്. സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവൻ എന്ന് പറഞ്ഞ് പുത്രന്റെ പൂർണ്ണ ദൈവത്വം പ്രഖ്യാപിക്കുന്നു. ഈ പ്രമാണ രേഖയിലെ "സത്യദൈവത്തിൽ നിന്നുള്ള സത്യ ദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും" എന്ന പ്രയോഗവും അറിയോനിയ പഠിപ്പിക്കലിനെതിരായി ക്രിസ്തുവിനെ സംബന്ധിച്ച സഭയുടെ ബോധ്യം പ്രഖ്യാപിക്കുന്നതാണ്.

വിശ്വാസപ്രമാണത്തിന്റെ രണ്ടാമത്തെ ഖണ്ഡികയിൽ ക്രിസ്തുവിനെ സൂചിപ്പിക്കുവാനും മൂന്നാമത്തെ ഖണ്ഡികയിൽ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുവാനും കർത്താവ് എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഗ്രീക്ക് വേദപരിഭാഷയിൽ യഹോവ എന്നതിന് നൽകിയ പദം 'കുറിയോസ്' (കർത്താവ്) എന്നായിരുന്നല്ലോ. അതേ പദം തന്നെ ഇവിടെ വിശ്വാസപ്രമാണത്തിൽ ക്രിസ്തുവിനും പരിശുദ്ധ റൂഹായ്ക്കും ഉപയോഗിക്കുക വഴി പിതാവും പുത്രനും പരിശുദ്ധ റൂഹായും ദൈവം തന്നെയെന്ന് പറയുകയും ചെയ്യുക

യാണ്. "പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും" എന്നു പരിശുദ്ധ റൂഹായെക്കുറിച്ചുള്ള പരാമർശം പിതാവും പുത്രനും പരിശുദ്ധ റൂഹായും ഒരുപോലെ ആരാധിക്കപ്പെടേണ്ടവർ ആകയാൽ ഒരുപോലെ ദൈവമാണെന്നും അതിൽ ആരും സൃഷ്ടി അല്ലെന്നും പ്രത്യേകിച്ച് പരിശുദ്ധ റൂഹാ പുത്രനെപ്പോലെ പിതാവിനോടും സാരാംശത്തിൽ ഒന്നായിരിക്കുന്നു എന്നും എല്ലാം അർത്ഥമാക്കുന്നുണ്ട്.

മൂന്നു ഖണ്ഡികകളിലായി ഈ വിശ്വാസപ്രമാണത്തിൽ പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും കുറിച്ച് പറയുക വഴി ത്രിത്വത്തിലെ മൂന്ന് ആളത്തങ്ങളുടെ വൈവിധ്യം വ്യക്തമാകുന്നു. അതേസമയം എങ്ങനെ പുത്രനും പരിശുദ്ധ റൂഹായും പിതാവിനോട് ബന്ധപ്പെട്ടിരിക്കുന്നു എന്ന് പറയുകയും മൂന്ന് ആളത്തങ്ങളെയും ചേർത്ത് 'സത്യ ഏകദൈവം' എന്ന് പറയുകയും ചെയ്യുക വഴി പരിശുദ്ധ ത്രിത്വത്തിന്റെ ഐക്യവും വ്യക്തമാക്കുന്നു.

നിഖ്യാ വിശ്വാസത്തിന്റെ ആദ്യകാല പൗരസ്ത്യ വ്യാഖ്യാതാക്കൾ

325-ൽ നിഖ്യാ വിശ്വാസപ്രമാണം രൂപപ്പെടുത്തിയെങ്കിലും അറിയോസിന്റെ പഠിപ്പിക്കൽ അദ്ദേഹത്തിന്റെ അനുയായികളിലൂടെ പല പതിറ്റാണ്ടുകൾ തളർന്നും വളർന്നും പിടിച്ചുനിന്നു. ഈ പശ്ചാത്തലത്തിൽ നിഖ്യാ വിശ്വാസത്തെ സംബന്ധിച്ച് വ്യാഖ്യാനം നടത്തിയ പ്രമുഖരായ ആദ്യകാല ദൈവശാസ്ത്രജ്ഞർ പരിശുദ്ധ ത്രിത്വം സംബന്ധിച്ച ഒരു സമഗ്രമായ ദൈവശാസ്ത്രം വികസിപ്പിച്ചു കൂടിയാണ് പ്രതിരോധം തീർത്തതെന്ന് കാണാം. പൈതൃകവിജ്ഞാനീയത്തിന്റെ സുവർണ്ണകാലം എന്നറിയപ്പെടുന്ന നാലാം നൂറ്റാണ്ടിൽ പൗരസ്ത്യ പാരമ്പര്യത്തിൽ ത്രിത്വദർശനത്തിന്റെ വളർച്ചയ്ക്ക് നിർണായക സംഭാവനകൾ നൽകിയവരിൽ പ്രധാനികളാണ് അത്താനാസിയോസ്, വലിയ മാർ ബസേലിയോസ്, നാസിയാൻസിലെ ഗ്രീഗോറിയോസ്, നിസ്സായിലെ ഗ്രിഗോറിയോസ്, ജോൺ ക്രിസോസ്റ്റം, മാർ അപ്രേം തുടങ്ങിയവർ. ഇവരുടെയൊക്കെ പഠിപ്പിക്കലുകളുടെ സാരാംശം തരംതിരിച്ചൊന്ന് പരിശോധിക്കാം.

ത്രിത്വത്തിലെ ഒരുമയും ഐക്യവും

ത്രിത്വ വിശ്വാസം ബഹുദൈവ വിശ്വാസത്തിലേക്ക് വീണുപോകാതെ സംരക്ഷിക്കുവാൻ ത്രിത്വത്തിലെ ഐക്യം ഉറപ്പാക്കുന്ന ആദ്യകാല പൗരസ്ത്യ ചിന്തകരുടെ വിചാരങ്ങൾ താഴെപ്പറയുംവിധമാണ്:

1. സമസത്ത വാദം

പുത്രനും പരിശുദ്ധ റൂഹായും സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നു എന്ന 'ഹോമോഊസിയ' (സമസത്ത) വാദം ആദിമ ക്രിസ്തീയ

ചിന്തകർ വിശ്വാസപ്രമാണ വ്യാഖ്യാനത്തിൽ പല രീതിയിൽ അവതരിപ്പിക്കുന്നുണ്ട്. പിതാവിന്റെയും പുത്രന്റെയും സമ നിത്യതയും ഏക സാരാംശവും അവർ വ്യക്തമാക്കുവാൻ ശ്രമിച്ചു. ഒരുപോലെ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഉള്ള നിത്യതയും അസൃഷ്ടിതാവസ്ഥയും എല്ലാം സമ സത്തയുടെ വിശദീകരണങ്ങളാണ്.[2]

2. ഒരേ ഇച്ഛയും ഒരേ പ്രവർത്തനവും

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും ഐക്യം വിശദമാക്കുമ്പോൾ ഈ വേദപണ്ഡിതർ ഒരേ ഇച്ഛയും ഒരേ പ്രവർത്തനവും എടുത്തു പറയുന്നു. പരിശുദ്ധ ത്രിത്വത്തിൽ മൂന്നു വ്യത്യസ്തങ്ങളായ ആളത്തങ്ങൾ ഉണ്ടെങ്കിലും ഏക ഇച്ഛയോടെ ഒരുമിച്ച് പ്രവർത്തിക്കുന്നു. നിസ്സായിലെ ഗ്രീഗോറിയോസ് പറയുന്നു "അങ്ങനെയുള്ള ഓരോ പ്രവൃത്തിയും പിതാവിൽ നിന്ന് തുടങ്ങി പുത്രനിലൂടെ നീങ്ങി പരിശുദ്ധ റൂഹായിലൂടെ പൂർത്തീകരിക്കപ്പെടുന്നു. കർത്താക്കളുടെ വൈവിധ്യം ഉണ്ടെങ്കിലും പ്രവൃത്തി ഒന്നാണ്. സൃഷ്ടി, അതിന്റെ പരിപാലനം തുടങ്ങി ഏത് പ്രവർത്തനവും മൂന്നു പേരുടെയും ഒരുമിച്ചുള്ള പ്രവർത്തനമായാണ് സംഭവിക്കുന്നത്. മൂന്ന് കാര്യങ്ങളല്ല, ഒന്നാണ്."[3]

ഇന്നു മനസ്സിലാകുന്ന രീതിയിൽ ഇതൊന്നു വിശദമാക്കാം. സ്വന്തം കൈ നീട്ടി മറ്റൊരാൾക്ക് ഹസ്തദാനം നൽകുന്നതും കൈയിൽ പേന പിടിച്ച് ഒരു എഴുത്ത് എഴുതി തീർക്കുന്നതും ഓർക്കുക. അവിടെ ആ പ്രവൃത്തികൾക്ക് പിന്നിൽ കരം മാത്രമല്ല കരത്തിലേക്ക് വരുന്ന ഉള്ളിലെ ഞരമ്പും ആ ഞരമ്പിന്റെ സ്രോതസായ മസ്തിഷ്കവും ഒരുപോലെ പ്രവർത്തിച്ചാണ് ആ പ്രവൃത്തി നടക്കുന്നത്. കൈ മാത്രം പുറമേ കാണുമ്പോഴും അതിനോടൊപ്പം അദൃശ്യമായി ഞരമ്പും മസ്തിഷ്കവും പ്രവർത്തിക്കുന്നത് പോലെയാകും ചരിത്രത്തിൽ വെളിവായ ക്രിസ്തുവിനോടൊപ്പം പിതാവും പരിശുദ്ധാത്മാവും ചേർന്ന് പ്രവർത്തിച്ചത്. ത്രിത്വത്തിന്റെ ഐക്യത്തോടെയുള്ള പ്രവർത്തനത്തെ പ്രതീകാത്മകമായി വ്യക്തമാക്കാൻ ശ്രമിച്ചു എന്ന് മാത്രം.

3. പെരിക്കോറേസിസ്

'പെരിക്കോറേസിസ്' എന്ന ഗ്രീക്ക് വാക്കും ത്രിത്വത്തിലെ ഐക്യത്തെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നതാണല്ലോ. ഇത് പരസ്പരമുള്ള സഹവാസത്തെ സൂചിപ്പിക്കുന്നു. ത്രിത്വത്തിലെ ഓരോ ആളിന്റെയും വ്യതിരക്തത നിലനിൽക്കുമ്പോൾ തന്നെ മറ്റ് രണ്ടുപേരുടെയും ജീവനിൽ പങ്കുചേരുന്നു എന്നാണ് ഇതിന്റെ ആശയം.[4] ഒരാൾ ഒരു പ്രവർത്തനത്തിൽ മുന്നിൽ നിൽക്കുമ്പോഴും മറ്റു രണ്ടു പേരും ഒപ്പം ഉണ്ടാകും എന്ന ആശയമാണ് ഈ പെരിക്കോറെസിസ്.

4. പിതാവ് ഐക്യത്തിന്റെ തത്വം

ത്രിത്വത്തിന്റെ ഐക്യത്തിന്റെ മറ്റൊരു പ്രധാന അടിസ്ഥാനമായി പിതാക്കന്മാർ പറയുന്നത് പിതാവ് എന്ന വ്യക്തിയാണ്. പിതാവ് ഒരുവൻ ആകയാൽ പരിശുദ്ധ ത്രിത്വം ഒന്നാകുന്നു എന്ന വലിയ മാർ ബസേലിയോസിന്റെ പ്രസ്താവന ശ്രദ്ധേയമാണ്. പുത്രന്റെയും പരിശുദ്ധ റൂഹായുടെയും വ്യത്യസ്തങ്ങളായ വ്യക്തിത്വങ്ങൾ നിത്യമായി ഉരുത്തിരിയുന്നത് പിതാവ് എന്ന വ്യക്തിയിൽ നിന്നും ആണ്. പിതാവിനെ ഐക്യം ഉറപ്പാക്കുന്ന സ്രോതസ്സായി കാണുന്ന രീതിയാണ് ഈ പിതാക്കന്മാരിൽ കാണുന്നത്. പിതാവിൽ നിന്ന് ജനിക്കുന്ന പുത്രനെയും പിതാവിൽ നിന്ന് പുറപ്പെടുന്ന പരിശുദ്ധ റൂഹായെയും സംബന്ധിച്ച വേദ വെളിപാടുകളുടെ (ഉദാ. യോഹ. 15:26) അടിസ്ഥാനത്തിൽ നിന്നു കൂടിയാണ് അവർ ഈ ചിന്ത വളർത്തുന്നത്.

ആളത്വ വൈവിധ്യം

ഐക്യം പറയുമ്പോൾ തന്നെ ത്രിത്വത്തിലെ ആളത്വ വ്യത്യാസവും വ്യക്തമായി പറയുന്ന രീതിയാണ് കപ്പദോക്യൻ പിതാക്കന്മാർ എടുത്തത്. അറിയോസിന്റെ തരംതാഴ്ത്തി തരംതിരിക്കുന്ന ത്രിത്വ ചിന്തയെ എതിർക്കുന്നതോടൊപ്പം മൂന്നും ഒരാളാക്കുന്ന സബല്യനിസത്തിന്റെ ഉപരിപ്ലവ ചിന്തയെയും അവർ എതിർക്കുന്നു. അതിന്റെ ഭാഗമായാണ് ത്രിത്വത്തിൽ മൂന്ന് വ്യത്യസ്ത ആളത്തങ്ങൾ നിത്യതയിൽ തന്നെ ഉണ്ടെന്ന സത്യം ഇവർ ഊന്നൽ നല്കി പഠിപ്പിക്കുന്നത്.[5]

ദൈവത്തിന്റെ അജ്ഞേയത

ഏക സത്തയും മൂന്ന് വ്യക്തികളും ഉള്ള ത്രിത്വത്തെക്കുറിച്ച് ഇങ്ങനെയെല്ലാം പഠിപ്പിക്കുമെങ്കിലും ദൈവത്തിന്റെ യഥാർത്ഥ സത്ത മനുഷ്യന്റെ പരിമിതമായ ബുദ്ധിക്ക് മനസ്സിലാക്കുവാൻ പറ്റുന്നതല്ല എന്ന് ഈ വിശുദ്ധ വേദവ്യാഖ്യാതാക്കൾ വിനയത്തോടെ ഓർക്കുവാൻ പഠിപ്പിക്കുന്നു. വിശ്വാസ പ്രമാണത്തിലെ കമ്പി വാചകങ്ങൾ കൊണ്ടൊന്നും ദൈവിക രഹസ്യങ്ങളെ പൂർണ്ണമായും മനസ്സിലാക്കുക സാധ്യമല്ല എന്നും ആ ശ്രമത്തിന് പരിമിതികൾ ഉണ്ടെന്നതും ഇതിനോട് ചേർത്ത് മനസ്സിലാക്കാം. ത്രിത്വത്തെ സംബന്ധിച്ച് എന്തെങ്കിലും മനസ്സിലാക്കുവാൻ കഴിയുമെങ്കിൽ അത് ത്രിത്വം സ്വയം വെളിപ്പെടുത്തിയതുകൊണ്ടാണ്.

വിശ്വാസപ്രമാണം ഒരു ആരാധനയും ആശ്രയവും

അന്വേഷിച്ച് അറിയാൻ പരിമിതികൾ ഉണ്ടെങ്കിലും ത്രിത്വത്തെ ആരാധിച്ചു അനുഭവിക്കാം. വിശ്വാസപ്രമാണം തന്നെ ആരാധനയുടെ ഭാഗമായിട്ടാണല്ലോ പ്രധാനമായും ഉപയോഗിക്കുന്നത്. “ഞങ്ങൾ വിശ്വസിക്കുന്നു” എന്ന സാമൂഹ്യഭാവം അതിന് കൈ വരുന്നതും ഈ പശ്ചാത്തലത്തിലാണ്.

ത്രിത്വത്തിനുള്ള സ്തുതിയും സ്തോത്രവും ആണല്ലോ പുരാതന ക്രിസ്തീയ ആരാധനയിൽ നിറഞ്ഞുനിൽക്കുന്നത്. ഓർത്തഡോക്സി എന്ന വാക്കിന് കൈവന്നിരിക്കുന്ന പ്രധാന അർത്ഥം ശരിയായ ആരാധന അഥവാ മഹത്വം നൽകൽ എന്നതാണ്. 'ഡോക്സ' എന്നാൽ മഹത്വം എന്നാണല്ലോ. ശരിയായ ആരാധന ശരിയായ വിശ്വാസവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നതാണ്. ഈ ഒരു പശ്ചാത്തലത്തിൽ ആദ്യകാല പിതാക്കന്മാരുടെ പഠിപ്പിക്കലിന്റെ അടിസ്ഥാനത്തിൽ നിന്ന് ജാരോസ്ലാവ് പെലിക്കൻ ഓർമ്മിപ്പിക്കുന്നത് പ്രസക്തമാണ്, 'വിശ്വാസപ്രമാണം പ്രഥമവും പ്രധാനമായും ഉയർന്ന ദൈവശാസ്ത്ര വിശാരദന്മാരുടെ ഒരു ബിസിനസ് അല്ല, ഇത് കർതൃ പ്രാർത്ഥനയോടൊപ്പം ഒരു അർച്ചനയുടെയും ആരാധനയുടെയും നടപടിയുടെ ഭാഗമായി പ്രാർത്ഥിക്കപ്പെടുവാൻ ഉള്ളതാണ്.'[6] വിശ്വാസപ്രമാണം കേവലം കുറെ വിശ്വാസ പ്രസ്താവനകൾ എന്നതിലുപരി ആത്യന്തിക ആശ്രയം പരിശുദ്ധ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ആണെന്ന വിശ്വാസ പ്രഖ്യാപനവും കൂടിയാണല്ലോ.

അത്യുന്നത സ്നേഹ കൂട്ടായ്മ

നിഖ്യാ വിശ്വാസം സംരക്ഷിച്ചു എഴുതിയ ആദ്യകാല പിതാക്കന്മാരിൽ പലരും ത്രിത്വത്തിലെ മൂന്നു വ്യക്തികളുടെയും പരസ്പര ബന്ധത്തെക്കുറിച്ചും സന്തോഷകരമായ സ്നേഹ കൂട്ടായ്മയെ കുറിച്ചും പറയുന്നുണ്ട്. പിതാവും പുത്രനും പരിശുദ്ധ റൂഹായും തമ്മിലുള്ള സംഭാഷണ സംവേദനങ്ങളിലൂടെയുള്ള പരസ്പര ബന്ധവും സുവിശേഷങ്ങളിൽ സുവ്യക്തമാണ്. ഇതിന് നിത്യമായ ഒരു പ്രസക്തി ഉണ്ടെന്ന വാദമായിരുന്നു കപ്പദോക്യൻ പിതാക്കന്മാരുടെയും അത്താനാസിയോസിന്റെയും.

ആധുനിക ഓർത്തഡോക്സ് ദൈവശാസ്ത്രത്തിൽ ത്രിത്വത്തിലെ വ്യക്തിത്വങ്ങളുടെ സ്നേഹ കൂട്ടായ്മയും പങ്കുവയ്ക്കലും ഒരു സുപ്രധാന ആശയമാണ്. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് സ്നേഹം പങ്കിടുന്ന ലോകത്തിന്റെ സമുന്നത മാതൃകയും പ്രചോദനവും ആയി ത്രിത്വത്തെ വിശദീകരിക്കുന്നു. ദൈവം സ്നേഹമാകുന്നു എന്ന വേദവാക്യം (1 യോഹ. 4:8) ഉദ്ധരിച്ച് 'ദൈവം സ്നേഹമാകുന്നു എങ്കിൽ ദൈവം ത്രിത്വമാകുന്നു' എന്ന് മാർ ഒസ്താത്തിയോസ് തറപ്പിച്ച് പറയുന്നു. ദൈവം സ്നേഹം ആണെങ്കിൽ സ്നേഹം പങ്കുവയ്ക്കപ്പെടേണ്ടതാണെന്നും ദൈവം ഏകൻ മാത്രമാണെങ്കിൽ സ്നേഹം പകരുക അസാധ്യമായി തീരും എന്നും അദ്ദേഹം വ്യാഖ്യാനിക്കുന്നു.

സ്നേഹ സമൂഹ നിർമ്മിതി ഒരു ലോകോന്മുഖമായ നിയോഗം

വൈവിധ്യവും ഏകത്വവും സമന്വയിപ്പിക്കുന്ന സ്നേഹസമൂഹ നിർമ്മിതിക്കായുള്ള ഉൽകൃഷ്ട വെളിച്ചവും ശക്തിയും ആണ് പരിശുദ്ധ ത്രിത്വം എന്ന

താണ് ഈ ദർശനത്തിന്റെ നിത്യ നൂതന പ്രസക്തി. വർഗ്ഗീയതയും ഫാസിസവും ജാതി വിവേചനങ്ങളും രാഷ്ട്രീയ അക്രമങ്ങളും വിഭാഗീയതകളും പാർശ്വവൽക്കരിക്കപ്പെടുന്നവരെ പീഡിപ്പിക്കുന്നതും എല്ലാംകൊണ്ട് വികൃതമാകുന്ന ലോകത്തിന് സൗന്ദര്യവും സന്തോഷവും പകരുന്നതാണ് വിശ്വാസപ്രമാണത്തിലൂടെ സ്ഥിരം ഓർമ്മിപ്പിക്കപ്പെടുന്ന ത്രിത്വ ദർശനം. നിത്യതയെയും ചരിത്രത്തെയും മനോഹരമായി സമന്വയിപ്പിക്കുന്ന ഈ വിശ്വാസപ്രമാണത്തിന്റെ ലോകോന്മുഖത ശ്രദ്ധേയമാണ്. സൃഷ്ടി നടത്തുന്ന, രക്ഷ ഒരുക്കുന്ന, ജീവൻ പകരുന്ന പരിശുദ്ധ ത്രിത്വത്തിന്റെ ലോകോന്മുഖമായ സ്നേഹ ശുശ്രൂഷ തുടർന്നുകൊണ്ട് പോകുവാനുള്ള സഭയുടെ നിയോഗവും ഇതിലൂടെ ഓർക്കാം. സ്നേഹവും നീതിയും സമാധാനവും സ്വാതന്ത്ര്യവും നിറയുന്ന ഒരു ലോകത്തിനായി ശ്രമിക്കുമ്പോഴും അത് അവസാനം ഇല്ലാത്ത ഒരു രാജ്യത്തിന്റെ പ്രാരംഭ ശുശ്രൂഷയായി കാണുവാനുള്ള പ്രത്യാശയും പകരുന്നതാണ് വിശ്വാസപ്രമാണം. ഞങ്ങൾ വിശ്വസിക്കുന്നു എന്ന് ഓരോ പ്രാവശ്യവും പറയുമ്പോഴും ചരിത്രത്തിൽ ആ രാജ്യം രൂപപ്പെടുത്തുവാൻ ത്രിത്വത്തിൽ ആശ്രയം വയ്ക്കുകയാണെന്ന് കൂടി ഓർക്കാം. ഒപ്പം ലോകത്തെ ദുരിതത്തിലേക്ക് വിഭാഗീയതയിലേക്ക് നാശത്തിലേക്ക് തള്ളിവിടുന്ന പ്രബലമായ സാമ്രാജ്യത്വ ശക്തികളിൽ അല്ല തങ്ങളുടെ ആത്യന്തിക ആശ്രയവും ആരാധനയും എന്ന ഒരു സമൂഹത്തിന്റെ സ്വയാവബോധം ഉറക്കെ പ്രഖ്യാപിക്കുക കൂടെയാണ്. ആത്യന്തികമായ ആശ്രയവും ആരാധനയും ത്രിത്വമെന്ന നിത്യ സ്നേഹ കൂട്ടായ്മയ്ക്ക് ആണെന്ന തിരിച്ചറിവ് ചരിത്രത്തിൽ ഒരു സ്നേഹസമൂഹ നിർമ്മിതിക്കുള്ള പ്രചോദനമാണ്. നിത്യമായ ബന്ധങ്ങളുടെയും പങ്കുവയ്ക്കലിന്റെയും സ്നേഹമാണ് ദൈവം എന്ന ബോധ്യവും ഈ സ്നേഹത്തിൽ നിന്നു ക്രിസ്തുവിലൂടെ ചരിത്രത്തിലേക്കു വന്ന സുവിശേഷ വെളിച്ചം സംബന്ധിച്ച തിരിച്ചറിവും വരുത്തുന്ന മാറ്റങ്ങൾ വിപ്ലവാത്മകമായിരിക്കും. അനിയന്ത്രിതമായ സ്വാർത്ഥതയും വ്യക്തിവാദവും മതങ്ങളോട് ബന്ധപ്പെട്ട വർഗ്ഗീയതയും വ്യാപിക്കുന്ന സാഹചര്യത്തിൽ ഈ ദർശനം ജീവിതത്തിന് മാർഗ്ഗദീപമാകും; സഭയ്ക്കും സമൂഹത്തിനും കൂടെയും.

End Notes

1. Orthodoxy and Western Culture ed. Valerie Hotchkiss and Patrick Henry (New York: St. Vladimir's Seminary Press , 2005) p. 176

2. Gregory of Nazianzus, Or. 29.2 in The Later Christian Fathers ed. and tr. By Henry Bettenson (London: Oxford University Press, 1970) 117

3. The Later Christian Fathers ed. and tr. By Henry Bettenson (London: Oxford University Press, 1970)?. 153

4. പ. ത്രിത്വം. ed. Joseph Pamplany and Thomas Kochukarottu (Kannur : Alpha Institute of Theology and Science , 2014) p. 47

5. Gregory Nazianzen, Oration 39.11 in The Later Christian Fathers ed. and tr. By Henry Bettenson (London: Oxford University Press, 1970) p. 118

6. Jaroslav Pelikan, “The Will to Believe and the Need for Creed” in Orthodoxy and Western Culture ed. Valerie Hotchkiss and Patrick Henry (New York: St. Vladimir’s Seminary Press , 2005) p. 179

3

ദൈവീകരണം: പ്രാധാന്യവും കാലിക പ്രസക്തിയും

വിശ്വാസ ജീവിതവും ആത്മീയ അനുഷ്ഠാനങ്ങളും എന്തിനുവേണ്ടി യാണ്? ഈ ചോദ്യത്തിന് വ്യത്യസ്തങ്ങളായ ഉത്തരങ്ങൾ ഉണ്ടാകും; വൈകാരിക സംതൃപ്തി, സാമൂഹ്യ സമ്പർക്കം, നിത്യജീവനിലേക്ക് ഒരുക്കം, ഉദ്ദിഷ്ട കാര്യസാധ്യം, ദൈവീകരണം തുടങ്ങിയവ അവയിൽ ചിലതു മാത്രം. ഈ ഉത്തരങ്ങളിൽ എല്ലാ കാലത്തും ലോകമെങ്ങും ഓർത്തഡോക്സ് സഭകൾ ഊന്നിപ്പറഞ്ഞിട്ടുള്ളത് മനുഷ്യന്റെ ദൈവീകരണം ആണ്.

ദൈവ ദർശനവും ദൈവാശ്രയവും നിത്യജീവനും എല്ലാം ആത്മീയത യിൽ പ്രധാനമായി കരുതപ്പെടുന്നെങ്കിലും പുരാതന ക്രിസ്തീയ പാരമ്പര്യ ത്തിൽ ദൈവീകരണം തന്നെയാണ് പരമ പ്രധാനമായ ജീവിത ലക്ഷ്യം.

ദൈവ സംസർഗത്തിലൂടെ ദൈവസ്വഭാവത്തിൽ വളർന്നു ദൈവത്തെ പോലെ ആകുന്നതാണ് ദൈവീകരണം. ദൈവത്തിന്റെ ആരംഭം ഇല്ലാത്ത അവസ്ഥയോ, സർവ്വശക്തിയോ, സർവ്വജ്ഞാനമോ ഒന്നും മനുഷ്യന് ആർജി ക്കുവാൻ കഴിയുകയില്ല. എന്നാൽ ദൈവത്തിന്റെ സ്നേഹവും കരുണയും വിശുദ്ധിയും വിനയവും നീതിയും സത്യവും എല്ലാം മനുഷ്യർക്ക് ജീവിത ത്തിൽ സ്വാംശീകരിച്ച് വളർത്തുവാനുള്ള സാധ്യതയുണ്ട്. ഈ സാധ്യതയുടെ പൂർണ്ണ പ്രകാശനമായിരുന്നു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായിരുന്ന ക്രിസ്തു. അതുകൊണ്ട് ദൈവീകരണം എന്നു പറഞ്ഞാൽ ക്രിസ്തുവിനെ പോലെ ആയിത്തീരലാണ്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യ നിൽ ദൈവത്തെപ്പോലെ ആയിത്തീരാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഈ പ്രക്രിയയെ മാനുഷീകരണം എന്നും വിളിക്കാം. Deification, Divinisation, Theosis, Christification തുടങ്ങിയ പദങ്ങളിലൂടെ എല്ലാം അറിയപ്പെടുന്ന ദൈവീകരണ പദ്ധതി പൂർണ്ണ മനുഷ്യനായി തീരുന്ന അനുഭവം ആണ്. അതുകൊണ്ടാണ് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ "Divinisation is humanisation. Theosis is Anthropesis" എന്ന് എഴുതിയത് (*The Cosmic Man*, page 230).

'നിങ്ങളുടെ സ്വർഗീയ പിതാവ് സൽഗുണ പൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും സൽഗുണ പൂർണരാകുവിൻ' (മത്തായി 5:48) എന്ന കർത്തൃവചനവും 'ദിവ്യസ്വഭാവത്തിന് കൂട്ടാളികളായി തീരുക' (2 പത്രോസ് 1:4) എന്ന പത്രോസ് ശ്ലീഹായുടെ ലേഖനത്തിലെ പരാമർശവും 'കർത്താവിന്റെ തേജസിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു' (2 കൊരിന്ത്യർ 3:18), 'ക്രിസ്തു എന്ന തലയോളം വളരുക' (എഫെസ്യർ 4:15) എന്നീ പ. പൗലോസ് ശ്ലീഹായുടെ വാക്കുകളും ദൈവീകരണ ദർശനത്തിന്റെ അടിസ്ഥാന വേദ വാക്യങ്ങളാണ്. ദൈവം മനുഷ്യനെ തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചതിനെക്കുറിച്ച് പറയുന്ന ഉല്പത്തി 1:26, 27 വാക്യങ്ങളും ദൈവീകരണ ചിന്തയിൽ സുപ്രധാനമാണ്. മനുഷ്യനിലെ ദൈവ സാദൃശ്യത്തിന് പല വിശദീകരണങ്ങൾ ഉള്ളതിൽ സുപ്രധാനമാണ് ദൈവത്തിന്റെ സൽഗുണങ്ങളുടെ സാദൃശ്യം. വ്യവസ്ഥയില്ലാത്തതും ത്യാഗനിർഭരവുമായ സ്നേഹത്തിൽ മനുഷ്യൻ വളരുന്നതാണ് സ്നേഹമായ ദൈവത്തെപോലെ ആയിത്തീരുന്നതിൽ ഒരു പ്രധാന കാര്യം. ക്രിസ്തു വെളിപ്പെടുത്തിയത് അങ്ങനെയുള്ള സ്നേഹം ആയിരുന്നല്ലോ.

ദൈവീകരണം മനസ്സിലാക്കാൻ പൊതുവേ ഉയർത്തി കാട്ടാറുള്ള ഒരു പ്രതീകം തീയിൽ ഒരു ഇരുമ്പ് കട്ട ഒരു തീക്കട്ടയായി തീരുന്ന രീതിയാണ്. ഇരുമ്പ്, തീ അതേ രീതിയിൽ സ്വീകരിക്കുന്നില്ലെങ്കിലും തീയുടെ പല സ്വഭാവങ്ങളും തീയിൽ കുറെ സമയം പിടിക്കുന്ന ഇരുമ്പിലേക്ക് സാംശീകരിക്കപ്പെടുന്നു. ഇതുപോലെ ആണ് മനുഷ്യൻ നിരന്തര ദൈവബന്ധത്തിൽ രൂപാന്തരപ്പെടുന്നത്. മധ്യകാലഘട്ടത്തിൽ തെസ്സലോനിക്കയിൽ ജീവിച്ചിരുന്ന നിക്കോളാസ് കാവാസിലാസ് (1322–1391) എന്ന വിശുദ്ധൻ പറഞ്ഞിട്ടുള്ളത് 'ഒരു വെള്ളത്തുള്ളി ഒരു പാത്രത്തിലെ സുഗന്ധതൈലത്തിലേക്ക് വീണു അതും സുഗന്ധമായി മാറുന്നതുപോലെയാണ് നാം നിരന്തര ക്രിസ്തുബന്ധത്തിൽ രൂപാന്തരപ്പെട്ടു ക്രിസ്തുഭാവത്തിൽ ആയിത്തീരുന്നത്' എന്നാണ്.

ദൈവീകരണം മനസ്സിലാക്കുവാൻ വളരെ സഹായിക്കുന്ന ഒരു പദമാണ് 'ആയിത്തീരൽ.' വെള്ളത്തുള്ളി സുഗന്ധം ആയിത്തീരുന്നു. ടയർ ഫാക്ടറിയിൽ റബ്ബർ, ടയർ ആയിത്തീരുന്നു. വിശുദ്ധ കുർബാനയിൽ അപ്പവീഞ്ഞുകൾ തിരുശരീരരക്തങ്ങൾ ആയിത്തീരുന്നു. ഒരു വിത്ത് വേണ്ടവിധം വെള്ളവും ഇതര പരിപോഷണങ്ങളും ലഭിക്കുമ്പോൾ മരം ആയിത്തീരുന്നു. ഒരു കോശമായി ആരംഭിക്കുന്ന ജീവൻ മാതൃ ഉദരത്തിൽ ഒരു കുഞ്ഞ് ആയിത്തീരുന്നു. സുഖസൗകര്യങ്ങൾ ആർജിക്കുന്നതിൽ ഉപരി 'ആയിത്തീരലിനു' വേണ്ടിയാണ് സമയം നൽകപ്പെട്ടിരിക്കുന്നത്. ദൈവകൃപയോട് സഹകരിച്ച്

ഓരോരുത്തരും മനുഷ്യസമൂഹം മുഴുവനും ദൈവീകരാകാൻ നിയോഗം പ്രാപിച്ചിട്ടുള്ളതാണ്.

ആദിമകാല ക്രിസ്തീയ പിതാക്കന്മാരിൽ പലരും ദൈവീകരണം സംബന്ധിച്ച് പഠിപ്പിച്ചിട്ടുണ്ട്. ഐറേനിയോസ്, അലക്സാന്ത്രിയയിലെ ക്ലീമിസ്, അത്താനാസിയോസ്, കപ്പദോക്യൻ പിതാക്കന്മാർ, അപ്രേം തുടങ്ങിയവർ അവരിൽ ചിലർ മാത്രം. ദൈവം മനുഷ്യനായത് മനുഷ്യർ ദൈവീകരാകാൻ വേണ്ടിയായിരുന്നു എന്നത് ഈ പിതാക്കന്മാർ പലവിധത്തിൽ പഠിപ്പിച്ചിട്ടുള്ളതാണ്. ദൈവം ആകാൻ വിളിയുള്ള സൃഷ്ടിയാണ് മനുഷ്യൻ എന്ന് പഠിപ്പിച്ച വലിയ മാർ ബസേലിയോസ് മനുഷ്യനിലെ ദൈവസ്വരൂപവും സാദൃശ്യവും അല്പം വേർതിരിച്ച് വ്യാഖ്യാനിക്കുന്നുണ്ട്. 'നമ്മൾ സൃഷ്ടിക്കപ്പെട്ടപ്പോൾ തന്നെ ദൈവസ്വരൂപം നമ്മിൽ ഉണ്ടായി. എന്നാൽ ദൈവസാദൃശ്യം നമ്മുടെ സ്വതന്ത്രമായ തെരഞ്ഞെടുപ്പുകളിലൂടെ രൂപപ്പെടുത്തി വളർത്തുന്നു. ... നമ്മുടെ സ്വതന്ത്ര ഇച്ഛയാലാണ് ദൈവസാദൃശ്യത്തിലേക്ക് നാം ആയിത്തീരുന്നത്.' നാലാം നൂറ്റാണ്ടിൽ വലിയ മാർ ബസേലിയോസ് പഠിപ്പിച്ചതാണിത്. ഇതിന്റെ അർത്ഥം സൃഷ്ടിയിലെ ഏതൊരാൾക്കും ലഭ്യമായിരിക്കുന്ന ദൈവീകരണത്തിനുള്ള സാധ്യതയെ പൂർത്തീകരിച്ച് മനുഷ്യത്വ പൂർണ്ണതയിലേക്ക് തന്നെത്തന്നെ പണിതെടുക്കുന്നതിന് ഓരോരുത്തരും ഉത്സാഹിക്കണം എന്നാണ്.

സുറിയാനി ഓർത്തഡോക്സ് ആരാധനാ പാരമ്പര്യത്തിലും ദൈവീകരണ ദർശനം സജീവമാണ്. കർത്താവേ 'തിരുമുഖ ശോഭ ഇവനിൽ/ഇവളിൽ പ്രതിബിംബിക്കേണമേ' എന്ന മാമോദീസാ ശുശ്രൂഷയിലെ സെദറയിൽ പ്രാർത്ഥിക്കുന്നത് ഇതിന് ഉദാഹരണമാണ്. മാമോദീസായുടെ പാട്ടുകളിൽ സഭയെ പോറ്റമ്മയായി ചിത്രീകരിക്കുന്നത് മാമോദീസയിലൂടെ പുതുതായി ജനിച്ച ആളെ ക്രിസ്തു എന്ന തലയോളം വളരുവാൻ പരിപോഷിപ്പിക്കാനുള്ള സഭയുടെ ദൗത്യം ഓർമിപ്പിക്കുന്നു. സഭയുടെ ഭാഗമായി കുടുംബങ്ങൾക്കും ഈ ഉത്തരവാദിത്വം ഉണ്ടെന്നോർക്കാം. വിശുദ്ധ കുർബാനയുടെ പ്രഭാത നമസ്കാരത്തിൽ 'തൻ സാമ്യം നാം പൂണ്ടിടുവാൻ നമ്മുടെ സാമ്യം അവൻ പൂണ്ടു' എന്നും വിശുദ്ധ കുർബാനയിലെ പ്രാർത്ഥനയിൽ 'ക്രിസ്തീയ പൂർണ്ണത ഞങ്ങൾക്ക് സൗജന്യമായി തരേണമേ' എന്ന് പ്രാർത്ഥിക്കുന്നതും ഈ ദൈവീകരണ ദർശനം വ്യക്തമാക്കുന്നു. വിശുദ്ധ കുർബാന സ്വീകരിച്ച് നാം രൂപാന്തരപ്പെട്ട് അപ്പവീഞ്ഞുകൾ പരിശുദ്ധാത്മ വ്യാപാരത്താൽ തിരു ശരീരരക്തങ്ങളായി മാറിയതുപോലെ ക്രിസ്തുവായി തീരുന്നു എന്നതാണല്ലോ നമ്മുടെ വിശ്വാസ ബോധ്യം. വിവാഹ കൂദാശയിൽ മോതിരം നൽകി കഴിഞ്ഞുള്ള പ്രാർത്ഥനയിൽ വിനയത്തിലും പരിപാകതയിലും ദൈവീക നീതിയിലും സ്നേഹത്തിലും മണവാളനും മണവാട്ടിയും ശ്രേഷ്ഠരായി തീരട്ടെ എന്ന് പരാമർശിച്ചശേഷം പറയുന്നത് ഇപ്രകാരമാണ്: 'ഇവ

രുടെ ഈ അന്യോന്യ ബന്ധവും ചേർച്ചയും തന്റെ പ്രീതിക്കും യോഗ്യമായ വിധത്തിലുള്ള സ്വഭാവ വളർച്ചയ്ക്കും ഉതകുവാൻ സംഗതി ആകട്ടെ.' ഈ സ്വഭാവ വളർച്ചയാണ് ദൈവീകരണം. ഭാര്യയും ഭർത്താവും അതിന് പരസ്പരം പ്രോത്സാഹിപ്പിക്കുവാനുള്ള ഉത്തരവാദിത്വം ആണുള്ളത്.

ഓർത്തഡോക്സ് പാരമ്പര്യത്തിൽ ദൈവീകരണത്തിനായി മനുഷ്യൻ ദൈവകൃപയോട് സഹകരിക്കുന്നതിനെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന 'സിനർജി' (Synergy) എന്ന വാക്കിന്റെ അർത്ഥം സഹകരണം അഥവാ സമന്വയം എന്നാണ്. കുരങ്ങ് തന്റെ കുഞ്ഞിനെ വഹിച്ചുകൊണ്ടുപോകുമ്പോൾ ആ കുഞ്ഞും മുന്നോട്ടുള്ള പ്രയാണത്തിൽ അമ്മയുടെ ഉദരത്തിൽ അള്ളിപ്പിടിച്ച് അമ്മയോട് സഹകരിക്കുന്നു. ഇത് ദൈവീകരണ പാതയിലെ സിനർജിക്ക് നല്ല ഉദാഹരണമാണ്. പൂച്ച തന്റെ കുഞ്ഞിനെ പെടലിക്ക് കടിച്ചുപിടിച്ചുകൊണ്ടുപോകുന്നതുപോലെ അല്ല ദൈവം മനുഷ്യന്റെ ദൈവീകരണത്തിൽ ഇടപെടുന്നത്. മനുഷ്യരുടെ സ്വാതന്ത്ര്യത്തെ മാനിച്ചുകൊണ്ടു തന്നെയാണ് ദൈവം മനുഷ്യർക്ക് കൃപ ചൊരിയുന്നത്. അതുകൊണ്ടാണ് നിരന്തരമായ ആത്മീയചര്യകളും അനുഷ്ഠാനങ്ങളും പ്രസക്തമാകുന്നത്. ധ്യാനം ഉപവാസം, അനുതാപം, പ്രാർത്ഥന, കൂദാശാനുഭവങ്ങൾ, നിശബ്ദത, വേദവായനയും പഠനങ്ങളും, പരിശുദ്ധരോടുള്ള സംസർഗം തുടങ്ങിയവയെല്ലാം ക്രിസ്തുവെന്ന തലയോളം വളരുവാൻ അഥവാ ദൈവീകരണത്തിന് വിശ്വാസികൾ പ്രയോജനപ്പെടുത്തുവാൻ ചുമതലപ്പെട്ടിട്ടുണ്ട്.

ദ്വിതീയ മഹത്വത്തിൽ (secondary greatness) കേന്ദ്രീകരിച്ചുള്ള ജീവിത വീക്ഷണത്തിന്റെ വിരസത അതിജീവിക്കുവാൻ സഹായിക്കുന്നതാണ് ദൈവീകരണ ദർശനം. ഇതാണ് പ്രഥമവും പ്രധാനവുമായ മഹത്വം (primary greatness). സുഖസൗകര്യങ്ങളുടെയും കാര്യക്ഷമതയുടെയും വിനോദത്തിന്റെയും അറിവിന്റെയും വർദ്ധനവ് കൊണ്ട് മാത്രമാകുന്നില്ല. മനുഷ്യത്വത്തിന്റെ വർദ്ധനവ് ജീവിത സംതൃപ്തിക്കും സന്തോഷത്തിനും അനിവാര്യമാണ്. ദൈവ സംസർഗ്ഗത്തിലുള്ള ജീവിതം അതിന്റെ അടിസ്ഥാനമാണ്. സാങ്കേതികവിദ്യ മനുഷ്യനിലേക്ക് കൂടുതലായി സന്നിവേശിപ്പിച്ച് മനുഷ്യനെ കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രമിക്കുന്ന ട്രാൻസ് ഹ്യൂമനിസത്തിന്റെ ഇക്കാലത്ത് സകലത്തെയും പൂർണമാക്കുന്ന പരിശുദ്ധാത്മ സഹായത്താൽ മനുഷ്യനെ ശരിക്കും മനുഷ്യനാക്കുന്ന ദൈവീകരണ പദ്ധതി ഏറെ പ്രസക്തമാവുകയാണ്.

മനുഷ്യനെ സംബന്ധിച്ച ശാസ്ത്രീയ വീക്ഷണങ്ങളുടെ പരിമിതികൾ വെളിപ്പെടുത്തുന്നതാണ് മനുഷ്യന്റെ ദൈവീകരണ ദർശനം. ജീവശാസ്ത്രവും മനഃശാസ്ത്രവും സാമൂഹ്യശാസ്ത്രവും ഒക്കെ മനുഷ്യനെ സംബന്ധിച്ച് കുറെ അറിവുകൾ പകരുന്നുണ്ട്. എന്നാൽ മനുഷ്യന് ദൈവ

ബന്ധത്തിൽ ജീവിച്ച് അനന്തമായി വളരുവാനുള്ള വെളിച്ചം സ്വീകരിക്കുവാൻ ദൈവശാസ്ത്രപരമായ മനുഷ്യശാസ്ത്രവും ഏറെ ആവശ്യമാണെന്ന് ഓർമ്മിപ്പിക്കുന്നതാണ് ദൈവീകരണ ദർശനം. ജനിതക വിധിസങ്കല്പം (genetic fatalism) ഉൾപ്പെടെ എല്ലാ വിധി ചിന്തകളും അതിജീവിച്ച് പുതുക്കപ്പെടാനും നവീകരിക്കപ്പെടാനും നമ്മെ സഹായിക്കുന്നതാണ് ഈ ദർശനം.

സഭാ ജീവിതത്തിന്റെയും നിരന്തരമായ ആത്മീയ അനുഷ്ഠാനങ്ങളുടെയും പ്രാധാന്യവും പ്രസക്തിയും ബോധ്യപ്പെടുത്തുന്നതാണ് ദൈവീകരണ ദർശനം. എന്തിനാണ് ആവർത്തിച്ച് ആരാധനയിൽ സംബന്ധിക്കുന്നത്? എന്തിന് ദിവസേന കുടുംബ പ്രാർത്ഥന? എന്തിന് ആവർത്തിക്കുന്ന നോമ്പ് ഉപവാസങ്ങൾ? ഉത്തരം ദൈവീകരണ ലക്ഷ്യമാണ്. ഒരു പാറക്കെട്ടിൽ ഒരു ടാങ്ക് വെള്ളം ഒരു ദിവസം ഒഴിച്ചുകഴിഞ്ഞ് നോക്കിയാലും വലിയ മാറ്റം ഒന്നും കാണുകയില്ല. എന്നാൽ ആ പാറയിൽ ഒരു പ്രത്യേക സ്ഥലത്ത് ഒരു വർഷക്കാലം തുടർച്ചയായി ഓരോ തുള്ളി വെള്ളം വീതം വീണാൽ ഒടുവിൽ അവിടെ ചില മാറ്റങ്ങൾ രൂപപ്പെടും. ഇതുപോലെ അനുഷ്ഠാനങ്ങളുടെ ആവർത്തനത്തിന്റെ പ്രസക്തി ദൈവീകരണ പുരോഗതിയിൽ നിർണായകമാണ്.

ദൈവീകരണം മിക്ക മതങ്ങളിലും പല രൂപത്തിൽ കാണുവാൻ കഴിയും. ഓർത്തഡോക്സ് പാരമ്പര്യത്തിൽ അത് സുപ്രധാനമായ പഠിപ്പിക്കലാണ്. വർഗീയത ഉൾപ്പെടെ പല കാരണങ്ങളാൽ മതത്തിന്റെ പ്രസക്തി വളരെയധികം ചോദ്യം ചെയ്യപ്പെടുന്ന ഇക്കാലത്ത് ഉപരിപ്ലവമായ തലങ്ങളിൽ നിന്ന് മതം സുപ്രധാനമായതിൽ ശ്രദ്ധ വച്ചാലേ അതിന്റെ പ്രസക്തി നിലനിർത്തുവാൻ കഴിയൂ. ദൈവീകരണം പരമപ്രധാനമാക്കുമ്പോഴാണ് അതിന് പോഷണവും പ്രോത്സാഹനവും നൽകുന്ന അമ്മയായ സഭയെ സ്നേഹിച്ച് അതിനോട് ബന്ധപ്പെട്ടിരിക്കാൻ മക്കൾക്ക് കഴിയുന്നത്. സഭ മുഴുവൻ ദൈവീകരണത്തിലൂടെ ദൈവസാന്നിധ്യമായി ലോകത്തിന്റെ ദൈവീകരണത്തിന് പ്രചോദനമാകേണ്ടതാണ്.

അധികാരവും ആയുധവും ഇല്ലാതെ ഏറ്റവും അധികം ലോകത്തെ സ്വാധീനിച്ചവർ ദൈവീകരണം പ്രാപിച്ചവരാണ്. അവരെയാണല്ലോ വിശുദ്ധർ എന്നു വിളിക്കുന്നത്. ദൈവീകരണത്തിലൂടെ ഓരോ വ്യക്തിയുടെയും പോസിറ്റീവ് സ്വാധീനശക്തി വിപുലീകരിക്കപ്പെടുകയാണ്. കുടുംബത്തിന്റെ ഉൾപ്പെടെ ഏത് മേഖലയുടെയും മാനുഷീകരണവും സന്തോഷവും ഉറപ്പാക്കുന്ന ദൈവീകരണം ഈ ഭൂമിയിലൂടെ കടന്നുപോകുന്ന ഏതൊരാളുടെയും ഏതൊരു സമൂഹത്തിന്റെയും ജീവിത നിയോഗം ആണെന്നോർക്കാം. ലോകത്തിന്റെ മാനുഷീകരണം ഉറപ്പാക്കുന്ന ഈ നിയോഗ പൂർത്തീകരണത്തിൽ ആരും ഒറ്റയ്ക്കല്ല എന്നതും ചേർത്തു ചിന്തിക്കാം.

4

സത്യാനന്തര യുഗത്തിലും പരിശുദ്ധാത്മാവിനെ അനുസരിച്ച്

യേശുക്രിസ്തു ഏറ്റവും അവസാനം സ്വർഗ്ഗാരോഹണത്തിന് തൊട്ടുമുമ്പ് ശിഷ്യന്മാരോട് നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം (അപ്പോസ്തോല പ്രവൃത്തികൾ 1:4) എന്നു പറഞ്ഞു. അതനുസരിച്ച് പരിശുദ്ധ കന്യക മറിയാമും യേശുവിന്റെ ശിഷ്യന്മാരും യേശുവിനെ അനുഗമിച്ചവരും ഉൾപ്പെടെ ഏകദേശം 120 പേരുടെ സംഘം അങ്ങനെ കാത്തിരുന്നു പ്രാർത്ഥിച്ചതിന്റെ ഒടുവിൽ പരിശുദ്ധാത്മാവിന്റെ സമൃദ്ധമായ ആവാസം അവർക്ക് ഉണ്ടായി. ഇതെല്ലാം ഓർത്തുകൊണ്ടാണ് മാമോദീസായിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരെങ്കിലും പരിശുദ്ധാത്മാവിനെ ജ്വലിപ്പിക്കുവാനായി പെന്തിക്കോസ്തി പെരുന്നാളിലേക്ക് പ്രാർത്ഥിച്ച് നാം ഒരുങ്ങുന്നത്.

വൈദിക സെമിനാരി പരിശീലനത്തിന്റെ അവസാന വർഷത്തിൽ ഞങ്ങൾ ഏതാനും ശെമ്മാശന്മാർ അന്ന് കാതോലിക്കാ ബാവാ ആയിരുന്ന പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയെ കണ്ട് പെന്തിക്കോസ്തി പെരുന്നാളിന് മുമ്പായി കാത്തിരിപ്പ് ധ്യാനം പരുമലയിൽ നടത്തുന്നതിനെ സംബന്ധിച്ച് സംസാരിച്ചു. അത് നടപ്പാക്കുവാൻ പരിശുദ്ധ ബാവാ തിരുമേനി കൽപ്പിച്ചതനുസരിച്ച് 1991 മുതൽ കുറെ വർഷങ്ങളിൽ കാത്തിരിപ്പ് നാളുകളിൽ മൂന്ന് ദിവസങ്ങൾ ഉപവാസവും പ്രാർത്ഥനയും ആയി 500-ലധികം ആളുകൾ പരുമലയിൽ പ്രാർത്ഥനയോടെ കഴിഞ്ഞിരുന്നത് ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കുന്നു. 'ഒന്നിച്ചു കൂടാം കാത്തിരിക്കാം' എന്നതായിരുന്നു അതിന്റെ പൊതു പ്രമേയം. ഇപ്പോഴും അങ്ങനെ ചില ഇടങ്ങളിൽ നടക്കുന്നുണ്ടാകും. ഓരോ കുടുംബവും ഓരോ ഇടവകയും ക്രിസ്തീയ ജീവിതത്തിന് വെല്ലുവിളികൾ ഏറിവരുന്ന ഈ നാളുകളിൽ കൂടുതലായി പരിശുദ്ധാത്മ സഹായവും ശക്തീകരണവും തേടേണ്ടത് അനിവാര്യമാണല്ലോ.

ഓക്സ്ഫോർഡ് ഡിക്ഷ്ണറി 2016-ലെ word of the year ആയി തിരഞ്ഞെ

ടുത്തത് 'Post-Truth' ആണ്. എല്ലാ കാലഘട്ടങ്ങളിലും കള്ളവും വഞ്ചനയും ഉണ്ടല്ലോ. പിന്നെന്ത് സത്യാനന്തര യുഗം? വസ്തുനിഷ്ഠമായ സത്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമല്ല പൊതുജനാഭിപ്രായം രൂപപ്പെടുത്തേണ്ടത് എന്ന ഒരു ചിന്താഗതിയാണീ post truthism. വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളെക്കാൾ വികാരങ്ങളും സ്വാർത്ഥ താൽപര്യങ്ങളും കൂടുതലായി സ്വാധീനം ചെലുത്താൻ ഇടയാക്കുന്ന സാഹചര്യം ആണിത്. ഓക്സ്ഫോർഡ് ഡിക്ഷ്ണറി നിർവചിക്കുന്നത് അനുസരിച്ച് 'post truth speaks of circumstances in which objective facts are less influential in shaping public opinion than appeals to emotion and personal belief.' ഐറിഷ് തത്വചിന്തകൻ Vittorio Bufacchi, postruthism സംബന്ധിച്ച് എഴുതിയത് ഇങ്ങനെയാണ്:

'Advocates of post-truth (post truthers)are devious: they are in the business of subverting truth... they feel threatened by truth, and therefore want to undermine or emasculate truth... Post truthers aim to delegitimise truth, since this is the best way to disarm the threat that truth poses to them.'

സത്യം ഉയർത്തുന്ന ഭീഷണിയെ നേരിടുവാനുള്ള നല്ല വഴിയായി സത്യാനന്തര വാദികൾ കൈക്കൊള്ളുന്ന മാർഗമാണ് സത്യത്തെ അഥവാ സത്യമെന്ന മൂല്യത്തെ നിസ്സാരവൽക്കരിക്കുകയും നിർവീര്യമാക്കുകയും തികഞ്ഞ അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യുക എന്നുള്ളത്. രാഷ്ട്രീയത്തിലും മതത്തിലും സ്ഥാപനങ്ങളിലും ബിസിനസിലും കുടുംബങ്ങളിലും വ്യക്തിജീവിതങ്ങളിലും എല്ലാം ഈ വൈറസ് വല്ലാതെ ബാധിച്ചു തുടങ്ങിയിരിക്കുന്നത് ഇന്ന് പ്രകടമാണല്ലോ.

യേശു ശിഷ്യന്മാർക്ക് നൽകിയ വാഗ്ദാനം 'സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും' എന്നതായിരുന്നല്ലോ (യോഹന്നാൻ 16:13). ഗലാത്യലേഖനം അഞ്ചാം അധ്യായം പതിനാറാം വാക്യത്തിൽ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത് 'ആത്മാവിനെ അനുസരിച്ച് നടപ്പിൻ' എന്നാണ്. ഈ രണ്ട് വാക്യങ്ങളും ചേർത്ത് ഈ കാലഘട്ടത്തിന്റെ പശ്ചാത്തലവും ഓർത്താണ് 'സത്യാനന്തര യുഗത്തിലും പരിശുദ്ധാത്മാവിനെ അനുസരിച്ച്' എന്ന വിഷയം രൂപപ്പെടുത്തിയത്.

ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ ഒരു പ്രധാന ഉദ്ദേശ്യം മനുഷ്യന് പരിശുദ്ധാത്മാവിനെ നൽകുവാൻ വേണ്ടിയായിരുന്നു എന്ന് ആദിമ ക്രിസ്തീയ സഭയ്ക്ക് ബോധ്യപ്പെട്ടിരുന്നു. മനുഷ്യാവതാരത്തിന്റെ തുടർച്ചയായി പരിശുദ്ധാത്മാവ് നൽകപ്പെട്ടു. പരിശുദ്ധാത്മാവിനെ വീണ്ടും നൽകി മനുഷ്യസൃഷ്ടിയെ പുതുക്കുകയും പൂർത്തീകരിക്കുകയും ചെയ്യുക എന്നതു ദൈവ പദ്ധതി ആയിരുന്നു എന്ന് രണ്ടാം നൂറ്റാണ്ടിൽ പ. ഐറേനിയോസ്

എഴുതി. പരിശുദ്ധനായ അത്താനാസിയോസ് നാലാം നൂറ്റാണ്ടിൽ ഇങ്ങനെ എഴുതി 'the Logos took flesh that we might receive the Spirit.' വചനം ജഡമായത് പരിശുദ്ധാത്മാവിനെ നൽകുവാൻ വേണ്ടിയായിരുന്നു. വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ പോലെ ആകുവാനും ആ സത്യത്തിന് സാക്ഷികളായി ജീവിക്കുവാനും ഉള്ള വെളിച്ചവും ശക്തിയും ആണ് പരിശുദ്ധാത്മാവ് പകരുന്നത്.

യേശുക്രിസ്തു സത്യത്തിന്റെ ആത്മാവ് എന്ന് വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ പല ആവർത്തി പറയുന്നുണ്ട്. അത് സത്യവിരുദ്ധമായ വഞ്ചനയുടെ മറ്റൊരാത്മാവിന് എതിരായിട്ടു കൂടിയാണ്. ദൈവത്തോട് കേട്ടിട്ടുള്ള സത്യം നിങ്ങളോട് സംസാരിക്കുന്ന മനുഷ്യനായ എന്നെ നിങ്ങൾ കൊല്ലുവാൻ നോക്കുന്നു എന്നും എന്റെ ഭാഷണം നിങ്ങൾ ഗ്രഹിക്കാത്തതെന്ത്, എന്റെ വചനം കേൾക്കാൻ നിങ്ങൾക്ക് മനസ്സില്ലായ്കകൊണ്ട് അത്രെ എന്നും ഒക്കെ പറയുന്നതിന്റെ പിന്നാലെയാണ് പിശാച് എന്ന ആത്മാവിനെ കുറിച്ച് ക്രിസ്തു ഇങ്ങനെ പറയുന്നത്: 'അവൻ ആദ്യം മുതൽ കൊലപാതകനായിരുന്നു അവനിൽ സത്യമില്ലായ്കകൊണ്ട് സത്യത്തിൽ നിൽക്കുന്നതും ഇല്ല. അവൻ ഭോഷ്ക്കു പറയുമ്പോൾ സ്വന്തത്തിൽ നിന്ന് എടുത്തു പറയുന്നു. അവൻ ഭോഷ്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു' (യോഹന്നാൻ 8:44). ക്രിസ്തു സ്ഥാപിക്കുന്നത് ആ യഹൂദന്മാർ ഈ വഞ്ചനയുടെ ആത്മാവിന് അടിമപ്പെട്ടു കഴിയുന്നതുകൊണ്ടാണ് സത്യമായവൻ തന്നെ വന്ന് സത്യം വെളിപ്പെടുത്തിയപ്പോൾ അവനെ നശിപ്പിക്കുവാൻ അവർ ശ്രമിക്കുന്നത് എന്നാണ്. ഈ വഞ്ചനയുടെ ആത്മാവിന്റെ ഭീകര താണ്ഡവം നടക്കുന്ന ഈ സത്യാനന്തര സൈബർ യുഗത്തിൽ സത്യത്തിന്റെ ആത്മാവിനെ അനുസരിച്ച് നടക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചിരിക്കുകയാണ്.

സത്യത്തിന്റെ പരിശുദ്ധാത്മാവ് സത്യത്തിന്റെ ആഴങ്ങളിലേക്ക് ഉള്ള ഉൾക്കാഴ്ച നൽകുകയാണ്. അപ്പോസ്തോലന്മാരെ ജ്ഞാനികളാക്കിയ പരിശുദ്ധാത്മാവ് നമുക്കും പകരുന്ന സത്യ ജ്ഞാനത്തിന്റെ നാലഞ്ച് തലങ്ങൾ ഒന്ന് ഓടിച്ചു നോക്കാം:

1. ദൈവസാന്നിധ്യ സത്യം

പരിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും എന്നാണല്ലോ ത്രിത്വനാമത്തിലുള്ള ആശീർവാദത്തിൽ ഉപയോഗിക്കുന്നത്. ദൈവ സഹവാസത്തിന് സഹായിക്കുകയാണ് പരിശുദ്ധ റൂഹാ. ദൈവം ഇനി അങ്ങ് അകലെയല്ല മറിച്ച് ഉള്ളിലെ സഹവാസവും സംസർഗവും ആണെന്ന വെളിച്ചമാണ് ഇത്. പരിശുദ്ധ റൂഹാ പ്രാവ് രൂപത്തിൽ ഇറങ്ങി എന്നുള്ളതുകൊണ്ട് നമ്മുടെ ആരാധനയിൽ പ്രാവിന്റെ പ്രതീകം ഉപയോഗിക്കപ്പെടുന്നു. ഇന്ന് പ്രാവ് സമാധാനത്തിന്റെ പ്രതീകമായി കരുതപ്പെടുന്നെങ്കിലും വേദപുസ്തക രചനാ

കാലത്ത് പ്രാവ് ദൈവ മനുഷ്യബന്ധം പുനഃസ്ഥാപിക്കാൻ സഹായിക്കുന്ന ഒരു ബലിവസ്തു ആയിരുന്നല്ലോ. റോമാ ലേഖനം 8:15–ൽ, 'അബ്ബാ പിതാവേ എന്ന് വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ നാം പ്രാപിച്ചത്' എന്നും അതിന്റെ പിന്നാലെ വേണ്ടുംവണ്ണം പ്രാർത്ഥിക്കുന്നതിന് നമ്മുടെ ഉള്ളിലിരുന്ന് പരിശുദ്ധാത്മാവ് സഹായിക്കുന്നു എന്നും പറഞ്ഞിരിക്കുന്നു (റോമർ 8:26).

ഓക്സിജനും ഗുരുത്വാകർഷണ ശക്തിയും കാണുവാൻ കഴിയുകയില്ലെങ്കിലും ഈ ഭൂമിയിൽ എവിടെ ചെന്നാലും അനുഭവിക്കാൻ കഴിയുമല്ലോ. ഇതുപോലെയാണ് ദൈവസാന്നിധ്യം. ആ സാന്നിധ്യം ഉള്ളിലേക്കും പകർന്ന് മനുഷ്യന്റെ അന്തരംഗം തുടരേണ്ട ആരാധനയുടെ ഉൾക്കാഴ്ചയും സഹായവും നൽകുകയാണ് പരിശുദ്ധ റൂഹാ. ആ വിധമുള്ള രഹസ്യമായ ആരാധനയിലൂടെയും കൂടെ ആണല്ലോ പരസ്യമായ ആരാധനയ്ക്ക് ഒരുങ്ങുന്നത്. യേശുവിന്റെ ജീവിതം മുഴുവൻ തന്റെ സ്വർഗീയ പിതാവിന്റെ സാന്നിധ്യവും സംസർഗ്ഗവും നിറഞ്ഞു നിന്നിരുന്നു എന്ന് സുവിശേഷങ്ങൾ വ്യക്തമാക്കുന്നു. കഷ്ടതകളിലും സമാധാനചിത്തരായി അതിജീവനം അന്വേഷിക്കുവാനുള്ള വെളിച്ചമാണ് ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിലൂടെയും ലോകത്തിലേക്ക് പ്രസരിച്ചത്. ക്രിസ്തുവിനോടുള്ള കൂട്ടായ്മയിൽ കഴിയുമ്പോൾ ദൈവത്തിന്റെ സാന്നിധ്യവും സംസർഗവും അനുഭവിക്കുന്ന സ്വർഗീയ സന്തോഷത്തിൽ ആകും ഇവിടെ വച്ചു തന്നെ. ഇത് സത്യം സത്യം.

2. വചനത്തിന്റെ സത്യം

യേശു വെളിപ്പെടുത്തിയത് അനുസരിക്കുന്ന ഏതൊരു വ്യക്തിക്കും സമൂഹത്തിനും അദ്ഭുതാവഹമായ സന്തോഷവും സമാധാനവും ജീവിത വിജയവും സാധ്യമാകും എന്ന സത്യ ജ്ഞാനമാണ് പരിശുദ്ധാത്മാവ് പകരുന്നത്. ക്രിസ്തുവിന്റെ എല്ലാ വെളിപ്പെടുത്തലുകളും കല്പനകളും ദൈവരാജ്യത്തിന്റെ സ്വാതന്ത്ര്യവും സന്തോഷവും സാക്ഷാത്കാരവും ചരിത്രത്തിൽ വെച്ച് തന്നെ കുറെയധികം സാധ്യമാക്കി തരും. ഓരോ സുവിശേഷ പ്രബോധനത്തോടും ബന്ധപ്പെട്ട് അത് മുറുകെ പിടിക്കുന്നവർക്ക് ഇവിടെ വെച്ച് തന്നെ ലഭിക്കാനിരിക്കുന്നതും ഇതിനപ്പുറത്ത് വരുവാൻ ഇരിക്കുന്നതുമായ ആ സന്തോഷത്തിലേക്കുള്ള ഉൾക്കാഴ്ചയും ഉൾകരുത്തും പരിശുദ്ധ റൂഹാ നമുക്ക് നൽകുന്നു. സുവിശേഷ പ്രബോധനങ്ങൾ ആദ്യ കാഴ്ചയിൽ അത്ര സുഖകരമായി തോന്നുകയില്ലായിരിക്കും. എന്നാൽ അത് അനുസരിക്കുന്നവർക്ക് സുബോധവും സമാധാനവും സ്വാതന്ത്ര്യവും സന്തോഷവും ലഭിക്കും എന്ന സത്യം വ്യക്തമാക്കി തരുന്നു പരിശുദ്ധാത്മാവ്. അതുകൊണ്ടാണ് യേശു പറഞ്ഞത് 'പിതാവ് എന്റെ നാമത്തിൽ അയക്കാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരി

കയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും' എന്ന് (യോഹന്നാൻ 14:26).

വിശ്വാസപ്രമാണത്തിൽ മൂന്നാമത്തെ ഖണ്ഡികയിൽ 'നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനും' എന്ന് പരിശുദ്ധ റൂഹായെ കുറിച്ച് പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. ഇൻഫർമേഷൻ റവലൂഷൻ നടക്കുന്ന ഇക്കാലത്തും സുവിശേഷ സത്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിച്ച് പരിശുദ്ധ റൂഹാ സത്യജ്ഞാനം പകരുന്നു. വേദപരിജ്ഞാനത്തിലേക്ക് പ്രത്യേകിച്ച് വേദപുസ്തകത്തിന്റെ കേന്ദ്രമായ ക്രിസ്തുവിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കുകയാണ് പരിശുദ്ധാത്മാവ്. വേദപുസ്തകത്തിൽ ഏറ്റവും പ്രധാനമായ സുവിശേഷങ്ങൾ ഉൾപ്പെടെയുള്ള എഴുത്തുകൾ രൂപപ്പെടുത്തുവാൻ പ്രേരിപ്പിച്ച പരിശുദ്ധാത്മാവ് ഇന്നും അതിലൂടെ നമ്മോട് ഇടപെട്ട് ക്രിസ്തുവെന്ന സത്യത്തിൽ നമ്മെ ഉറപ്പിച്ച് ഈ അസ്ഥിരവും അസ്വസ്ഥവുമായ കാലഘട്ടത്തിലും സുസ്ഥിരവും സമാധാനപൂർണ്ണവുമായ ജീവിതത്തിനും ഉത്തമ സാക്ഷ്യത്തിനും സഹായിക്കുകയാണ്. വചനത്തിന്റെ സഫലത സത്യം സത്യം.

3. പാപത്തിന്റെ സത്യം

പാപത്തിന്റെ ദുരന്തഫലം ഒരു സത്യമാണെന്ന് പരിശുദ്ധാത്മാവ് ഓർമ്മിപ്പിക്കുന്നു. യേശു വ്യക്തമായി പറഞ്ഞതാണ് 'പരിശുദ്ധാത്മാവ് വരുമ്പോൾ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തും' എന്ന് (യോഹന്നാൻ 16:8.). തിന്മയെ മഹത്വവൽക്കരിക്കുന്ന ഒരു ചുറ്റുപാടിൽ തിരുത്തേണ്ടവയെ തിരുത്തുവാൻ, പാപബോധം ഉണ്ടാകുവാൻ വളരെയധികം കൃപ തേടേണ്ടിയിരിക്കുന്നു. അതിന്റെ ഭാഗമായാണ് 'പരിശുദ്ധാത്മാവേ വന്ന് സഹായിക്കേണമേ' എന്ന് നാം ആത്മാർത്ഥമായി പ്രാർത്ഥിക്കേണ്ടത്.

ഏതാനും നാളുകൾക്ക് മുമ്പ് കേരളത്തിലെ ഒരു കോളജ് ഹോസ്റ്റൽ പോലീസ് റെയ്ഡ് ചെയ്തപ്പോൾ അവിടെ ധാരാളമായി ലഹരി ഉപയോഗിക്കുകയും വിൽക്കുകയും ചെയ്തിരുന്ന ഒരു മുറിയുടെ മുമ്പിൽ എഴുതിവെച്ചിരുന്നത് 'സ്വർഗ്ഗവാതിൽ' എന്നായിരുന്നു എന്ന് മാധ്യമങ്ങളിൽ കാണുകയുണ്ടായി. ഏദൻ കഥയിലെ പ്രലോഭനത്തിൽ എന്നതുപോലെ ഇവിടെയും ഈ ലോകത്തിലെ നരകത്തിലേക്കുള്ള വഴിയും വാതിലും സ്വർഗീയമായിട്ട് ആണ് അവതരിപ്പിക്കപ്പെടുന്നത്. അതിന്റെ പിന്നിൽ വഞ്ചനയുടെ ആത്മാവ് ആണ്. ഒരു വിഷകുപ്പിയുടെ പുറത്ത് പോയിസൺ എന്ന് എഴുതിയിരിക്കുന്ന സ്റ്റിക്കർ മാറ്റിയിട്ട് മധുര പാനീയം എന്ന് അതിന് പകരം അവിടെ എഴുതി ഒട്ടിച്ചിട്ട് അതിലെ ദ്രാവകം കുടിച്ചാലും അനന്തരഫലം ദുരിതവും ദുരന്തവും ആയിരിക്കുമല്ലോ. പല ചതികളും തട്ടിപ്പുകളും ഈ വിധമാണ്

വരുന്നത്. അതുകൊണ്ട് പാപത്തെക്കുറിച്ച് ബോധം വരുത്തുന്ന പരിശുദ്ധാത്മാവിന്റെ സഹായം ഏറെ ആവശ്യമായിരിക്കുകയാണ്.

തിന്മയുടെ അനന്തരഫലം അത് ചെയ്യുന്ന വ്യക്തിയിൽ മാത്രം പരിമിതപ്പെടുന്നില്ല. ആ വ്യക്തിയിലൂടെ പല കുടുംബങ്ങളിലേക്കും ബന്ധപ്പെട്ടിരിക്കുന്ന സമൂഹത്തിലേക്കും എല്ലാം അതിന്റെ അന്ധകാരവും വിനാശവികിരണങ്ങളും പ്രസരിക്കുക തന്നെ ചെയ്യും. ഒരു വള്ളത്തിലോ ബോട്ടിലോ യാത്ര ചെയ്യുന്ന ഒരു കുട്ടി താനിരിക്കുന്നതിന്റെ താഴെ ദ്വാരം ഉണ്ടാക്കി അതിൽക്കൂടെ ഉള്ളിലേക്ക് ഉയർന്നുപൊങ്ങുന്ന വെള്ളത്തിന്റെ ഫൗണ്ടനിൽ കളിക്കുകയും കുളിക്കുകയും ചെയ്തു രസിക്കുന്നു എന്ന് കരുതുക. എന്നാൽ ക്രമേണ ബോട്ട് മുഴുവനായും വെള്ളത്തിലേക്ക് താഴുമ്പോൾ ആ കുട്ടിക്ക് മാത്രമല്ല അതിൽ യാത്ര ചെയ്യുന്നവർക്കും അതിന്റെ ഉടമസ്ഥർക്കും എല്ലാം എത്രയധികം നാശമാണ് അത് വരുത്തി വയ്ക്കുന്നത് എന്ന് ഓർക്കേണ്ടതാണ്.

'പാപത്തിന്റെ ശമ്പളം മരണം' എന്ന് തിരുവചനം പഠിപ്പിക്കുന്നു. തിന്മയുടെ അനന്തരഫലം ഏത് കാലത്തും നാശമാണെന്നത് സത്യം സത്യം.

4. ദൈവീകരണത്തിന്റെ സത്യം

മനുഷ്യസൃഷ്ടിയിലേ നിക്ഷേപിക്കപ്പെട്ടിട്ടുള്ള അനന്തമായ ആത്മീയ സാധ്യതയെ കുറിച്ചുള്ള പരാമർശം ആണ് ഉല്പത്തി 1:26-ൽ പറഞ്ഞിരിക്കുന്ന ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും ഉള്ള മനുഷ്യസൃഷ്ടി എന്നത്. ഇത് ദൈവീക ഗുണഗണങ്ങളിൽ ക്രിസ്തുവിനെപോലെ ആയിത്തീരുവാനുള്ള വലിയ ആത്മീയ സാധ്യതയാണ്. ഏതു മനുഷ്യനിലും നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഈ ഒരു സാധ്യതയെ കാണുവാനും അതിനെ പരിപോഷിപ്പിക്കുവാനും പരിശുദ്ധ റൂഹാ സഹായിക്കും. പരിശുദ്ധനായ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു, 'കർത്താവിന്റെ ആത്മാവ് ഉള്ളടത്ത് സ്വാതന്ത്ര്യമുണ്ട്. മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസിനെ കണ്ണാടിപോലെ പ്രതിബിംബിപ്പിക്കുന്നവരായി നാമെല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു' (രണ്ട് കൊരിന്ത്യർ 3:17, 18). 'അതേ പ്രതിമയായി' എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത് യേശുക്രിസ്തുവിന്റെ സ്വരൂപത്തിലേക്ക് നാം രൂപാന്തരപ്പെടുന്നതിനെ കുറിച്ചാണ്. അതിനെ സംബന്ധിച്ച് പറയുന്ന ഈ വാക്യത്തിൽ അത് പരിശുദ്ധാത്മാവിന്റെ സഹായത്താൽ ആണെന്നും പറഞ്ഞിരിക്കുന്നു.

പരിശുദ്ധ റൂഹായെ പൊരുന്നി ആവസിക്കലും ആയി ബന്ധപ്പെടുത്തി പരാമർശിക്കുന്നത് സുറിയാനി ദൈവശാസ്ത്രത്തിൽ സുപ്രധാനമാണ്. അതുകൊണ്ടാണ് നമ്മുടെ വിശുദ്ധ കുർബാനയിൽ ശുശ്രൂഷക്കാരൻ

'വാത്സല്യമുള്ളവരെ ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി അർപ്പിക്കപ്പെട്ടിരിക്കുന്ന പരിശുദ്ധ കുർബാനമേൽ പൊരുന്നി ആവസിച്ച് അതിനെ തിരുശരീര രക്തങ്ങൾ ആക്കി മാറ്റുന്നതിനെ' സംബന്ധിച്ച് പ്രബോധിപ്പിക്കുന്നത്. തള്ളപ്പിടക്കോഴി മുട്ടയുടെ മുകളിൽ പൊരുന്ന ഇരിക്കുമ്പോൾ ആ ചൂടിൽ മൊട്ടയുടെ ഉള്ളിലെ സാധ്യത കോഴിക്കുഞ്ഞുങ്ങൾ ആയി വിരിയുകയാണ്. അതിന് മുമ്പ് ആ കോഴികുഞ്ഞുങ്ങൾ ദ്രാവകരൂപത്തിൽ ഒരു സാധ്യത മാത്രമായി കഴിയുകയായിരുന്നു. ഇതുപോലെ ഏതൊരു മനുഷ്യനിലും ഉള്ള ക്രിസ്തുവെന്ന സാധ്യത പൂർണ്ണ പ്രകാശനത്തിനായി നോക്കി പാർത്തിരിക്കുകയാണ്. അവിടെ പരിശുദ്ധ റൂഹായുടെ പൊരുന്നി ആവാസം തുടർച്ചയായി ലഭിക്കുമ്പോൾ അതു യാഥാർത്ഥ്യമായിത്തീരുന്നു. ഈ പ്രപഞ്ചത്തിന്റെ രൂപപരിണാമങ്ങളിൽ എന്നപോലെ ഓരോ വ്യക്തിയുടെ ജീവിതത്തിലും പരിശുദ്ധ റൂഹാ മനുഷ്യത്വ പൂർണ്ണതയിലേക്ക് നയിക്കുകയാണ്. 'ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാൻ ഉള്ളതുമായ സകലത്തെയും പൂർണ്ണമാക്കുന്ന പരിശുദ്ധ റൂഹായും നമ്മോടുകൂടെ' എന്ന് വിശുദ്ധ കുർബാനയിൽ തിരു ശരീര രക്തങ്ങൾ ഉയർത്തി ആഘോഷിച്ചുകൊണ്ട് കാർമ്മികൻ പരിശുദ്ധ റൂഹായെ കുറിച്ച് പറയുന്നത് ഈ പശ്ചാത്തലത്തിൽ വളരെ വളരെ പ്രസക്തമാണ്. മനുഷ്യ ജീവിതത്തിൽ ഈ പൂർണ്ണതയിലേക്കുള്ള വളർച്ചയുടെ പ്രതിഫലനമാണ് സ്നേഹം, സന്തോഷം, സമാധാനം ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്ഥത, സൗമ്യത, ഇന്ദ്രിയജയം എന്നിങ്ങനെയുള്ള പരിശുദ്ധാത്മ ഫലങ്ങൾ (ഗലാത്യർ 5:22). ആയിത്തീരേണ്ടതുപോലെ ആയിത്തീരുവാൻ സഹായിക്കുന്ന പരിശുദ്ധ റൂഹായോട് സഹകരിക്കുമ്പോൾ ക്രിസ്തു ബന്ധത്തിൽ ആരാധനാ അനുഭവത്തിൽ വളർന്ന് ലോകത്തിന് ഒരു അനുഗ്രഹമാകുവാൻ സാധിക്കും. അത് ഓർത്തുകൊണ്ട് ആണ് വിശുദ്ധ മാമോദീസായുടെ അവസാനത്തെ ഹൂത്തോമ്മോ പ്രാർത്ഥനയിൽ 'നീ ധരിച്ചിരിക്കുന്ന പരിശുദ്ധ റൂഹാ നിന്നെ പൂർത്തീകരിക്കട്ടെ' എന്ന് ആശംസിച്ചു പ്രാർത്ഥിക്കുന്നത്. ആ വിധത്തിൽ ദൈവീകരണത്തിൽ പുരോഗമിക്കുമ്പോൾ ആണ് യഥാർത്ഥത്തിൽ നാം മനുഷ്യരായി തീരുന്നത് എന്നോർക്കാം. വ്യക്തിയുടെ പെന്തിക്കോസ്തി ആയ മാമോദീസായിലെ ഒരു പ്രാർത്ഥന 'കർത്താവേ തിരുമുഖ ശോഭ ഇവനിൽ അഥവാ ഇവളിൽ പ്രതിബിംബിക്കേണമേ' എന്നാണല്ലോ. സാങ്കേതികവിദ്യകൾ അഥവാ ടെക്നോളജി കൂടുതൽ നമ്മുടെ ബയോളജിയിലേക്ക് കടത്തിവിട്ട് നമ്മളെ കൂടുതൽ കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കുന്നതിന്റെ പത്തിരട്ടി മനുഷ്യ സന്തോഷവും ലോക സമാധാനവും ഉറപ്പുവരുത്താനുള്ള മാർഗമാണ് ഈ ദൈവീകരണം. അതിനാണ് പരിശുദ്ധാത്മാവിനാൽ നിറയേണ്ടത്. ദൈവീകരണ സാധ്യത സത്യം സത്യം എന്ന് പരിശുദ്ധാത്മാവ് ഓർമ്മിപ്പിക്കുന്നു. അതിന് സഹായിക്കുകയും ചെയ്യുന്നു.

5. ഐക്യദർശന സത്യം

പരിശുദ്ധ റൂഹാ സഭയുടെ ഐക്യത്തിന്റെ അടിസ്ഥാന തത്വമാണ്. ആദിമ സഭയിൽ ശിഷ്യരുടെ ഇടയിൽപോലും വിഭാഗീയത ഉണ്ടായിരുന്നെങ്കിലും പരിശുദ്ധ റൂഹായുടെ പെന്തിക്കോസ്തി അനുഭവത്തോടെ ആ സമൂഹം ഏക ഹൃദയവും ഏക മനസ്സും ഉള്ളവരായി എന്ന് തിരുവചനത്തിൽ വായിക്കുന്നു (അപ്പോസ്തോല പ്രവൃത്തികൾ 4:31, 32). നാം അധിവസിക്കുന്ന അനേക ഗാലക്സികൾ ഉള്ള കോടാനുകോടി നക്ഷത്രങ്ങൾ ഉള്ള ഈ പ്രപഞ്ചം മുഴുവൻ ഒരു കുടുംബമാണ്. നമ്മുടെ ഈ ഭൂമിയിൽ അധിവസിക്കുന്ന എല്ലാവരും ഒരേ കുടുംബത്തിന്റെ ഭാഗമാണ്. ഒരേ സ്രോതസ്സിൽ നിന്നാണ് എല്ലാം എന്ന് മനസ്സിലാക്കുകയും ഒരേ വാഹനത്തിലെ സഹയാത്രികരാണ് നാമെന്ന് തിരിച്ചറിയുകയും ചെയ്ത് എല്ലാ വിഭാഗീയതകൾക്കും ഉപരിയായി ഐക്യവും സാഹോദര്യവും ഉറപ്പുവരുത്തുകയും ചെയ്യുവാൻ ഈ ഐക്യത്തിന്റെ അടിസ്ഥാന സത്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതിലേക്ക് വെളിച്ചം പകർന്ന് ഈ ലോകത്തിൽ സാക്ഷ്യം നിർവഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന സമൂഹമാണല്ലോ സഭ. ബാബേൽ കോട്ട പണിത് ഒരു സമൂഹം തങ്ങളുടെ പ്രതാപവും അഹന്തയും പ്രകടിപ്പിക്കാൻ ശ്രമിച്ചപ്പോൾ അവരുടെ ഭാഷ കലങ്ങി ശിഥിലീകരണം ഉണ്ടായത് പഴയനിയമത്തിൽ നാം വായിക്കുന്നു. എന്നാൽ ആ സ്ഥാനത്ത് വിനയത്തോടും സ്നേഹത്തോടും ക്രിസ്തുവിന് വിധേയപ്പെട്ട് പരിശുദ്ധാത്മ സഹായത്താൽ ദൈവബന്ധത്തിൽ പരിശുദ്ധ ത്രിത്വത്തെ പ്രതിഫലിപ്പിക്കാൻ തക്കവിധം പുതിയ നിയമസഭ രൂപപ്പെട്ടപ്പോൾ ഭാഷകൾക്കു ഉപരിയായ ഏകീകരണം ഉണ്ടായല്ലോ. അതുകൊണ്ട് പെന്തിക്കോസ്ത് അനുഭവം ഉണ്ടായപ്പോൾ പത്രോസ് ശ്ലീഹാ പ്രസംഗിച്ചത് വിവിധ ദേശങ്ങളിൽ നിന്ന് അവിടെ യെരുശലേമിൽ വന്നു കൂടിയ യഹൂദന്മാർക്ക് അത് അവരവരുടെ ഭാഷയിൽ മനസ്സിലായി എന്ന് അപ്പോസ്തോല പ്രവൃത്തികൾ രണ്ടാം അധ്യായത്തിൽ പറഞ്ഞിരിക്കുന്നു. സഭ ലോകത്തിൽ ഐക്യത്തിന്റെ അടയാളവും ഉപകരണവും ആയി നിയോഗിക്കപ്പെട്ടിരിക്കുകയാണല്ലോ.

ക്രിസ്തു മുഖാന്തരം നമുക്ക് ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്ക് പ്രവേശനം ഉണ്ട്. 'ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളും അല്ല വിശുദ്ധന്മാരുടെ സഹ പൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ' (എഫേസ്യ ലേഖനം 2:18, 19.) യഹൂദന്മാരും വിജാതീയരും ഒരുമിച്ച് നിന്ന് ആരാധിക്കുന്ന ഒരു സഭയെക്കുറിച്ച് യേശുവിന് മുമ്പ് സ്വപ്നം കാണാൻ പോലും കഴിയുന്ന കാര്യമല്ലായിരുന്നു. എന്നാൽ പരിശുദ്ധാത്മാവിനാൽ ഇതു സാധ്യമായി എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

യഹൂദൻ വെറുത്തു മാറ്റി നിർത്തിയിരുന്ന ശമര്യ വിഭാഗത്തോട് യഹൂദന് ഉണ്ടായിരുന്ന കടുത്ത വിദ്വേഷത്തിന്റെ പ്രതിഫലനമായിരുന്നല്ലോ ശമരിയ

യിലൂടെയുള്ള യാത്ര അനുവദിക്കപ്പെടാതിരുന്നപ്പോൾ യാക്കോബും യോഹന്നാനും 'തീ ഇറക്കി അവരെ നശിപ്പിക്കണമെന്ന്' യേശുവിനോട് പറയുന്നത്. തീവ്രമായ യഹൂദ മതവർഗീയതയിൽ നിന്നാണ് അങ്ങനെയൊരു നശീകരണ ചിന്ത രൂപപ്പെടുന്നത്. എന്നാൽ യേശു അവരെ തിരുത്തി താൻ വന്നത് ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ നിന്നെല്ലാം മനുഷ്യരെ രക്ഷിച്ചെടുക്കുവാൻ ആണെന്ന് അവരെ മനസ്സിലാക്കി കൊടുക്കുന്നു. പിന്നീട് പരിശുദ്ധാത്മാവ് എന്ന തീ അവരുടെമേൽ ഇറങ്ങിയപ്പോൾ അവരും സ്നേഹത്തിന്റെ അപ്പോസ്തോലന്മാരായി പരിണമിക്കുന്നു. അവസാന നിമിഷം വരെയും പരിശുദ്ധ യോഹന്നാൻ ശ്ലീഹാ തന്റെ നാഥന്റെ ഉത്തമസാക്ഷിയായി നിരന്തരം 'പരസ്പരം സ്നേഹിക്കണം' എന്ന് പ്രബോധിപ്പിച്ചിരുന്നതായ പാരമ്പര്യം നാം കേട്ടിട്ടുള്ളതാണല്ലോ. ആദിമ സഭ ഈ സമാധാന ദർശനം വളരെ ഗൗരവമായിട്ടാണ് എടുത്തിരുന്നത്. അതുകൊണ്ടാണ് ആദ്യ നൂറ്റാണ്ടിൽ പുതിയ നിയമ പുസ്തകങ്ങൾക്ക് പിന്നാലെ എഴുതപ്പെട്ട 'ഡിഡാക്കെ' എന്ന പുസ്തകത്തിൽ 'സഹോദരങ്ങളോട് രമ്യത ഇല്ലാത്തവൻ തങ്ങളുടെ ബലി അശുദ്ധമാകാതിരിക്കാൻ തക്കവണ്ണം അതിൽ സംബന്ധിക്കരുത്' എന്ന് പറഞ്ഞിരിക്കുന്നത്.

ഐക്യദർശനം സത്യം സത്യമാണ് എന്ന ഉൾക്കാഴ്ച നൽകുകയും അതിലേക്ക് നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് തേടാം.

തിരുവചനത്തിലും ഓർത്തഡോക്സ് ആരാധനയിലും പരിശുദ്ധ റൂഹായെ സൂചിപ്പിക്കുവാൻ ഉപയോഗിക്കപ്പെട്ടിരിക്കുന്ന പല പ്രതീകങ്ങളിൽ ഏറ്റവും പ്രധാനമായുള്ളവയാണല്ലോ വായു, വെള്ളം, തീ എന്നുള്ളത്. ഇവയെല്ലാം നമ്മുടെ കൈക്കുള്ളിൽ ഒതുക്കുവാൻ കഴിയുന്നതല്ല. എന്നാൽ ജീവന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും ഏറ്റവും അത്യന്താപേക്ഷിതമാണ്. ഇതുപോലെ പരിശുദ്ധാത്മാവിനെ നമ്മുടെ പരിമിതമായ ബുദ്ധിയിലും ചിന്തയിലും പിടിച്ചൊതുക്കുവാൻ കഴിയുകയില്ലെങ്കിലും സമൃദ്ധമായ ജീവനും ശക്തമായ ക്രിസ്തീയ സാക്ഷ്യത്തിനും പരിശുദ്ധാത്മാവ് അത്യന്താപേക്ഷിതമാണ് എന്ന് ഓർമ്മിപ്പിക്കുവാൻ ഈ പ്രതീകങ്ങൾ വളരെ സഹായിക്കുന്നുണ്ട്.

യേശു പീലാത്തോസിനോടുള്ള സംഭാഷണവേളയിൽ ചേവകർ തനിക്കുവേണ്ടി പോരാടേണ്ടിയ ആവശ്യമില്ലാത്ത വ്യത്യസ്തനായ രാജാവാണ് താനെന്ന് പറഞ്ഞശേഷം പറയുന്ന ഒരു കാര്യം ഇങ്ങനെയാണ്, 'സത്യത്തിന് സാക്ഷി നിൽക്കേണ്ടതിന് ഞാൻ ജനിച്ച് അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു. സത്യതൽപരനായവൻ എല്ലാം എന്റെ വാക്ക് കേൾക്കുന്നു.' വ്യത്യസ്തനായ ഈ രാജാവ് ലോകത്തിൽ തുടങ്ങിവച്ച ദൈവ രാജ്യത്തിന്റെ

തുടർ സാക്ഷ്യത്തിനായുള്ള നിയോഗം ആണല്ലോ പരിശുദ്ധാത്മാവിന്റെ മൂറോൻ അഭിഷേകത്താൽ പരിശുദ്ധ മാമോദീസായിലൂടെ നാമെല്ലാം സ്വീകരിച്ചിരിക്കുന്നത്. മാമോദീസാതൊട്ടിയിൽ കാർമ്മികൻ മാമോദീസാ സ്വീകരിക്കുന്ന ആളുടെ തലയിൽ വലതു കൈ വെക്കുന്നത് ആ നിയോഗത്തെ സൂചിപ്പിക്കുന്ന ആദ്യ ഓർഡിനേഷൻ അഥവാ പട്ടത്വസ്വീകരണത്തിന്റെ കർമ്മവും ആണല്ലോ. രാജാവും പുരോഹിതനും ഒക്കെ അഭിഷേകത്തിലൂടെ തങ്ങളുടെ നിയോഗം സ്വീകരിച്ചതിനെ കുറിച്ച് പഴയനിയമത്തിൽ നാം വായിക്കുന്നു. യേശു നാസറേത്തിൽ സുന്നഗോഗിൽ യെശയ്യാ പ്രവചനത്തിൽ നിന്ന് എടുത്തു വായിക്കുന്ന ഭാഗത്ത് 'ദരിദ്രരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്യുകയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിക്കാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദ വർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു' എന്നു വായിക്കുന്നു. (വി. ലൂക്കോസ് 4:18, 19). മശിഹാ എന്ന വാക്കിന്റെ ആക്ഷരിക അർത്ഥവും അഭിഷിക്തൻ അഥവാ 'അനോയിന്റഡ്' എന്നാണല്ലോ. നാം മാമോദീസായിൽ സ്വീകരിച്ച അഭിഷേകവും ക്രിസ്തുവിന്റെ ഈ ദൗത്യം ഈ ലോകത്തിൽ തുടരുവാൻ ആണെന്ന് ഓർക്കാം. അതിന് കൂടുതൽ ശക്തി ലഭിക്കുന്നതിനാണ് പരിശുദ്ധാത്മാവിനായി കാത്തിരുന്ന് പ്രാർത്ഥിച്ച് പെന്തിക്കോസ്തിയിലേക്ക് വരുന്നത്. യേശു ഏറ്റവും അവസാനം പറഞ്ഞത്, 'പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമരിയയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും' എന്നാണല്ലോ (അപ്പോസ്തോല പ്രവൃത്തികൾ 1:8).

ചിലപ്പോൾ പരിശുദ്ധാത്മാവിന്റെ മന്ത്രണം മനസ്സാക്ഷിയിൽ ഒരു മൃദു സ്വരമായി മാത്രമാകും വന്നുചേരുന്നത്. അത് അട്ടഹാസമായി വന്നില്ലെങ്കിലും ആ മൃദുസ്വരത്തിന് ഹൃദയം തുറക്കുമ്പോൾ ജീവിതത്തെ പറുദീസയിലേക്ക് തുറക്കുകയും ജീവിതത്തിലൂടെ ലോകത്തിലേക്ക് പറുദീസാ തുറക്കപ്പെടുകയും ആണ് ചെയ്യുന്നത്. എന്നാൽ അത്യധികമായ ഭയാശങ്കകളും സുരക്ഷിതത്വ ചിന്തകളും വിവിധങ്ങളായ അടിമത്വങ്ങളും ആത്മാർത്ഥമായി ആ വാതിൽ തുറക്കുന്നതിൽ നിന്ന് നമ്മെ പിന്തിരിപ്പിക്കാം.

'പരിശുദ്ധാത്മാവേ വന്ന് സത്യ ജ്ഞാനം പകരേണമേ സത്യത്തിന് സാക്ഷിയാകുവാൻ ശക്തീകരിക്കേണമേ' എന്ന് ആത്മാർത്ഥതയോടെ നമുക്ക് പ്രാർത്ഥിക്കാം.

യെരുശലേമിൽ തന്നെ കാത്തിരുന്ന് പ്രാർത്ഥിക്കുവാനും അവിടെത്തന്നെ സാക്ഷ്യം തുടങ്ങി പിന്നീട് അതിരുകൾക്കപ്പുറത്തേക്ക് ലോകം മുഴുവൻ വ്യാപിപ്പിക്കുവാനും ശിഷ്യരോട് പറഞ്ഞത് വളരെ ശ്രദ്ധയർഹിക്കുന്നതാണ്.

തങ്ങളുടെ ഗുരുവിനെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്ത ഇടമായ യെരുശലേമിൽ തങ്ങൾക്കും പീഡനം ഉണ്ടാകും എന്ന് ശിഷ്യന്മാർ സ്വാഭാവികമായും ആശങ്കപ്പെട്ടിരുന്നു. എന്നാൽ ആ പ്രതിസന്ധികളിൽ നിന്ന് നിരാശപ്പെട്ട് ഓടിയൊളിക്കുന്നതിന് പകരം അവിടെത്തന്നെ നിന്ന് അതിനെ അതിജീവിക്കാനായി പുതുക്കത്തിന്റെ പ്രത്യാശ പകരുന്ന ശക്തീകരണം പരിശുദ്ധാത്മാവിലൂടെ പ്രാപിക്കുവാനാണ് ക്രിസ്തു ഓർമ്മിപ്പിച്ചത്. ശക്തിയിലും സ്വാധീനത്തിലും സമ്പത്തിലും ആൾബലത്തിലും എല്ലാം നിസ്സാരമായിരുന്ന ആ ചെറു ക്രിസ്തീയ സമൂഹം പരിശുദ്ധാത്മാവിന്റെ ശക്തിയാലും സഹായത്താലും ക്രിസ്തു തുടങ്ങിവച്ചതിനെ തുടർന്നുകൊണ്ടുപോകുവാൻ സജ്ജരായി വിജയിച്ചു. എത്ര നിരാശാജനകമായ സാഹചര്യത്തിലും പ്രത്യാശ പകരുന്ന ദൈവത്തിന്റെ പ്രവർത്തനമാണ് പെന്തിക്കോസ്തിയിൽ ലോകം കാണുന്നത്. പരിശുദ്ധാത്മാവിലൂടെയുള്ള ആ പ്രത്യാശയുടെ അനുഭവത്തെക്കുറിച്ച് പരിശുദ്ധനായ പൗലോസ് ശ്ലീഹാ റോമർക്കെഴുതിയ ലേഖനം പതിനഞ്ചാം അദ്ധ്യായം പതിമൂന്നാം വാക്യത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

'പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി ഉള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കുമാറാകട്ടെ.'

സത്യാനന്തര സൈബർ യുഗത്തിലും സത്യത്തിന്റെ സാക്ഷികളായി സന്തോഷിക്കുവാനും പല കാരണങ്ങളാലും നിരാശപ്പെട്ട് തകർന്നിരിക്കുന്നവർക്കും ആ സന്തോഷം നൽകുവാനും സത്യത്തിന്റെ ആത്മാവ് നമ്മെ വഴി നയിക്കട്ടെ. പെന്തിക്കോസ്തി പെരുന്നാൾ ഏറ്റവും അനുഗ്രഹകരം ആകട്ടെ.

5

ഒരു 'സ്മാർട്ട് തലമുറ'യുടെ വിശ്വാസരൂപീകരണം

വസ്തുക്കൾ, വ്യക്തികൾ, ഗ്രൂപ്പുകൾ, പ്രവർത്തനങ്ങൾ എന്നിവയെ വിവരിക്കാൻ 'സ്മാർട്ട്' എന്ന നാമവിശേഷണം ഉപയോഗിക്കുന്നത് നമ്മുടെ കാലത്തിന്റെ സവിശേഷതയായി മാറിയിരിക്കുന്നു. അങ്ങനെ, സ്മാർട്ട്ഫോണുകൾ, സ്മാർട്ട് ക്ലാസ്, സ്മാർട്ട് സിറ്റി, സ്മാർട്ട് ഗേൾ, സ്മാർട്ട് ബോയ് തുടങ്ങിയ പദപ്രയോഗങ്ങൾ നമുക്കുണ്ട്. പ്രാഥമികമായി ബാഹ്യമായ കാര്യക്ഷമതയും ആകർഷണവും സൂചിപ്പിക്കാൻ 'സ്മാർട്ട്' ഉപയോഗിക്കുന്നു, ചിലപ്പോൾ വഞ്ചിക്കാനുള്ള 'കഴിവ്' സൂചിപ്പിക്കാൻപോലും. 'സ്മാർട്ട് തലമുറ'യെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, അവർ ഇന്ന് എന്താണെന്നും നാളെ എന്തായിത്തീരണമെന്നും എന്നുള്ളതാണ് ഓർക്കേണ്ടത്.

ഒരു വ്യക്തിയുടെ സ്വഭാവം രൂപപ്പെടുത്തുന്നതിൽ കുടുംബത്തിന്റെ പങ്ക് നിർണ്ണായകമാണ്. ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കർ തന്റെ ആത്മകഥയിൽ (*Playing it My Way*) തന്റെ രൂപീകരണത്തിൽ, പ്രത്യേകിച്ച് മൂല്യങ്ങളെ സംബന്ധിച്ച തന്റെ കുടുംബത്തിന്റെ സ്വാധീനം എടുത്തു പറഞ്ഞിട്ടുണ്ട്. ഒരു ക്രിക്കറ്റ് കളിക്കാരനെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രകടനത്തേക്കാൾ അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ മഹത്വമാണ് മാതാപിതാക്കൾ വിലമതിച്ചിരുന്നത്. തന്റെ പിതാവിനെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം തന്റെ പുസ്തകം ആരംഭിക്കുന്നു: "ഒരു രക്ഷിതാവെന്ന നിലയിൽ, 'സച്ചിൻ ഒരു മികച്ച ക്രിക്കറ്റ് കളിക്കാരനാണ്' എന്നതിനേക്കാൾ 'സച്ചിൻ ഒരു നല്ല മനുഷ്യനാണ്' എന്ന് ആളുകൾ പറയുന്നത് കേൾക്കുന്നതാണ് എനിക്ക് കൂടുതൽ സന്തോഷകരം."

സ്മാർട്ട് തലമുറയുടെ രൂപീകരണത്തിന് ആധികാരികമായ ആത്മീയത ഉപയോഗിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് പ്രധാനമാണ്.

ഭൗതികവാദത്തിന്റെ സങ്കുചിതത്വത്തിൽ നിന്ന് വിശ്വാസം നമ്മെ മോചിപ്പിക്കുന്നു. വിശ്വാസത്തിന്റെ സമഗ്രമായ ദർശനം ഭൗതിക പ്രപഞ്ചവും ഇതിന്

പിന്നിലുള്ള ആത്മീയ സ്രോതസ്സും തമ്മിലുള്ള ബന്ധം കാണാൻ സഹായിക്കുന്നു. ഭൗതികവാദത്തിന്റെ വൈറസിനും അതിന്റെ ഫലമായുണ്ടാകുന്ന എല്ലാത്തരം നിഷേധാത്മകതകൾക്കുമെതിരായ പ്രതിരോധ കുത്തിവയ്പ്പാണ് വിശ്വാസം. വിശ്വാസം എന്നാൽ ജീവിതത്തിൽ സുരക്ഷിതത്വവും സ്ഥിരതയും ഉറപ്പാക്കുന്ന ദൈവത്തിലുള്ള അടിസ്ഥാന ആശ്രയബോധം ആണ്. വിശ്വാസം ജീവിതത്തിലെ വെല്ലുവിളികളെ അർത്ഥവത്തായി നേരിടാനുള്ള ധൈര്യം പകരുകയും സൽപ്രവൃത്തികൾക്കുള്ള പ്രചോദനം നൽകുകയും ചെയ്യുന്നു.

തന്റെ സൃഷ്ടിയിലൂടെയും ഗുരുക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും യേശുക്രിസ്തുവിലൂടെയും ദൈവം സ്നേഹപൂർവം സ്വയം വെളിപ്പെടുത്തിയിട്ടുണ്ട്. ഈ ദിവ്യമായ ആത്മസംവാദത്തോടുള്ള മനുഷ്യന്റെ പ്രതികരണമാണ് വിശ്വാസം. ആദ്യകാല ക്രിസ്ത്യാനികൾ, പ്രത്യേകിച്ച് അപ്പോസ്തലന്മാർ അനുഭവിച്ച ക്രിസ്തുവിലെ വെളിപാട് സഭയുടെ ശേഖരത്തിനുള്ളിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. വേദപുസ്തകം, ആരാധനാക്രമങ്ങൾ, വിശ്വാസപ്രമാണം തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ ഈ വെളിപാട് ഓരോ തലമുറയ്ക്കും അവരുടെ വിശ്വാസ പ്രതികരണത്തിനും അത്മീയ പുരോഗതിക്കുംവേണ്ടി ലഭ്യമാക്കുന്നു. ഓരോ തലമുറയുടെയും വിശ്വാസം സൃഷ്ടിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ഈ വെളിപാടിന്റെ സംഭരണിയായ സഭയിലൂടെ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. ഒരാളുടെ വിശ്വാസം ശക്തിപ്പെടുത്തുന്നതിന് ദൈവം വ്യക്തിപരമായ സംഭവങ്ങളും അനുഭവങ്ങളും ഉപയോഗിച്ചേക്കാം.

ആധുനികതയുടെ മതവിരുദ്ധ മനോഭാവം വിശ്വാസത്തിന്റെ തകർച്ചയ്ക്ക് വളരെയധികം ഇടയാക്കിയിട്ടുണ്ട്. ആധുനികത ദൈവത്തെ അനാവശ്യമായ ഒരു സിദ്ധാന്തമായി അവതരിപ്പിക്കുന്നു. പടിഞ്ഞാറൻ സഭയുടെ സ്വേച്ഛാധിപത്യത്തോടുള്ള പ്രതികരണമായും യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ കത്തോലിക്കാ–പ്രൊട്ടസ്റ്റന്റ് സംഘട്ടനങ്ങൾക്കെതിരായ പ്രതികരണമായും യുക്തിയെ ഒരു 'പകരദൈവമായി' മഹത്വപ്പെടുത്തിയ ആധുനികത യൂറോപ്പിൽ പത്തൊൻപതാം നൂറ്റാണ്ടിൽ വികസിച്ചു വളർന്നു. വസ്തുനിഷ്ഠമായ ശാസ്ത്രീയ വിശകലനം മാത്രമാണ് സത്യം അറിയാനുള്ള ഏക സാധുവായ മാർഗം എന്ന് അവകാശപ്പെടുന്ന സയന്റിസവും (Scientism), ഉപഭോക്തൃ സംസ്കാരവും യൂറോപ്യൻ ജ്ഞാനോദയം എന്ന് വിളിക്കപ്പെടുന്നതിൽ നിന്ന് ഉയർന്നുവന്ന ഭൗതിക ലോകവീക്ഷണത്തിന്റെ ഉപോൽപ്പന്നമാണ്. ഈ ലോകവീക്ഷണം പിന്തുടരുകയും പ്രോത്സാഹിപ്പിക്കുകയും ജനപ്രിയമാക്കുകയും ചെയ്യുന്ന ആഗോളവൽക്കരണത്തിന്റെ ഫലമായി വിശ്വാസജീവിതവും രൂപീകരണവും പ്രതിസന്ധി നേരിടുന്നുണ്ട്.

സ്വന്തം മതപരിധിക്ക് പുറത്തുള്ള എല്ലാറ്റിനെയും എല്ലാവരേയും അപലപിക്കാൻ പ്രോത്സാഹിപ്പിക്കുന്ന മതഭ്രാന്തും വിശ്വാസത്തിന് ഭീഷണിയാണ്. അക്രമത്തിനും ഏറ്റുമുട്ടലിനും മതം പ്രചോദനമാണെങ്കിൽ, മതത്തിനും വിശ്വാസത്തിനും പകരം മതവിരുദ്ധ മതേതര പ്രത്യയശാസ്ത്രം ഉപയോഗിക്കുന്നത് കൂടുതൽ അഭികാമ്യമാണെന്ന് കരുതുന്നവരുണ്ട്. ആഗോളവൽക്കരണം പ്രോത്സാഹിപ്പിക്കുന്ന ഭൗതികവാദത്തിനും ഉപഭോക്തൃ സംസ്കാരത്തിനുമെതിരായ പ്രതികരണം കൂടിയാണ് മതഭ്രാന്ത്. മതത്തിന്റെ കാതൽ കേന്ദ്രീകരിച്ചുകൊണ്ട് മതത്തിന്റെ ശരിയായ ഉപയോഗം ലോകത്തിന്റെ മാനുഷികവൽക്കരണത്തിന് കാരണമാകും. ഓർത്തഡോക്സ് ക്രിസ്ത്യൻ വിശ്വാസം ശരിയായി ഉപയോഗിക്കുകയാണെങ്കിൽ ഈ വെല്ലുവിളികളിൽ ഭൂരിഭാഗവും മറികടക്കാനും ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് മുന്നേറാൻ സഹായിക്കാനും നമ്മെ സജ്ജരാക്കുമെന്നതിൽ സംശയമില്ല.

കുട്ടികളെ വിശ്വാസത്തിൽ വളർത്തുന്നതിൽ മാതാപിതാക്കൾക്കാണ് പ്രാഥമിക ഉത്തരവാദിത്തം. സൺഡേസ്കൂൾ അധ്യാപകരും പുരോഹിതന്മാരും ഈ സൃഷ്ടിപരമായ ശുശ്രൂഷയിൽ മാതാപിതാക്കളെ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്. ദൈവത്തിന്റെ സഹ-സ്രഷ്ടാക്കളായി സൃഷ്ടിക്കപ്പെട്ടതിനാൽ, മനുഷ്യർക്ക് വാസ്തുവിദ്യ, കല, സാഹിത്യം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ക്രിയാത്മകമായി പലതും നിർമ്മിക്കാൻ കഴിയും. മൂല്യങ്ങളിലും വിശ്വാസത്തിലും ഒരു പുതിയ തലമുറയുടെ രൂപീകരണത്തിന് സംഭാവന നൽകുന്നത് ദൈവത്തിന്റെ പ്രതിച്ഛായയിൽ ഉള്ള മനുഷ്യരുടെ ഈ സൃഷ്ടിപരമായ ശക്തിയുടെ മറ്റൊരു ആവിഷ്കാരം ആയി മനസ്സിലാക്കാം.

മക്കൾ ദൈവത്തിന്റെ ദാനമാണ്, ദൈവത്തിന്റെ മക്കളാണ്. മാതാപിതാക്കൾ ദൈവത്തിന്റെ മക്കളുടെ സംരക്ഷകരും ശുശ്രൂഷകരുമാണ്. അതിനാൽ ദൈവിക പ്രതീക്ഷകൾക്കനുസരിച്ച് അവരെ വളർത്തേണ്ടത് മാതാപിതാക്കളുടെ കടമയാണ്. താരതമ്യേന മനുഷ്യർക്ക് കുട്ടിക്കാലത്തിന്റെ ഒരു നീണ്ട കാലയളവ് ഉണ്ട്. മിക്കപ്പോഴും, കുട്ടികൾ 17 അല്ലെങ്കിൽ 18 വയസ്സ് വരെ മാതാപിതാക്കൾക്കൊപ്പം താമസിക്കുകയും അതിനുശേഷം ഉന്നത വിദ്യാഭ്യാസം, ജോലി, വിവാഹജീവിതം മുതലായവയുമായി ബന്ധപ്പെട്ട് മാതാപിതാക്കളിൽ നിന്ന് അക്ഷരാർത്ഥത്തിൽ തന്നെ അകന്നുപോകുകയും ചെയ്യുന്നു. അതിനാൽ ഒരു കുട്ടിയുടെ ആദ്യ ഒന്നര പതിറ്റാണ്ടാണ് രക്ഷാകർതൃത്വത്തിനുള്ള പ്രധാന സമയം. കുട്ടികൾ ക്രമേണ അവരുടെ മാതാപിതാക്കളിൽ നിന്ന് അകന്ന് വളരേണ്ടതുണ്ട്. മാതാപിതാക്കളുടെ സ്നേഹത്തിന്റെ ത്യാഗപരമോ ക്രിസ്തീയമോ ആയ അർത്ഥം കൃത്യമായി ഈ സത്യം അംഗീകരിക്കുക എന്നതാണ്. കുട്ടികളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള വളർച്ചയുടെ സന്തോഷകരമായ സ്വീകാര്യതയാണിത്. അബ്രഹാം ഇസഹാക്കിനെ

ബലിയർപ്പിക്കാൻ പോകുന്ന സംഭവത്തിൽ നിന്നു ഇന്നും ഓരോ രക്ഷകർത്താവും ഉൾക്കൊള്ളേണ്ട പാഠം ഒരു രക്ഷിതാവ് കുട്ടിയുടെ ജീവൻ ദൈവത്തിന് സമർപ്പിക്കാൻ തയ്യാറാകണം എന്നതാണ്.

മാതാപിതാക്കൾക്ക് അവരുടെ കുട്ടികൾക്കൊപ്പം അവസാനം വരെ നിൽക്കാനും അവരെ രൂപപ്പെടുത്താനും കഴിയില്ല. സമർപ്പിതരായ ക്രിസ്തീയ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ പക്വതയുള്ളവരും ഭാവിയിൽ ഉത്തരവാദിത്തമുള്ളവരുമായ ക്രിസ്ത്യാനികളായി മാറ്റുന്നതിനുള്ള അടിത്തറ പാകുന്നു. ഇത് മത മൗലിക വാദമല്ല മറിച്ച് പൂർണ്ണ മനുഷ്യത്വത്തിലേക്ക് നയിക്കുന്നതിന്റെ ഒരു സ്മാർട്ട് പദ്ധതിയാണ്.

അങ്ങനെയുള്ള രക്ഷാകർതൃത്വത്തിന്റെ അഞ്ച് സി (c) കളെക്കുറിച്ച് ഒരു ചർച്ച നടത്താം: ബോധ്യപ്പെടുത്തൽ (convincing), നിയന്ത്രണം (control), അനുകമ്പ (compassion), കൂട്ടായ്മ (communion), സമൂഹം (community). വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ ക്രിസ്തുവിന്റെ (Christ) മറ്റൊരു സി യും കൂടെ ഇവയോട് ചേർക്കുമ്പോൾ പൂർണമാകും.

1. Convincing – ബോധ്യപ്പെടുത്തൽ: ക്രിസ്തീയ വിശ്വാസം, മൂല്യങ്ങൾ, ആചാരങ്ങൾ എന്നിവയുടെ പ്രസക്തിയെക്കുറിച്ച് പുതിയ തലമുറയെ ബോധ്യപ്പെടുത്താൻ സഭ മൊത്തത്തിൽ പ്രത്യേകിച്ച് മാതാപിതാക്കൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. ആവർത്തനപുസ്തകം ആറാം അധ്യായത്തിൽ പുതിയ തലമുറയെ ബോധ്യപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നാം ഇങ്ങനെ വായിക്കുന്നു: 'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം. ഇന്നു ഞാൻ നിന്നോടു ആജ്ഞാപിക്കുന്ന വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം; നീ വീട്ടിൽ ഇരിക്കുമ്പോഴും വഴിയിൽ നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ചു നിന്റെ മക്കളോട് ജാഗരൂകതയോടെ സംസാരിക്കേണം' (ആവ. 6:57) വിശ്വാസത്തിന്റെ രൂപീകരണം സൺഡേസ്കൂളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതില്ല. അവരുടെ തുടർച്ചയായ അധ്യാപന പ്രക്രിയയിൽ മാതാപിതാക്കൾ അതീവ ശ്രദ്ധ വയ്ക്കണം.

കുട്ടികൾ ആദർശങ്ങളും മാതൃകകളും കാണുവാൻ ആഗ്രഹിക്കുന്നു. ആഴത്തിലുള്ള വിശ്വാസവും വിശുദ്ധിയും ത്യാഗസ്നേഹവുമുള്ള വിശുദ്ധരുടെ ജീവിതങ്ങൾ ഉയർത്തിക്കാട്ടേണ്ടത് അത്യാവശ്യമാണ്. വലിയ മാർ ബസേലിയോസ്, ആൽബർട്ട് ഷിറ്റ്സർ, മദർ തെരേസ, സി. എഫ്. ആൻഡ്രൂസ്, പരുമല തിരുമേനി, പാമ്പാടി തിരുമേനി, പത്രോസ് മാർ ഓസ്താത്തിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, പൗലോസ് മാർ ഗ്രീഗോറിയോസ് തുടങ്ങിയവരുടെ ജീവിതകഥകൾ കുട്ടികളുടെ വിശ്വാസ മൂല്യ

രൂപീകരണത്തിന് ഗുണപരമായ സംഭാവനകൾ നൽകും. കുട്ടികൾ മാതൃകാ ജീവിതങ്ങളുടെ ഉദാഹരണങ്ങൾ നേരിട്ട് കാണുവാനും ആഗ്രഹിക്കുന്നു. തങ്ങളുടെ വിശ്വാസവും പ്രവർത്തനങ്ങളും തമ്മിൽ വൈരുദ്ധ്യങ്ങളില്ലാതെ ജീവിക്കുന്ന മാതാപിതാക്കളുടെ വിശുദ്ധ ജീവിതം തീർച്ചയായും കുട്ടികളെ പ്രചോദിപ്പിക്കും. അങ്ങനെയുള്ള മാതാപിതാക്കളുടെ വിശ്വാസം പിന്തുടരാൻ അവരുടെ മക്കൾ താല്പര്യപ്പെടാനുള്ള സാധ്യത വളരെയധികമാണ്. വിശുദ്ധരുടെ ജീവിതവുമായി കുട്ടികളെ ബന്ധിപ്പിക്കുന്നതും മാതാപിതാക്കളുടെ സ്വന്തം ജീവിതത്തിലൂടെ അനുയോജ്യമായ ക്രിസ്തീയ ജീവിതം കാണിക്കുന്നതും കുട്ടികൾക്ക് ഒരു കോടി രൂപ നൽകുന്നതിനേക്കാൾ വിലപ്പെട്ട സമ്മാനമായിരിക്കും.

ബൈബിളിനെക്കുറിച്ച് ധ്യാനിക്കുന്നതും പ്രത്യേകിച്ച് വീട്ടിൽ പ്രാർത്ഥനയ്ക്കുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി സുവിശേഷങ്ങളെ വ്യാഖ്യാനിക്കുന്നതും കുട്ടികളെ ബോധ്യപ്പെടുത്തുന്നതിൽ വളരെ പ്രധാനമാണ്. നാല് സുവിശേഷങ്ങളിൽ ഒന്നിൽ നിന്ന് ഒരു ചെറിയ ഭാഗമെങ്കിലും വായിക്കുകയും തുടർന്ന് കുടുംബത്തിലെ ഓരോ അംഗവും അതിനെക്കുറിച്ച് ചിന്തിക്കുകയും ചർച്ച ചെയ്യുന്നതും വളരെ നന്നായിരിക്കും. ആ വേദവചനങ്ങളുടെ അർത്ഥത്തെക്കുറിച്ചും ഇന്നത്തെ ജീവിതത്തിൽ അവയുടെ പ്രസക്തിയെക്കുറിച്ചും ഒരു ചർച്ചയെ പ്രോത്സാഹിപ്പിക്കാൻ മാതാപിതാക്കൾക്ക് കഴിയേണ്ടതാണ്. പ്രധാനപ്പെട്ട പെരുന്നാളുകൾ, കൂദാശകൾ എന്നിവയ്ക്കുള്ള തയ്യാറെടുപ്പിനായി, അവയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ചർച്ച നടത്തുന്നതും ഉചിതമാണ്.

ചില ഓർത്തഡോക്സ് കുടുംബങ്ങൾ കുട്ടികളുടെ ആത്മീയ ജന്മദിനത്തിന്റെ (സ്നാപനദിനം) വാർഷികം ആഘോഷിക്കുന്നു. ഇത് കുട്ടികൾക്ക് അവരുടെ മാമോദീസാ ഫോട്ടോകളും വീഡിയോകളും കാണുന്നതിലൂടെയും ക്രിസ്തുവിനോടുള്ള വിശ്വസ്ഥതയുടെ പ്രതിജ്ഞ പുതുക്കുന്നതിലൂടെയും അവരുടെ ക്രിസ്തീയ വിശ്വാസവും പ്രതിബദ്ധതയും പുതുക്കാനുള്ള അവസരമാണ്.

മാതാപിതാക്കൾ ഭൗതികവാദമായ Scientism എതിർക്കുമ്പോഴും ശാസ്ത്രത്തോട് മൊത്തത്തിൽ നിഷേധാത്മക മനോഭാവം സ്വീകരിക്കാതിരിക്കാൻ ശ്രദ്ധിക്കണം. വിശ്വാസത്തിന്റെ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ, പ്രപഞ്ചത്തിന്റെ ഉത്ഭവത്തെയും വികാസത്തെയും കുറിച്ചുള്ള പരിണാമ സിദ്ധാന്തം അല്ലെങ്കിൽ ബിഗ് ബാംഗ് സിദ്ധാന്തം ആകസ്മികമല്ല, മറിച്ച് ദൈവകൃപയാലാണെന്ന് മനസ്സിലാക്കാം. ഉല്പത്തിയിലെ സൃഷ്ടിയുടെ വിവരണം അക്ഷരാർത്ഥത്തിൽ സത്യമായി എടുക്കുന്നതിനു പകരം, നിലനിൽക്കുന്ന എല്ലാറ്റിന്റെയും ആത്യന്തിക ഉറവിടം ദൈവമാണെന്ന ആശയം നമുക്ക് എടുക്കാം. അപ്പോൾ ജനപ്രിയ ശാസ്ത്രീയ സിദ്ധാന്തങ്ങൾ

ആയ ബിഗ് ബാംഗ് സൃഷ്ടി പ്രക്രിയയെയും മനുഷ്യർ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ പരിണാമത്തെയും നയിക്കുന്നത് ദൈവത്തിന്റെ കരങ്ങളാണെന്ന വിശദീകരണത്തോടെ അംഗീകരിക്കാൻ കഴിയും. ദൈവത്തെ പരാമർശിക്കാത്ത 'ബിഗ് ബാംഗ് സിദ്ധാന്തം' അല്ലെങ്കിൽ പരിണാമ സിദ്ധാന്തം ഭൗതികവാദമെന്ന വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കും.

വിവിധ വെല്ലുവിളികൾ, പരീക്ഷണങ്ങൾ, കഷ്ടപ്പാടുകൾ എന്നിവയെ നേരിടാൻ സഹായിക്കുന്ന വിശ്വാസത്തെക്കുറിച്ച് കുട്ടികൾക്ക് അവരുടെ മാതാപിതാക്കളിൽ നിന്ന് ധാരാളം കാര്യങ്ങൾ പഠിക്കാനും കഴിയും. അതിനാൽ, പ്രത്യേകിച്ച് രോഗത്തിന്റെയും മരണത്തിന്റെയും കഷ്ടപ്പാടുകൾ, കുട്ടികളെ വിശ്വാസത്തെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിനുള്ള അവസരങ്ങളാണ്. ഒരിക്കൽ ഈ ലേഖനകർത്താവ് പെട്ടെന്നുള്ള ഗുരുതരമായ അസുഖം മൂലം ഒരു കൗമാരക്കാരിയെ നഷ്ടപ്പെട്ട ഒരു വീട് സന്ദർശിക്കുകയും മാതാപിതാക്കളുടെ വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും ആഴം കാണാൻ ഇടയാകുകയും ചെയ്തത് ഓർക്കുന്നു: "യഹോവ തന്നു, യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ" (ഇയ്യോബ് 1:21). അവരുടെ പ്രിയപ്പെട്ട മകളെ സംസ്കരിച്ച് ഒരാഴ്ച കഴിഞ്ഞിട്ടും അവരുടെ വീടിന്റെ മുൻവശത്തെ മുറിയുടെ ചുവരിൽ അവർ എഴുതി വെച്ചിരുന്ന ദൈവവചനമാണ് ഇത്.

2. Control - നിയന്ത്രണം: ബോധ്യപ്പെടുത്തുന്നതിനു പുറമെ, നിയന്ത്രണവും അച്ചടക്കവും രക്ഷാകർതൃത്വത്തിൽ പ്രധാനമാണ്. ഫോണുകൾ, ഇന്റർനെറ്റ്, ടെലിവിഷൻ, മറ്റ് ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവയുടെ ഉത്തരവാദിത്തമുള്ള ഉപയോക്താക്കളാകാൻ കുട്ടികളെ സഹായിക്കുന്നത് ഫലപ്രദമായ രക്ഷാകർതൃത്വത്തിന്റെ ഭാഗമാണ്. സൈബർ ആസക്തി ആർദ്രമായ മനസ്സിന്റെ സൗന്ദര്യം നശിപ്പിക്കുകയും അവരുടെ സൃഷ്ടിപരമായ രൂപീകരണത്തെ അടിച്ചമർത്തുകയും ചെയ്യുന്നു. അപരിചിതരുമായുള്ള കുട്ടികളുടെ ഇടപെടലുകളും അപരിചിതവും വിദൂരവുമായ സ്ഥലങ്ങളിലേക്കുള്ള അവരുടെ സന്ദർശനങ്ങളും മാതാപിതാക്കൾ നിയന്ത്രിക്കുന്നതുപോലെ, അജ്ഞാത വെബ്സൈറ്റുകളിലേക്കുള്ള കുട്ടികളുടെ പ്രവേശനവും അനുചിതവും വിചിത്രവുമായ സന്ദേശങ്ങളോ ചിത്രങ്ങളോ മറ്റുള്ളവരുമായി പങ്കിടുന്നതും സംബന്ധിച്ച് വ്യക്തമായ നിയന്ത്രണങ്ങൾ വയ്ക്കുകയും അത് വിലയിരുത്തുകയും ചെയ്യേണ്ടതല്ലേ.

ഫോണിന്റെയും ഇന്റർനെറ്റിന്റെയും ഉപയോഗത്തെക്കുറിച്ച് വീട്ടിൽ വ്യക്തമായ ചർച്ച നടക്കണം. തന്റെ പുത്രന്മാരായ ഹോഫ്നിയെയും ഫീനെഹാസിനെയും നിയന്ത്രിക്കാനും ശിക്ഷണം നടത്താനും പരാജയപ്പെട്ടതിനാൽ പഴയനിയമത്തിലെ പുരോഹിതനായ ഏലി തന്നെയും മക്കളെയും നശിപ്പിച്ചു. അദ്ദേഹം ഉപദേശം നൽകിയെങ്കിലും (1 ശമുവേൽ 2:23, 24) അവരെ നിയന്ത്രിക്കാൻ ശ്രദ്ധിച്ചില്ല. നാലാം നൂറ്റാണ്ടിൽ വിശുദ്ധ ജോൺ

ക്രിസോസ്റ്റം, കുട്ടികളുടെ ശക്തമായ അച്ചടക്കത്തിന് ശ്രദ്ധിക്കാതെ നിഷ്ക്രിയമായ ഉപദേശം മാത്രം നടത്തിയ ഏലിയെ വിമർശിക്കുന്നു. മക്കളെ നാശത്തിലേക്ക് നയിച്ചത് ഏലിയുടെ ക്രിമിനൽ സൗമ്യതയായിരുന്നു എന്നാണ് ആ വിശുദ്ധൻ പറയുന്നത്. കുട്ടികൾക്കുള്ള വിവിധ നിയമങ്ങളും നിയന്ത്രണങ്ങളും വളരെ മുൻകൂട്ടി അവരെ അറിയിക്കണം. ശിക്ഷകളെക്കുറിച്ച് വ്യക്തമായ ചിത്രവും ഉണ്ടായിരിക്കണം. കുടുംബത്തിലെ എല്ലാ അംഗങ്ങളും ചെറുശിക്ഷ നല്കുന്നതിലും അനുസരിക്കുന്നെങ്കിൽ അംഗീകരിക്കുന്നതിലും സ്ഥിരത പുലർത്തണം. എന്നിരുന്നാലും ഈ പ്രക്രിയയിൽ കുട്ടികളുടെ അന്തസ്സിനോടും സ്വതന്ത്ര ഇച്ഛാശക്തിയോടും പരിഗണന പുലർത്താൻ അധിക ശ്രദ്ധ നൽകണം. ഭാവിയിൽ തങ്ങളുടെ സ്വാതന്ത്ര്യം അർത്ഥവത്തായും ഉത്തരവാദിത്തത്തോടെയും ഉപയോഗിക്കാൻ കുട്ടികളെ സഹായിക്കുന്നതിന്റെ ഭാഗമാണ് ഈ അച്ചടക്കം.

3. Compassion – അനുകമ്പ: മാതാപിതാക്കളുടെ അനുകമ്പയാണ് രക്ഷാകർതൃത്വത്തിന്റെ സ്വേച്ഛാധിപത്യത്തിൽ നിന്ന് സ്വാതന്ത്ര്യം ഉറപ്പാക്കുകയും കുട്ടികളുടെ വിശ്വാസ രൂപീകരണത്തിന് ആരോഗ്യകരമായ അന്തരീക്ഷം സുഗമമാക്കുകയും ചെയ്യുന്നത്. മനുഷ്യരാശിയുടെ ചരിത്രത്തിലെ ഏറ്റവും ക്രൂരനായ മനുഷ്യനായി ഹിറ്റ്ലറെ രൂപപ്പെടുത്തുന്നതിന് ഒരു കാരണം ഹിറ്റ്ലറുടെ പിതാവിന്റെ പരുഷവും ക്രൂരവുമായ രക്ഷാകർതൃത്വമായിരുന്നു എന്നത് ഇപ്പോൾ അംഗീകരിക്കപ്പെട്ട ഒരു മനഃശാസ്ത്രപരമായ സത്യമാണ്. 'നിന്റെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ശിക്ഷണത്തിലും പ്രബോധനത്തിലും വളർത്തുക' (എഫേ. 6:4). മാതാപിതാക്കളുടെ സ്നേഹം അനുഭവിക്കുന്നത് അവരുടെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള ഒരു ഉത്തേജനമാണ്. വീട്ടിൽ അത്തരം സ്നേഹവും പരിചരണവും ലഭിക്കാത്ത കുട്ടികൾ വഴിതെറ്റിക്കുന്ന പല ആസക്തികളിലേക്കും പ്രണയ കെണികളിലേക്കും എളുപ്പത്തിൽ ആകർഷിക്കപ്പെടുന്നു. മാതാപിതാക്കളുടെ അനുകമ്പ ദൈവസ്നേഹത്തിന്റെ പ്രകാശനമാകണം.

4. Communion – ദൈവസംസർഗ്ഗം: ഓരോരുത്തരുടെയും, പ്രത്യേകിച്ച് പുതിയ തലമുറകളുടെയും ജീവിതം രൂപപ്പെടുത്തുന്നതിൽ ദൈവവുമായുള്ള കൂട്ടായ്മ നിർണ്ണായകമാണ്. ആരാധനയിലൂടെയും പ്രാർത്ഥനയിലൂടെയും നിരന്തരമായ ദൈവാനുഭവമില്ലാതെ വിദ്യാഭ്യാസം, ബോധ്യപ്പെടുത്തൽ, നിയന്ത്രണം, കൗൺസിലിംഗ് എന്നിവയിൽ മാത്രം ആശ്രയിക്കുന്നത് കുട്ടികളെ ദൈവ ഹിതാനുസരണം വളർത്തുന്നതിൽ ഒരു തടസ്സമാകും. ക്രിസ്തുഭാവമുള്ള മെച്ചപ്പെട്ട മനുഷ്യരാകാൻ വേണ്ടിയാണ് നാം പതിവായി പ്രാർത്ഥനാ ജീവിതം പിന്തുടരുന്നത്. ഓരോ വ്യക്തിയുടെയും ആരോഗ്യകരമായ അത്മീയ വളർച്ചയും മൂല്യാധിഷ്ഠിധ സ്വഭാവ രൂപീകരണവും ഉറപ്പാക്കുന്ന ആത്മാവിന്റെ ശ്വസനമാണ് പ്രാർത്ഥന. പ്രാർത്ഥനയിൽ വായും

മനസ്സും തമ്മിലുള്ള അന്തരം കുറഞ്ഞുകുറഞ്ഞ് ഇല്ലാതാകണം. 'യേശുവേ, പാപിയായ എന്നോട് കരുണ തോന്നേണമേ' എന്ന യേശുനാമപ്രാർത്ഥന പോലുള്ള ചെറിയ പ്രാർത്ഥനകൾ പഠിക്കാനും അത് അവരുടെ മനസ്സിൽ നിശബ്ദമായി അഭ്യസിക്കാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. ക്രിസ്തുവുമായി നിരന്തരമായ കൂട്ടായ്മയിൽ തുടരാൻ ഇത് അവരെ സഹായിക്കുന്നു. ഫോൺ ആസക്തിക്ക് പകരം പ്രാർത്ഥനയോടുള്ള അത്തരം സൃഷ്ടിപരമായ ആസക്തികൾ വളർത്തിയെടുക്കേണ്ടതാണ്. കുടുംബ പ്രാർത്ഥനയ്ക്കും പൊതു ആരാധനയ്ക്കുമായി കുടുംബങ്ങൾ ചെലവഴിക്കുന്ന ഗുണനിലവാരമുള്ള സമയം വിശ്വാസരൂപീകരണത്തിന് വളരെയധികം സഹായകരമാകും. ദൈവസംസർഗ്ഗം അർത്ഥവത്തായ വ്യക്തിപരവും കുടുംബപരവും ആയ പ്രാർത്ഥനകളും പരസ്യമായ ആരാധനയിലെ പങ്കാളിത്തവും വി. കുർബ്ബാന അനുഭവവും സൂചിപ്പിക്കുന്നു.

5. Community: കുട്ടികളുടെ വിശ്വാസ രൂപീകരണത്തിൽ ഒരു സമൂഹത്തിന്റെ പങ്കാളിത്തവും വളരെ അത്യാവശ്യമാണ്. നേരത്തെ കൂട്ടുകുടുംബങ്ങളുടെയും ഗ്രാമങ്ങളുടെയും വലിയ സമൂഹങ്ങൾ നേരിട്ടോ അല്ലാതെയോ രക്ഷാകർതൃത്വത്തിൽ ഏർപ്പെട്ടിരുന്നു. എന്നാൽ ഇന്നത്തെ fast and flat സംസ്കാരത്തിൽ, കുട്ടിയെ പലപ്പോഴും ഒരു സമൂഹത്തിലെ കുട്ടിയായിട്ടല്ല, മറിച്ച് ഒരു ഏക കുടുംബത്തിലെ കുട്ടിയായിട്ടാണ് വളർത്തുന്നത്. അത്തരമൊരു ചെറിയ കുടുംബത്തിലെ മാതാപിതാക്കൾ മുഴുവൻ സമയവും ജോലി ചെയ്യുകയാണെങ്കിൽ, രക്ഷാകർതൃ സ്വാധീനം കൂടുതൽ ദുർബലമാകുകയും ഇന്റർനെറ്റ്, ടെലിവിഷൻ, സുഹൃത്തുക്കൾ എന്നിവ കുട്ടികളുടെ ലോകവീക്ഷണവും മൂല്യങ്ങളും രൂപപ്പെടുത്തുകയും ചെയ്യും. ഇത് പലപ്പോഴും അഭികാമ്യമല്ല. ഈ പ്രതിസന്ധി കുറച്ചൊക്കെ പരിഹരിക്കാൻ പ്രാദേശിക ഇടവകകളിലെ സജീവമായ പങ്കുചേരലും സൺഡേസ്കൂളിലെ ക്രമമായ പങ്കാളിത്തവും വളരെ സഹായകരമാണ്. നിർഭാഗ്യവശാൽ, ചില ഇടവകകളിലെ വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും ഭിന്നതകളും അഹങ്കാര സംഘട്ടനങ്ങളും പുതിയ തലമുറകളെ സഭയിൽ നിന്നും ദൈവത്തിൽ നിന്നും അകറ്റി നിർത്തുന്നു. അതിന്റെ ഫലമായി പോസിറ്റീവ് ആയി സ്വാധീനിക്കേണ്ട സമൂഹം നെഗറ്റീവ് രൂപീകരണത്തിന് കാരണമാകുന്നു.

നമ്മുടെ ആത്യന്തിക ആരാധന ഒരു നിത്യ സമൂഹമായ ദൈവത്തോടാണ്. നമ്മുടെ കുടുംബങ്ങളും ഇടവകകളും സഭയും ഈ ത്രീയേക ദൈവത്തിന്റെ കൂട്ടായ്മയ്ക്ക് അനുസൃതമായി രൂപപ്പെടണം. ലോകം മുഴുവൻ അത്തരത്തിലുള്ള ഒരു സമൂഹമായി മാറേണ്ടതുണ്ട്. യേശുക്രിസ്തു നമ്മെ ഉദ്ബോധിപ്പിക്കുന്നു: 'എന്നിൽ വിശ്വസിക്കുന്ന ഈ കൊച്ചുകുട്ടികളിൽ ആർക്കെങ്കിലും ഇടർച്ച വരുത്തുന്ന ആളുടെ കഴുത്തിൽ ഒരു വലിയ തിരികല്ല് കെട്ടി കടലിൽ താഴ്ത്തേണ്ടതാണ്' (മത്തായി 18:6). യേശുവിന്റെ ഈ കഠി

നമായ വാക്കുകൾ കുട്ടികളുടെ ആർദ്രമനസ്സുകളിൽ വിശ്വാസം രൂപപ്പെടുന്നതിനുള്ള എല്ലാ തടസ്സങ്ങളും നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനാൽ എല്ലാ മുതിർന്നവരും ഒരു സ്മാർട്ട് തലമുറയുടെ വിശ്വാസ രൂപീകരണത്തിനായി വീടുകളിലും ഇടവകകളിലും സ്നേഹത്തിനും സമാധാനത്തിനും വേണ്ടി പ്രവർത്തിക്കുന്നത് ഗൗരവമായ കടമയായി കണക്കാക്കണം. ദൈവത്തിന്റെ മാർഗനിർദേശം പിന്തുടർന്ന്, പ്രത്യേകിച്ച് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ, ദൈവത്തിന്റെ രക്ഷാകർതൃത്വം മാതാപിതാക്കൾ സ്വയം സ്വീകരിക്കുന്നതിലൂടെയാണ് മാതാപിതാക്കൾക്ക് അവരുടെ കുട്ടികളെ ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കാൻ കഴിയുന്നത്.

അത്മീയ അനുഷ്ഠാനങ്ങളാലും കൂദാശകളാലും പരിപോഷിപ്പിക്കപ്പെട്ടു വളരേണ്ട ക്രിസ്തുവുമായുള്ള സ്നേഹബന്ധം മാതാപിതാക്കളുടെ പങ്കാളിത്തത്തിലൂടെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അമ്മമാർ തങ്ങളുടെ കുട്ടികളെ ക്രിസ്തുവിന്റെ അടുത്തേക്ക് കൊണ്ടുവരികയും അവൻ അവരെ അനുഗ്രഹിക്കുകയും ചെയ്തിരുന്നു. മാതാപിതാക്കൾ രണ്ടുപേർക്കും തുല്യ ഉത്തരവാദിത്തമുണ്ടെങ്കിലും, വിശ്വാസ രൂപീകരണത്തിൽ അമ്മമാരുടെ പങ്ക് പ്രത്യേക പ്രാധാന്യമുള്ളതാണ്. ജിമ്മി കാർട്ടർ തന്റെ 'ലിവിംഗ് ഫെയ്ത്ത്' (Living Faith) എന്ന പുസ്തകത്തിലും ദീനബന്ധു സി. എഫ്. ആൻഡ്രൂസ് തന്റെ ആത്മകഥയിലും (*What I Owe to Christ*), ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തന്റെ ലേഖനങ്ങളിലും അവരുടെ വ്യക്തിപരമായ അനുഭവങ്ങളിലൂടെ ഈ വസ്തുത സ്ഥിരീകരിക്കുന്നു. തിമൊഥെയൊസിന്റെ വിശ്വാസത്തേക്കുറിച്ച് പൗലോസ് ശ്ലീഹാ പറയുന്നത് അത് അയാളുടെ അമ്മയായ യൂനിക്കയിലും മുത്തശ്ശിയായ ലോവീസിലും കണ്ടിരുന്നു (2 തിമൊഥെയൊസ് 1:5) എന്നാണല്ലോ.

റോസെന്താളിന്റെ പരീക്ഷണം (The Rosenthal Experiment) എന്നറിയപ്പെടുന്ന ഒരു പ്രശസ്തമായ പരീക്ഷണമുണ്ട്. ഹാർവാർഡിലെ സൈക്കോളജി പ്രൊഫസറായിരുന്ന റോബർട്ട് റോസെന്താൾ ഒരിക്കൽ രണ്ട് കൂട്ടം വിദ്യാർത്ഥികൾക്ക് പരിശീലനത്തിനായി അഞ്ച് എലികളെ വീതം നൽകി. ആദ്യത്തെ ഗ്രൂപ്പിന് നൽകുമ്പോൾ, ആ അഞ്ച് എലികളും വളരെ മോശം ഇനത്തിൽപ്പെട്ടവയാണെന്ന് റോസെന്താൾ അവരോട് പറഞ്ഞു. എന്നാൽ അടുത്ത ഗ്രൂപ്പിന് ലഭിച്ച എലികളെ കുറിച്ച് ഉയർന്ന ഗുണനിലവാരമുള്ളവയാണെന്ന വിവരണം നല്കി. ഈ രണ്ടാമത്തെ ഗ്രൂപ്പിന് എലികളെ നിരവധി കഴിവുകളിൽ നന്നായി പരിശീലിപ്പിക്കാൻ കഴിഞ്ഞു. അതേസമയം ആദ്യ ഗ്രൂപ്പു വിദ്യാർത്ഥികൾ എലികളെ വളർത്തുന്നതിൽ പരാജയപ്പെട്ടു. യഥാർത്ഥത്തിൽ, രണ്ട് ഗ്രൂപ്പുകൾക്കും ഒരേ തരത്തിലുള്ള എലികളെ ആണ് നൽകിയിരുന്നത്. എന്നിരുന്നാലും, എലികളെ സംബന്ധിച്ച വിവരണം വിദ്യാർ

ത്ഥികളുടെ പ്രതീക്ഷകളിൽ മാറ്റങ്ങൾ വരുത്തി, അവയെ വ്യത്യസ്ത തരത്തിലുള്ള രൂപപ്പെടുത്തലിലേക്ക് നയിച്ചു. 'മറ്റൊരു വ്യക്തിയുടെ പെരുമാറ്റത്തെക്കുറിച്ചുള്ള ഒരു വ്യക്തിയുടെ പ്രതീക്ഷ എങ്ങനെയെങ്കിലും സാക്ഷാത്കരിക്കപ്പെടുന്നു എന്നതാണ് ഈ പരീക്ഷണത്തിലൂടെയുള്ള കണ്ടുപിടുത്തത്തിന്റെ സാരാംശം.'

കുട്ടികളെക്കുറിച്ചുള്ള മാതാപിതാക്കളുടെ സ്വപ്നങ്ങളിൽ ഭൂരിഭാഗവും ഉന്നതമായ സെക്കുലർ വിദ്യാഭ്യാസം, സമർത്ഥമായ ജോലി, ആഡംബരവും സുഖകരവുമായ ഭാവി ജീവിതം എന്നിവയിൽ ഒതുങ്ങുന്നു. എന്നാൽ ക്രിസ്തുവിന്റെ വെളിച്ചത്തിൽ ഉയർന്ന പ്രതീക്ഷകൾ ഉണ്ടായിരിക്കാൻ സുവിശേഷം നമ്മെ വെല്ലുവിളിക്കുന്നു. ക്രിസ്തുവിൽ ലഭ്യമായ ജീവിതത്തിന്റെ പൂർണ്ണതയ്ക്കുള്ള സാധ്യതയെ മക്കളിൽ പ്രകാശിപ്പിക്കാൻ സഹായിക്കുന്നവരാകണം മാതാപിതാക്കൾ. ചുരുക്കത്തിൽ, സഭ മൊത്തത്തിൽ, പ്രത്യേകിച്ച് മാതാപിതാക്കളും അപ്പച്ചനമ്മച്ചിമാരും ക്രിസ്തുവിനെപ്പോലെ സ്നേഹത്തിലും വിശുദ്ധിയിലും വളരുന്ന, ക്രിസ്തീയ വിശ്വാസത്തോട് വിശ്വസ്ഥത പുലർത്തുന്ന ഒരു സ്മാർട്ട് തലമുറയുടെ രൂപീകരണം സ്വപ്നം കണ്ടു പ്രവർത്തിക്കേണ്ടതുണ്ട്. നല്ലൊരു വിഭാഗം ആളുകൾ തങ്ങൾക്ക് അപ്പഴപ്പോൾ തോന്നുന്നതെന്തും ശരിയാണെന്ന് കരുതുന്നു. ദൈവരഹിതമായ ഒരു സംസ്കാരത്തിൽ സുഖസൗകര്യങ്ങളുടെ വർദ്ധനവ് ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യവും അർത്ഥവുമായി മാറുന്നത് സ്വാഭാവികമാണ്. വാലുകളില്ലാത്ത മൃഗങ്ങളായി മനുഷ്യർ ചിത്രീകരിക്കപ്പെടുന്നു. മുൻകാലങ്ങളിൽ ധാർമ്മികമൂല്യങ്ങൾ ലംഘിക്കപ്പെട്ടിരുന്നെങ്കിലും അവയുടെ മഹത്വവും ആവശ്യകതയും പൊതുവെ അംഗീകരിക്കപ്പെട്ടിരുന്നു. എന്നാൽ വിൽ ഹെർബർഗ് സൂചിപ്പിച്ചതുപോലെ നമ്മുടെ കാലത്തെ ധാർമ്മികതയ്ക്കുള്ള യഥാർത്ഥ വെല്ലുവിളി 'എല്ലാ ധാർമ്മിക മാനദണ്ഡങ്ങളെയും മൂല്യ വ്യവസ്ഥിതിയെയും നിരസിക്കുന്നു' എന്നതാണ്.

ധാർമിക ബോധം നഷ്ടപ്പെടുന്ന ഈ സാഹചര്യത്തിൽ രക്ഷാകർതൃത്വത്തിന്റെ ഈ ദൗത്യം നിറവേറ്റുന്നതിന് നമുക്ക് പരിശുദ്ധാത്മാ കൃപ ഏറെ ആവശ്യമാണ്. ധാർമിക പ്രതിസന്ധിയുടെ വൈറസുകളിൽ നിന്ന് സംരക്ഷണം നൽകുകയും ജീവിതത്തിന് സുസ്ഥിരമായ അടിസ്ഥാനമിടുകയും ജീവിതം സന്തോഷപൂർണ്ണവും വിജയകരവും ആകുവാൻ സഹായിക്കുകയും ചെയ്യുന്ന വിശ്വാസത്തിന്റെ സോഫ്റ്റ്‌വെയർ കുട്ടികളിൽ രൂപപ്പെടുത്തുന്നതിൽ കുട്ടികളും മാതാപിതാക്കളും സൺഡേസ്കൂളും സഭ മുഴുവനും അതീവ ജാഗ്രതയോടെ സഹകരിച്ച് പ്രവർത്തിക്കേണ്ടത് നിർണായകമാണ്.

6

ശാസ്ത്രവും വിശ്വാസവും

വിശ്വാസവും ശാസ്ത്രവും ജീവിതം ക്ഷേമകരമാക്കാൻ ദൈവകൃപയാൽ നൽകപ്പെട്ടിട്ടുള്ള ഉപാധികളാണ്. എന്നാൽ പല തെറ്റിദ്ധാരണകൾ കൊണ്ട് ഇവയെ പരസ്പര വിരുദ്ധമായി ചിത്രീകരിക്കുന്ന ഒരു പ്രവണത ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പരസ്പര സംഘർഷത്തിന് പകരം ശാസ്ത്രവും വിശ്വാസവും പരസ്പര പൂരകങ്ങളായി എങ്ങനെ വർത്തിക്കാം എന്നറിയാനുള്ള ഒരു അന്വേഷണം പ്രസക്തമാണ്. ശാസ്ത്രയുഗത്തിൽ എങ്ങനെ വേദപഠനം കാര്യക്ഷമമാക്കാം എന്നതും ഈ ചർച്ചയുടെ ഭാഗമാണ്.

ആധുനിക ശാസ്ത്രം ഒരു പരിചയപ്പെടൽ

നിരീക്ഷണ പരീക്ഷണങ്ങളിലൂടെ ജീവൻ ഉൾപ്പെടെയുള്ള ഭൗതിക ലോകത്തെക്കുറിച്ച് നടത്തുന്ന പഠനം ആണല്ലോ ശാസ്ത്രം. അങ്ങനെ വസ്തുനിഷ്ഠമായ തെളിവുകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന അറിവിനും അത് രൂപപ്പെടുത്തുന്ന പ്രക്രിയയ്ക്കും ശാസ്ത്രം എന്നു പറയുന്നു. പതിനാറാം നൂറ്റാണ്ടിൽ കോപ്പർനിക്കസിനെ പോലുള്ളവരും പതിനേഴാം നൂറ്റാണ്ടിൽ ഗലീലിയോയെപ്പോലെയുള്ളവരും പതിനെട്ടാം നൂറ്റാണ്ടിൽ ഐസക് ന്യൂട്ടനെ പോലെയുള്ളവരും പത്തൊമ്പതാം നൂറ്റാണ്ടിൽ ഡാർവിനെ പോലെയുള്ളവരും ഇരുപതാം നൂറ്റാണ്ടിൽ ഐൻസ്റ്റീനെ പോലെയുള്ളവരും നൽകിയ അതുല്യമായ ശാസ്ത്രീയ സംഭാവനകളിലൂടെയാണ് ആധുനികശാസ്ത്രം വളർന്നത്. ഇങ്ങനെയുള്ള ശാസ്ത്രജ്ഞരുടെ ആദ്യനിരയെ ക്രിസ്തീയ വിശ്വാസ ബോധ്യങ്ങൾ ശാസ്ത്രീയ അന്വേഷണത്തിന് പ്രോത്സാഹിപ്പിച്ചു. ദൈവത്തിന്റെ മഹത്വവും ജ്ഞാനവും വേദപുസ്തകത്തിലൂടെ മാത്രമല്ല ദൈവത്തിന്റെ സൃഷ്ടിയിലൂടെയും കണ്ടെത്താൻ ശ്രമിക്കണമെന്ന ചിന്ത ഗലീലിയോ, ജോഹന്നാസ് കെപ്ലർ, റോബർട്ട് ബോയിൽ, ന്യൂട്ടൺ തുടങ്ങിയ ആദ്യകാല പ്രസിദ്ധ ശാസ്ത്രജ്ഞരെ പ്രചോദിപ്പിച്ചതുകൊണ്ടു കൂടിയാണ് അവർ ശാസ്ത്രീയ അന്വേഷണങ്ങളിലേക്ക് ശ്രദ്ധ വച്ചത്.

ഇന്നു നാം മനസ്സിലാക്കുന്നവിധത്തിൽ അർത്ഥം സംവേദനം ചെയ്യത്തക്ക വിധം ശാസ്ത്രം എന്ന വാക്ക് ഉപയോഗിക്കാൻ തുടങ്ങുന്നത് പത്തൊമ്പതാം

നൂറ്റാണ്ടിലാണ്. അതിനു മുമ്പ് ശാസ്ത്രം തത്വചിന്തയുടെ ഭാഗമായിരുന്നു. പ്രത്യേകിച്ച് 'നാച്ചുറൽ ഫിലോസഫി' എന്ന് അറിയപ്പെട്ടിരുന്നു. ശാസ്ത്രം എന്നു പറയുമ്പോൾ ഭൗതികശാസ്ത്രവും ജീവശാസ്ത്രവും എല്ലാം ഉൾക്കൊള്ളുന്ന പ്രാകൃതിക ശാസ്ത്രവും (natural science) സാമൂഹ്യശാസ്ത്രവും (social science) കണക്കും ലോജിക്കും ഒക്കെ ഉൾപ്പെടുന്ന ഔപചാരിക ശാസ്ത്രവും (formal science) പ്രായോഗിക ശാസ്ത്രവും (applied science) ആണ് പ്രധാനമായും മനസ്സിലാക്കുന്നത്. ഓരോന്നിലും ധാരാളം വിഭാഗങ്ങളും ഉപവിഭാഗങ്ങളും എല്ലാമായി നൂറുകണക്കിന് പിരിവുകളും ഉണ്ട്.

മനുഷ്യന്റെ അറിയുവാനുള്ള ത്വരയും ജീവിതം സുഖകരമാക്കാനുള്ള തൃഷ്ണയും സൃഷ്ടിപരമായ കാര്യങ്ങൾക്കുള്ള സർഗ്ഗാത്മകതയും ഒത്തുചേർന്നാണ് ശാസ്ത്രം രൂപപ്പെട്ടു വരുന്നത്.

ശാസ്ത്രവും നാസ്തികതയും

ശാസ്ത്രം നിരീശ്വരവാദം ആണെന്നും ശാസ്ത്രജ്ഞരെല്ലാം നിരീശ്വരർ ആണെന്നും ഉള്ള ചിന്ത വസ്തുനിഷ്ഠമല്ല, ശാസ്ത്രീയമല്ല. 18, 19 നൂറ്റാണ്ടുകളിൽ യൂറോപ്പിൽ ഉണ്ടായ യുക്തികേന്ദ്രീകൃതമായ പ്രബുദ്ധതാ പ്രസ്ഥാനം മതത്തിന്റെ അധികാര ദുരുപയോഗത്തോടുള്ള പ്രതിഷേധമായിരുന്നു. ദൈവനിഷേധം ഈ പ്രതിഷേധത്തിന്റെ ഭാഗമായി വ്യാപിച്ചത് പല ശാസ്ത്രജ്ഞരെയും സ്വാധീനിച്ചു എന്നത് ഒരു സത്യമാണ്. എന്നാൽ ഗലീലിയോ, കെപ്ലർ, ന്യൂട്ടൺ തുടങ്ങിയ ആദ്യകാല ശാസ്ത്രജ്ഞന്മാർ മാത്രമല്ല അതിനു ശേഷവും പ്രസിദ്ധരായ പല ശാസ്ത്രജ്ഞരും വിശ്വാസം മുറുകെപ്പിടിച്ച് ജീവിച്ചതിന്റെ ഉദാഹരണങ്ങൾ ധാരാളമാണ്. ബെൽജിയംകാരൻ വാനശാസ്ത്രജ്ഞൻ ജോർജ് ലെമൈതർ, ഹ്യൂമൻ ജിനോം പദ്ധതിയുടെ അധ്യക്ഷനായിരുന്ന ഫ്രാൻസിസ് കോളിൻസ്, ഭൗതികശാസ്ത്രത്തിന് 1997-ൽ നോബൽ സമ്മാനം ലഭിച്ച അമേരിക്കൻ ശാസ്ത്രജ്ഞൻ വില്യം ഡി ഫിലിപ്സ്, ബ്രിട്ടീഷ് മൈക്രോബയോളജിസ്റ്റ് ഡെനിസ് അലക്സാണ്ടർ തുടങ്ങി എത്രയെത്ര ശാസ്ത്രജ്ഞരാണ് ആഴമായ വിശ്വാസവും ആധ്യാത്മിക ദർശനങ്ങളും പൈതൃകമാക്കിയിട്ടുള്ളവർ.

സയൻസും സയന്റിസവും (scientism) വേർതിരിച്ചു മനസ്സിലാക്കേണ്ടതാണ്. വസ്തുനിഷ്ഠമായ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ലഭിക്കുന്ന അറിവ് മാത്രമേ സത്യമായിട്ടുള്ളു എന്ന വാദമാണ് സയന്റിസം (scientism). ഇതനുസരിച്ച് ഇന്ദ്രിയങ്ങൾ കൊണ്ടോ ഇന്ദ്രിയങ്ങളുടെ വിപുലീകരണമായ സാങ്കേതികവിദ്യകൾ കൊണ്ടോ മനസ്സിലാക്കാൻ കഴിയുന്നവ മാത്രമേ യഥാർത്ഥമായിട്ടുള്ളു. ഈ വാദം ശരിക്കും ശാസ്ത്രീയമല്ല. മറിച്ച് തത്വചിന്തയുടെ പരിധിയിൽ വരുന്നതാണ്. ഇന്ദ്രിയങ്ങൾ കൊണ്ടോ ഉപകരണങ്ങൾ കൊണ്ടോ പരിശോധിച്ചു കണ്ടെത്താൻ കഴിയുന്നില്ല എന്നു പറഞ്ഞ്

ആത്മീയ യാഥാർത്ഥ്യങ്ങൾ ഇല്ല എന്ന് എങ്ങനെ തെളിയിക്കാൻ കഴിയും. ടെസ്റ്റ് ട്യൂബിൽ ഇട്ട് വസ്തുനിഷ്ഠമായി ഒരു കണ്ണുനീർത്തുള്ളിയെക്കുറിച്ച് പരിശോധിച്ചറിയുന്നത് മാത്രമല്ലല്ലോ അതിനെ സംബന്ധിച്ച പൂർണ്ണ അറിവ്. അത് പൊഴിച്ച ആളുടെ അതിന് കാരണമായ വേദന അറിയുവാൻ മറ്റൊരു രീതിശാസ്ത്രം ആണല്ലോ ആവശ്യം. ശാസ്ത്രത്തിന് ഭൗതികമാത്ര പ്രധാനമായ ഒരു തത്വചിന്ത മാത്രമായ സയന്റിസം അനിവാര്യമല്ല എന്ന സത്യം തിരിച്ചറിയേണ്ടതാണ്.

എന്നാൽ വിശ്വാസത്തെ ശക്തീകരിക്കാനായി ശാസ്ത്രത്തെ നന്നായി പ്രയോജനപ്പെടുത്താവുന്നതാണ്. ശാസ്ത്രം പ്രപഞ്ച രഹസ്യങ്ങളെ തുറന്ന് കാണിക്കുന്നത് വഴി വിശ്വാസിക്ക് പ്രകൃതിയിലൂടെ വ്യാപരിക്കുന്ന ദൈവ കൃപയെ തിരിച്ചറിയുവാൻ എളുപ്പമാകും.

വിശ്വാസവും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തിന്റെ ചില മാതൃകകൾ

വിശ്വാസവും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കുകയും പഠിപ്പിക്കുകയും ചെയ്ത ചിന്തകരും ശാസ്ത്രജ്ഞരും ദൈവശാസ്ത്രജ്ഞരും ധാരാളം ഉണ്ട്. തെയ്യാർ ദി ഷാർദാൻ, പൗലോസ് മാർ ഗ്രീഗോറിയോസ്, പോൾ കിംഗ്ഹോൺ, അയാൺ ബാർബർ, ജോബ് കോഴന്താടം, കുരുവിള പാണ്ടിക്കാട്ട് തുടങ്ങിയവർ അവരിൽ ചിലർ മാത്രം. ഇവരെല്ലാം പഠിപ്പിക്കാൻ ശ്രമിച്ചത് ശാസ്ത്രവും വിശ്വാസവും പരസ്പര പൂരകങ്ങൾ ആക്കി കൊണ്ടുപോകാൻ സാധിക്കും എന്നാണ്. അയാൺ ബാർബർ പറയുന്ന നാലു മാതൃകകൾ ശാസ്ത്രവും മതവും തമ്മിലുള്ള ബന്ധത്തിന്റെ ഏറ്റവും ലളിതമായ വിവരണം ആണ്. സംഘർഷം (conflict) സ്വാതന്ത്ര്യം (independence) സംസാരം (dialogue) സംയോജനം (integration) എന്നിവയാണ് ആ മോഡലുകൾ.

ഭൗതികവാദികളായ ശാസ്ത്രജ്ഞരും ആക്ഷരിക വേദവ്യാഖ്യാനം മുറുകെ പിടിക്കുന്ന വിശ്വാസികളും ആണ് ശാസ്ത്രവും മതവും തമ്മിലുള്ള സംഘർഷാവസ്ഥയ്ക്ക് പ്രധാന കാരണം. ഭൗമ കേന്ദ്രീകൃത വീക്ഷണത്തിൽ നിന്ന് സൗര കേന്ദ്രീകൃത വീക്ഷണത്തിലേക്ക് മാറുവാൻ സഹായിച്ച ശാസ്ത്രീയ കണ്ടെത്തലുകളും പ്രപഞ്ചോൽപത്തിയും വികാസവും സംബന്ധിച്ച ബിഗ് ബാംഗ് ശാസ്ത്ര ചിന്തകളും ഒക്കെ വന്നപ്പോൾ പല സഭാനേതൃത്വവും തങ്ങളുടെ വിശ്വാസത്തിന് ശാസ്ത്രം ഭീഷണിയാകും എന്ന് കരുതി അതിന് എതിരെ നിൽക്കുകയായിരുന്നു. ഇതുപോലെ റിച്ചാർഡ് ഡോക്കിൻസിനെ പോലുള്ള ശാസ്ത്രജ്ഞർ ശാസ്ത്രജ്ഞാനം ഉപയോഗിച്ച് വിശ്വാസം അടിസ്ഥാനരഹിതം എന്ന് തെളിയിക്കാൻ ശ്രമിച്ചതും ഈ സംഘർഷാവസ്ഥയുടെ ചില സൂചനകൾ മാത്രം.

പരസ്പരം കണ്ടുകൂടാത്ത വിധത്തിൽ ശാസ്ത്രത്തെയും വിശ്വാസ ത്തെയും ഓരോന്നിന്റെയും സ്വാതന്ത്ര്യം പറഞ്ഞ് മാറ്റിപ്പാർപ്പിക്കുന്ന രീതി യാണ് രണ്ടാമത്തേത്.

പരസ്പരം അറിവ് പകരുവാനും വെളിച്ചം നൽകുവാനും ശാസ്ത്രവും വിശ്വാസവും സംസാരിക്കുകയും സംവാദത്തിൽ ഏർപ്പെടുകയും ചെയ്യുന്ന തിന് ഉള്ള മാർഗനിർദ്ദേശമാണ് മൂന്നാമത്തെ മാതൃക. പ്രപഞ്ചോല്പത്തിയെ ക്കുറിച്ചും അതിനും മുമ്പത്തെ അവസ്ഥയെക്കുറിച്ചും പ്രപഞ്ചത്തിന്റെ അവ സാനത്തിന് അപ്പുറത്തുള്ളതിനെക്കുറിച്ചും ഉള്ള അറിവിന് ശാസ്ത്രത്തിൽ മാത്രം ആശ്രയിക്കാതെ വിശ്വാസവും ചേർത്ത് പിടിക്കേണ്ടതാണ്. ശാസ്ത്രീയ മുന്നേറ്റങ്ങളോടൊപ്പം അനിവാര്യമായ ധാർമ്മിക മുന്നേറ്റത്തിന് സഹായിക്കുന്ന വിശ്വാസവും പരസ്പരം വെളിച്ചം പകരേണ്ടതാണ്.

പ്രകൃതിയുടെ ദൈവശാസ്ത്രം ഒന്നു മറ്റൊന്നിനെ സ്വാധീനിച്ച് രൂപാന്തര പ്പെടുന്നതിന് ഉദാഹരണമാണ്. ശാസ്ത്രീയ ജ്ഞാനം ഉത്തരവാദിത്വത്തോടെ ഏറ്റെടുക്കുമ്പോൾ വേദശാസ്ത്ര വ്യാഖ്യാനങ്ങളിൽ തന്നെ ചില മാറ്റങ്ങൾ വരും. പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടു എന്നു ഭൂതകാലത്തിൽ മാത്രം പറയാതെ സൃഷ്ടിക്കപ്പെട്ടുകൊണ്ടേയിരിക്കുന്ന ഒരു ലോകത്തെക്കുറിച്ച് പറയുവാൻ ശാസ്ത്രം വേദശാസ്ത്രത്തെ സ്വാധീനിച്ച് മാറ്റുകയായിരുന്നല്ലോ.

പതിനാറാം നൂറ്റാണ്ട് മുതൽ ഇന്നയോളം ഉണ്ടായ ആധുനികശാസ്ത്ര ത്തിന്റെ ചില കണ്ടെത്തലുകൾ വേദവിരുദ്ധമായി പലർക്കും അനുഭവപ്പെട്ടു. അങ്ങനെയുള്ള ചില പ്രധാന ശാസ്ത്ര സത്യങ്ങൾ ഒന്ന് ഓർമിക്കാം:

1. നമ്മുടെ ഈ പ്രപഞ്ചത്തിന് ഏകദേശം 1380 കോടി വർഷങ്ങൾ പഴക്ക മുണ്ട് എന്ന ജിയോളജിയിലെ കണ്ടെത്തലുകൾ. 2. സൗര കേന്ദ്രീകൃത ലോക വീക്ഷണ സിദ്ധാന്തം. 3. ഭൂമി ഉരുണ്ടതാണെന്ന ശാസ്ത്രീയ കണ്ടെ ത്തൽ. 4. ശാസ്ത്ര ചിന്തയിൽ പരിണാമത്തിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ള താണ് ഈ പ്രപഞ്ചവും ജീവജാലങ്ങളും. 400 കോടി വർഷങ്ങൾക്ക് മുമ്പ് ഈ ഭൂമിയിൽ അങ്കുരിച്ച ജീവൻ വളർന്ന് മനുഷ്യർ ഉൾപ്പെടെയുള്ള പല ജീവിവർഗങ്ങളും ഉണ്ടായത് പരിണാമത്തിലൂടെയാണ്. 1859-ൽ ഡാർവിൻ ഈ സിദ്ധാന്തം പ്രസിദ്ധീകരിച്ചു. അതു മുതൽ വിശ്വാസികൾ ഏറ്റവും എതി ർത്ത ഒരു ശാസ്ത്രീയ കണ്ടെത്തലും ഇതു തന്നെയാകും. ദൈവം നേരിട്ട് ഓരോന്നിനെയും പൂർണ്ണമാക്കി സൃഷ്ടിച്ചുണ്ടാക്കി എന്ന ഉല്പത്തി വിവരണ ത്തിന് വിരുദ്ധമായി അനുഭവപ്പെട്ട ഈ സിദ്ധാന്തം, മനുഷ്യനെ വെറും മൃഗ ജാലങ്ങളുടെ ഭാഗം മാത്രമായി കരുതുന്ന ഈ പഠിപ്പിക്കൽ, ശക്തമായ എതിർപ്പ് വിളിച്ചുവരുത്തിയത് സ്വാഭാവികമാണ്.

ഇതുപോലുള്ള വെല്ലുവിളികളോട് ഒന്നാമത്തെ വിശ്വാസ പ്രതികരണം വേദവിരുദ്ധം എന്നു പറഞ്ഞുള്ള അന്ധമായ നിരാകരണം ആയിരുന്നു.

ശാസ്ത്രത്തോട് നീതിപുലർത്തുന്നു എന്ന തോന്നൽ ഉളവാക്കുന്ന ചില വേദവ്യാഖ്യാനങ്ങളിലൂടെയുള്ള പ്രതികരണമാണ് രണ്ടാമത്തേത്. ഇരുപതാം നൂറ്റാണ്ടിൽ രൂപപ്പെട്ട പരിണാമ വിരുദ്ധ സൃഷ്ടിവാദങ്ങൾ ഇതിനുള്ള നല്ല ഉദാഹരണങ്ങളാണ്. ഇവയിൽ യുവ ഭൗമ സൃഷ്ടിവാദം (young earth creationism) ഏകദേശം 6000 വർഷങ്ങൾക്കു മുമ്പ് അധികമായാൽ 10000 വർഷങ്ങൾക്കു മുമ്പ് അക്ഷരാർത്ഥത്തിൽ തന്നെയുള്ള ആറു ദിവസങ്ങളിലായി സൃഷ്ടിക്കപ്പെട്ടത് തന്നെയാണ് സകലതും എന്നതാണ്. ഈ വാദഗതിയുള്ള John C Whitcomb ഉം Henry M Morris ഉം ഒക്കെ പറയുന്നത് ദൈവം വളരെ കാലപ്പഴക്കം ഉണ്ടെന്ന പ്രതീതി ഉളവാക്കുംവിധം സൃഷ്ടി നടത്തിയത് കൊണ്ടാണ് ലോകത്തിന് ആയുർദൈർഘ്യം വളരെയധികം ആണെന്ന് ശാസ്ത്രം കണ്ടെത്തിയത് എന്നാണ്.

വൃദ്ധ ഭൗമ സൃഷ്ടി വാദം (Old Earth Creationism) ജിയോളജിയുടെ കാലഗണനയെ സ്വീകരിക്കുന്നു എങ്കിലും പരിണാമത്തിലൂടെയാണ് ഇന്നത്തെ സ്ഥിതിയിലേക്ക് പ്രപഞ്ചവും ജീവനും രൂപപ്പെട്ടത് എന്നത് സ്വീകരിക്കുന്നില്ല. ഈ വാദക്കാർ വേദപുസ്തക സൃഷ്ടിവിവരണത്തിലെ ഒരു ദിവസത്തെ ഒരു യുഗമായി വ്യാഖ്യാനിക്കും. അതുപോലെ ഉല്പത്തി 1:1 ഉം 1:2–31 വരെയും പറയുന്ന രണ്ട് സൃഷ്ടി പരാമർശങ്ങൾ തമ്മിൽ വളരെ ദൈർഘ്യമേറിയ ഒരു വിടവ് അഥവാ ഒരു കാലം ഉണ്ടെന്നും അതാണ് 1300 കോടിയിലധികം കാലപ്പഴക്കം ശാസ്ത്രീയ നിരീക്ഷണത്തിൽ ലോകത്തിനുണ്ടാകാൻ കാരണമെന്നും പഠിപ്പിക്കുന്നു. ഇവയിൽ എല്ലാം വേദപുസ്തകത്തിന്റെ തെറ്റികൂടായ്മയെ പരിരക്ഷിക്കുവാനുള്ള ആക്ഷരിക വേദവ്യാഖ്യാന ശ്രമത്തിന്റെ സ്പർശനമാണ് കാണുന്നത്. ആധുനിക ശാസ്ത്രത്തെ പുരാതന വേദഗ്രന്ഥത്തിൽ ആരോപിക്കുവാൻ ശ്രമിക്കുന്ന കൺകോഡിസവും (Concordism) ഇവിടെ കാണാം.

മൂന്നാമതൊരു വിശ്വാസപ്രതികരണം, സംശയാതീതമായി തെളിയിക്കപ്പെടുന്ന ശാസ്ത്രീയ സത്യങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുള്ള വേദവ്യാഖ്യാന സമീപനമാണ്.

ശാസ്ത്രീയ സത്യങ്ങളെ തുറന്ന മനസ്സോടെ സ്വാംശീകരിക്കുന്ന ഈ വിശ്വാസ പ്രതികരണത്തിൽ കാണുന്ന ചില പ്രധാന ചിന്തകൾ ഇവയാണ്. വചന ഗ്രന്ഥത്തിന്റെയും പ്രപഞ്ച ഗ്രന്ഥത്തിന്റെയും സ്രോതസ്സ് സത്യ ഏക ദൈവമാണ്. പ്രപഞ്ച ഗ്രന്ഥം തുറന്നു വായിക്കാൻ സഹായിക്കുന്ന ശാസ്ത്രവും ദൈവമഹത്വത്തിലേക്ക് വെളിച്ചം പകരുന്നു (യെരമ്യാവ് 10:12–13, സങ്കീർത്തനം 19:1, റോമർ 1:20). പരിണാമത്തിലൂടെയാണ് ദൈവം സൃഷ്ടിക്കുന്നത്. അനുസ്യൂത സൃഷ്ടികർമ്മം നടക്കുന്ന ഒരു ചലനാത്മക പ്രപഞ്ച വീക്ഷണമാണ് അഭികാമ്യം. പൂർത്തിയാകാത്ത വീടിന്റെ തുടർന്നുകൊണ്ടേയിരി

ക്കുന്ന നിർമ്മിതി പോലെയാണിത്. ഇല്ലായ്മയിൽ നിന്ന് സൃഷ്ടികർമ്മം നടത്തിയ ദൈവം അതിനെ പരിപാലിക്കുന്നു എന്നതിന്റെ അടയാളമാണ് പരിണാമത്തിലൂടെയുള്ള അനസ്യൂത സൃഷ്ടികർമ്മം. വേദപുസ്തക രചയിതാക്കളുടെ കാലത്തെ ലോക വീക്ഷണമോ അഥവാ പുരാതന ശാസ്ത്ര ദർശനമോ വേദപുസ്തകത്തിൽ ചിലയിടങ്ങളിൽ കടന്നുകൂടിയിട്ടുണ്ട്. എന്നാൽ അവയൊക്കെ ഒഴിച്ചുകൂടാൻ പറ്റാത്ത വേദ വിശ്വാസ സത്യങ്ങളായി സ്വീകരിക്കേണ്ട ആവശ്യമില്ല. എബ്രായ ഭാഷ, പഴയനിയമ വായനയിൽ സാധാരണക്കാർക്ക് ഇന്ന് അത്യന്താപേക്ഷിതമല്ലാത്തത് പോലെയാണിത്. അതുകൊണ്ട് വേദപുസ്തകം ആരിലേക്ക് ശ്രദ്ധ ആകർഷിക്കുന്നുവോ ആ ദൈവത്തിന് മാത്രമാണ് പൂർണ്ണതയും അപ്രമാദിത്വവും എന്നത് തിരിച്ചറിയണം. വേദപുസ്തകം വെളിപ്പെടുത്തുന്ന ദൈവിക സത്യങ്ങളും ധാർമ്മിക പ്രമാണങ്ങളും ആണ് വിശ്വസ്തതയോടെ ഏറ്റെടുക്കേണ്ടത്. പ്രപഞ്ചത്തിന്റെയും ജീവന്റെയും രൂപ പരിണാമങ്ങൾ എങ്ങനെയായിരുന്നു എന്നറിയാൻ വേദപുസ്തകം അല്ല ശാസ്ത്രപുസ്തകം ആണ് നോക്കേണ്ടത്. പ്രകൃതിയിൽ നടക്കുന്ന പരിശുദ്ധാത്മ വ്യാപാരമാണ് പരിണാമത്തിൽ പ്രകടമാകുന്നത്. പ്രപഞ്ചത്തിന്റെയും ജീവന്റെയും ആരംഭത്തിൽ മാത്രമല്ല അവയുടെ വളർച്ചയിലും ദൈവകൃപയാണ് വിശ്വാസിക്ക് അനുഭവപ്പെടുന്നത്. ആകാശവും ഭൂമിയും തന്റെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്ന ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന ആരാധന ഈ വെളിച്ചത്തിൽ എത്ര ശ്രദ്ധേയമാണ്.

ഉപസംഹാരം

ശാസ്ത്രവും വിശ്വാസവും തമ്മിൽ അനാവശ്യ യുദ്ധത്തിൽ വന്ന പശ്ചാത്തലത്തിൽ പലർക്കും ഒന്നിനെ വിട്ട് മറ്റൊന്നിനെ തെരഞ്ഞെടുക്കേണ്ടി വന്ന ദുര്യോഗം ഉണ്ടായിട്ടുണ്ട്. ശാസ്ത്രമാണോ വേദപുസ്തകം ആണോ സ്വീകാര്യമെന്നത് അർത്ഥരഹിതമായ ചോദ്യമാണ്. ചെരിപ്പ് വാങ്ങുവാൻ ചെല്ലുന്ന ആളിനോട് കടക്കാരൻ ഇടതുകാലിലെ ചെരുപ്പാണോ അതോ വലതു കാലിലെ ചെരുപ്പാണോ വേണ്ടത് എന്ന് ചോദിക്കുന്നത് പോലെയാകും ശാസ്ത്രമാണോ വിശ്വാസമാണോ നിങ്ങൾ തെരഞ്ഞെടുക്കുന്നത് എന്ന ചോദ്യം. ജീവന്റെ ക്ഷേമം ഉറപ്പാക്കാൻ വിശ്വാസവും ശാസ്ത്രവും പരസ്പര പൂരകങ്ങളാക്കി പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്. വിശ്വാസ ജീവിതത്തിന് വിയോജിപ്പുള്ളത് ശാസ്ത്രത്തോടല്ല മറിച്ച് സയന്റിസത്തോടാണ് (Scientism) എന്നത് വേർതിരിച്ചറിയേണ്ടതാണ്. ശാസ്ത്രത്തിന്റെ രീതി ശാസ്ത്രം ഉപയോഗിച്ച് ലഭിക്കുന്ന അറിവ് മാത്രമേ സത്യമായിട്ടുള്ളു എന്ന് പഠിപ്പിക്കുന്ന ഒരു ശാസ്ത്രീയമല്ലാത്ത സങ്കുചിത തത്വശാസ്ത്രമാണല്ലോ സയന്റിസം. ജീവന്റെ ക്ഷേമം ഉറപ്പാക്കാൻ വിശ്വാസവും ശാസ്ത്രവും പരസ്പര പൂരകങ്ങളാക്കി പ്രയോജനപ്പെടുത്താം.